# അദ്ധ്യായം 15

# ക്രിസ്തീയ ഐക്യവും പൗലൊസിന്റെ ജാതികളുടെ ഇടയിലെ ശുശ്രൂഷയും

15-ാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗം (15:1-13) 14-ാം അദ്ധ്യായത്തിലെ അഭിപ്രായ വിഷയങ്ങളിൽ ഇതര ക്രിസ്ത്യാനികളെ കൈക്കൊള്ളുന്നതിനെ പ്പറ്റിയുള്ള ചർച്ച തുടരുന്നു. അദ്ധ്യായത്തിന്റെ രണ്ടാമത്തെ ഭാഗം (15:14-33) ലേഖനത്തിന്റെ സമാപനം തുടങ്ങുന്നു.

### ഐക്യതയോടെ മറ്റുള്ളവരെ കൈക്കൊള്ളുന്നത് (15:1-13)

ഈ ഭാഗത്ത് ദൈവത്തിന് മാനവും മഹത്വവും കൊടുക്കുന്നു. സഭയുടെ ഐക്യതയെ കുറിച്ചാണ്. യേശുവിന്റെ കാല്പാദത്തിൽ നടക്കുന്നതുകൊണ്ടു മാത്രമെ ഈ ഐക്യം കൈവരികയുള്ളൂ.

### അതേ മനസ്സുള്ളവരാകുക (15:1-6)

**[1]എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും
നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കയും വേണം. [2]നമ്മൾ ഓരോരുത്തൻ
കൂട്ടുകാരന്റെ നന്മക്കായിട്ട് ആത്മീക വർദ്ധനയ്ക്കുവേണ്ടി പ്രസാദിപ്പിക്ക
ണം. [3]നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു എന്നെഴുതിയി
രിക്കുന്നതുപോലെ ക്രിസ്തുവും തന്നിൽതന്നെ പ്രസാദിച്ചില്ല. [4]എന്നാൽ
മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട് നമുക്ക്
തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും
പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നെ എഴുതിയിരിക്കുന്നു. [5]എന്നാൽ നിങ്ങൾ
ഐകമത്യപ്പെട്ടു നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്തെ
ഏക മനസ്സോടെ ഒരു വായി\ാൽ മഹത്വീകരിക്കേണ്ടതിന് [6]സ്ഥിരതയും ആശ്വാ
സവും നൽകുന്ന ദൈവം നിങ്ങൾക്ക് ക്രിസ്തു യേശുവിന് അനുരൂപമായി
തമ്മിൽ ഏകചിന്തയോടിരിപ്പാൻ കൃപ നല്കുമാറാകട്ടെ.**

**വാക്യം 1.** ഈ അദ്ധ്യായം "ഇപ്പോൾ" എന്ന വാക്കിൽ തുടങ്ങുന്നു. പൗലൊസ് 14-ാം അദ്ധ്യായത്തിന്റെ തുടർച്ചയാണ് എഴുതുന്നതെന്നു കാണിക്കുവാൻ അഭിപ്രായവിഷയങ്ങളെക്കുറിച്ച് തന്നെ എഴുതുന്നു. **ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽ തന്നെ പ്രസാദിക്കാതിരിക്കുകയും വേണം.** "ശക്തർ" മാംസഭക്ഷണം തിന്നുന്നത് സ്വീകാര്യമാണെന്ന് മനസ്സിലാക്കിയവരാണ്. പൗലൊസ് തന്നെ അവരോട് ചേർത്തുകൊണ്ടാണ്

പറയുന്നത് ''ശക്തരായ നാം'' എന്ന്.

നേരത്തെ പറഞ്ഞതുപോലെ പൗലൊസ് ഭാരമുള്ള ചുമതല ''ശക്തരായ'' വരുടെ മേൽ വച്ചു. ഒരു പക്ഷേ അവൻ അങ്ങനെ ചെയ്തത് ''ശക്തന്മാർ'' ക്ക് അവരുടെ മനസ്സാക്ഷിക്ക് ഇടർച്ച വരുത്താതെതന്നെ മാറ്റം വരുത്തുവാൻ ''ബലഹീനരെ''ക്കാൾ വേഗത്തിൽ പ്രയാസക്കുറവിൽ സാധിക്കുമെന്നുളള തുകൊണ്ടായിരിക്കാം. ''ശക്തർ'' ''അശക്തരുടെ'' ''ബലഹീനത'' കളെ ചുമ ക്കണം എന്നുള്ളത് ഒരു കടമായിട്ടാണ്.[1] ὀφείλω (*opheilō*), NASB അതൊരു കടപ്പാടായിട്ടാണ് പറയുന്നത്. 1:14 ലും 8:12 ലും അതെ ഭാഗത്ത് KJVയിൽ കടക്കാരൻ എന്നും ആണ്. താൻ നടപ്പാക്കുന്ന ഈ പദ്ധതി ഐച്ഛീകമല്ല. ശക്തർക്ക് ദൈവത്തെ അനുസരിക്കണമെങ്കിൽ അങ്ങനെ ചെയ്തെങ്കിലേ സാധിക്കുകയുള്ളൂ.

ശക്തർ, ബലഹീനർക്ക് എന്തു കടമാണ് കൊടുക്കാനുള്ളത്? ഒന്നാമത് അവരുടെ ബലഹീനതകളെ ചുമക്കണം. ചുമക്കുക എന്നത് (βαστάζω, *bastazō*) എന്നല്ല. ചുമന്നു സഹായിക്കണം എന്നാണ്[2] (കാണുക. ഗലാ. 6:2). അത് ഒരു പിതാവ് മകന്റെ കൈപിടിച്ച് നടത്തുന്നതുപോലെയാണ്. പടികളിൽ വീഴാതെ ഒരു കൈയ്യിൽ പിടിച്ചു സഹായിക്കുന്നതുപോലെ. വേറെ ഒരു ഉദാഹരണം പറഞ്ഞാൽ വളർന്ന മക്കൾ പ്രായം കടന്ന മാതാപിതാക്കളുടെ കൈ പിടിച്ച് പള്ളിയിൽ വരാനും മറ്റും സഹായിക്കുന്നതുപോലെ. അതാണ് തന്നിൽ തന്നെ പ്രസാദിക്കാതെ അശക്തരുടെ ബലഹീനതയെ ചുമക്കുന്നത്.

തങ്ങൾ ''ശക്തരാ'' ണെന്ന് അഭിമാനിക്കുന്ന ചിലയാളുകൾക്ക് തങ്ങൾ ''ബലഹീന'' രെന്ന് കരുതുന്നവരോട് ദയവു കുറവായിരിക്കും. ''ബലഹീ നർ'' അവരെ പിന്നോട്ടു വലിക്കും അവരുടെ പോക്ക് പതിയെ ആകും എന്ന് ഭയപ്പെടുന്നു. യഥാർത്ഥത്തിൽ ശക്തരായവർക്ക് അറിയാം അവർ ശക്തരായി രിക്കുന്നത് ബലമില്ലാത്തവരെ താങ്ങുവാൻ ആണെന്ന്. അവർ ബലഹീനർക്ക് തക്ക സഹായമായിതീരുന്നു.

''ബലവാന്മാർ'' ''ബലഹീനർ'' ക്ക് ഒരു കടവും കൂടി നല്കണം. ശക്തർ അവരിൽ തന്നെ **പ്രസാദിക്കരുത്** എന്നും പറഞ്ഞിരിക്കുന്നു. മനുഷ്യന്റെ ഒരു ശക്തമായ ലക്ഷണം സ്വയത്തെ പ്രസാദിപ്പിക്കുക എന്നുള്ളതാണ്. ആഗ്രഹിക്കു ന്നതു ഭക്ഷിക്കുക, ഇഷ്ടമുള്ള സ്ഥലത്തു പോകുക, ഇഷ്ടമുള്ളതു ചെയ്യുക ഇവയാണ് പൗലൊസ് ശക്തർ എന്നു വിളിച്ചവരുടെ ഉദ്ദേശം. ലോകത്തിന്റെ മനസ്സുള്ളവരുടേതു പോലെ ആകുവാൻ പാടില്ല. അതായത് സ്വയം ഇഷ്ട മുള്ളതു ചെയ്യുക. ശക്തർ മറ്റുള്ളവരുടെ നന്മക്കായി സ്വന്ത സുഖ സന്തോ ഷങ്ങളെ ത്യജിക്കുവാൻ മനസ്സുവെക്കണം. ഒരു കുഞ്ഞു അർദ്ധരാത്രിയിൽ ഉണർന്നു കരയുന്നു. മാതാപിതാക്കൾ അതു കേട്ടിട്ട് കരച്ചിൽ അവഗണിച്ച് ഉറങ്ങുവാൻ പോകുമോ. അവർ നല്ല മാതാപിതാക്കളാണെങ്കിൽ അങ്ങനെ ചെയ്യുകയില്ല. അവർ സ്വന്ത സുഖം (നല്ല ഉറക്കം) ഉപേക്ഷിച്ച് കുഞ്ഞിന്റെ ആവശ്യം നടത്തുന്നു. അങ്ങനെയാണ് ശക്തർ അശക്തർക്കായി പ്രവർത്തി ക്കേണ്ടത്.

നാം ഒരിക്കലും ഒന്നും നമ്മുടെ ഇഷ്ടപ്രകാരം നമുക്കായി ചെയ്യരുതെന്ന് ആണോ? അല്ല. അതിനർത്ഥം മറ്റുള്ളവരുടെ ആവശ്യം അവഗണിച്ചിട്ട് നമ്മുടെ കാര്യം, സുഖം, ഇഷ്ടം നടത്താൻ നോക്കരുത്. ''എന്റെ സുഖം നോക്കുന്നത് മറ്റുള്ളവരെ എങ്ങനെ ബാധിക്കും?'' എന്നു നോക്കണം.

**വാക്യം 2.** പൗലൊസ് ഇങ്ങനെയാണ് പറയുന്നത്. നമ്മിൽ ഓരോരുത്തൻ

കൂട്ടുകാരനെ പ്രസാദിപ്പിക്കണം. ഈ ഭാഗത്ത് കൂട്ടുകാരൻ എന്നുള്ളത് ബല ഹീന സഹോദരന്റെ കാര്യമാണ്.[3] എന്തിനുവേണ്ടിയാണ്? **അവന്റെ "നന്മ ക്കായിട്ട്** (ἀγαθός, *agathos*) **ആത്മീയ വർദ്ധന** എന്നുള്ളത് **കെട്ടുപണി** ചെയ്യുക എന്നർത്ഥമാണ് (14:19): οἰκοδομή (*oikodomē*). നാമും നമ്മുടെ കൂട്ടുക്രിസ്ത്യാ നികളും നന്മയെക്കുറിച്ച് കരുതലുള്ളവരും സ്വാർത്ഥതയില്ലാത്തവരുമായിരിക്ക ണം. AB ആത്മീക വർദ്ധന വരുത്തുന്നതിനെക്കുറിച്ചിങ്ങനെയാണ് പറയുന്നത്. "അവനെ ആത്മീകമായി ബലപ്പെടുത്തുകയും കെട്ടുപണിചെയ്യുന്നതിനു വേണ്ടി" JB പറയുന്നത് ബലഹീന ക്രിസ്ത്യാനികൾ ശക്തരായി തീരേണ്ടതിന് നാം സഹായിക്കണം.[4]

മറ്റവനെ പ്രസാദിപ്പിക്കുന്നതും മനുഷ്യൻ പ്രസാദകനായിരിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്. പൗലൊസ് താനൊരു മനുഷ്യ പ്രസാദം അന്വേഷിക്കുന്നവനല്ലെന്ന് എല്ലാവരും അറിവാൻ ആഗ്രഹിച്ചു. ഗലാത്യയിലെ ക്രിസ്ത്യാനികൾക്ക് ഇങ്ങനെ എഴുതി. "ഞാൻ മനുഷ്യരെയോ ദൈവത്തേയോ പ്രസാദിപ്പിക്കുന്നത്? ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നു ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായി രിക്കയില്ല" (ഗലാ. 1:10). അതേ സമയം അവൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ പരിശ്രമിക്കുകയും *ചെയ്തു.* ഇങ്ങനെ എഴുതി. "ഞാനും എന്റെ ഗുണമല്ല, പലർ രക്ഷിക്കപ്പെടേണ്ടതിന് അവരുടെ ഗുണം തന്നേ അന്വേഷിച്ചുകൊണ്ട് എല്ലാവരെയും എല്ലാംകൊണ്ടും പ്രസാദിപ്പിക്കുന്നുവല്ലോ" (1 കൊരി. 10:33). രണ്ടും തമ്മിൽ എന്താണ് വ്യത്യാസം? മനുഷ്യപ്രസാദകന്റെ പ്രധാന ഉദ്ദേശം മറ്റുള്ളവരുടെ സമ്മതവും സന്തോഷവും മാത്രം നോക്കി ജീവിക്കുക എന്ന താണ്. പുകഴ്ത്തി പറഞ്ഞായാലും തെറ്റുകാർക്ക് സമ്മതം കൊടുത്തായാലും അതിനോട് ചേർന്നായാലും പ്രസാദിപ്പിക്കുക. അതിനു വിരുദ്ധമായി മനുഷ്യരെ പ്രസാദിപ്പിക്കുന്നത് നമ്മുടെ വ്യക്തിപരമായ മുൻഗണനയൊക്കെ മറ്റുള്ളവ രുടെ ആത്മീയ ആവശ്യങ്ങൾക്കു പുറകിലാക്കി നമ്മാലാവോളം സത്യത്തിന് കേടുപറ്റാതെ സൂക്ഷിക്കുന്നതുമാണ്.

**വാക്യം 3.** നാം എന്തിനായിട്ടാണ് നിസ്വാർത്ഥരാകുന്നത്? യേശു സ്വാർത്ഥ തയില്ലാത്തവനായിരുന്നതുകൊണ്ട് **ക്രിസ്തുവും തന്നിൽ തന്നെ പ്രസാദിച്ചില്ല.** ക്രിസ്തുവിന്റെ പ്രധാന ഉദ്ദേശം തന്റെ പിതാവിനെ പ്രസാദിപ്പിക്കണമെന്നു ള്ളതായിരുന്നു: "ഞാൻ എല്ലായ്പ്പോഴും അവനു പ്രസാദമുള്ളതു ചെയ്യുന്നു" (യോഹ. 8:29). അതിനോടു ചേർത്തു പറയേണ്ടുന്നത് തന്റെ വ്യക്തിപരമായ സുഖവും ആശ്വാസവും മനുഷ്യവർഗ്ഗത്തിന്റെ നന്മക്കും ആത്മീക വർദ്ധ നക്കുമായി ത്യജിപ്പാൻ മനസ്സു വച്ചു (ഫിലിപ്പിയർ. 2:6–8 കാണുക).

പൗലൊസ് എപ്പോഴും ചെയ്തുവന്നതുപോലെ തക്കതായ ഒരു പഴ യനിയമഭാഗം ചർച്ചയിലേക്ക് കൊണ്ടുവന്നു: **നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെ മേൽ വീണു.** ഉദ്ധരണി 69–ാം സങ്കീർത്തനം 9–ാം വാക്യമാണ്. ദാവീദ് തന്നോടു മോശമായി പെരുമാറിയവരെക്കുറിച്ച് എഴുതുന്നു. അവൻ ദൈവത്തോടു ചേർന്നു നടന്നതിനാൽ സഹിക്കേണ്ടിവന്ന നിന്ദയെക്കുറിച്ച്. ഈ സങ്കീർത്തനത്തിൽ ആത്മപ്രേരിതരായ പ്രസംഗകരും ഉപദേശകരും മശിഹായുടെ ഒരു നിഴൽ (ദാവീദു പുത്രൻ) (മത്താ. 1:1) കണ്ടു.[5] പൗലൊസ് ഈ ഭാഗം ഉപയോഗിച്ചത് മശിഹാ ലോകത്തിൽ ദൈവയിഷ്ടം ചെയ്യുവാൻ വരുമ്പോൾ മശിഹായോടും മോശമായി പെരുമാറുമെന്നു കാണിക്കുകയാണ്. MSG പറയുന്നു, യേശു ലോകത്തിൽ വന്നപ്പോൾ "ഉപദ്രവിയ്ക്കപ്പെട്ടവരുടെ

ഉപദ്രവം'' തന്റെ മേൽ ഏറ്റു. അതിൽ അടങ്ങിയിട്ടുള്ളത് നാം അതു തന്നെ ചെയ്യണമെന്നാണ്. ക്രിസ്തു നമ്മുടെ മാതൃകയും നമ്മുടെ ലക്ഷ്യവുമാണ്.[6]

**വാക്യം 4.** പൗലൊസ് നിന്ന് തന്റെ പഴയനിയമ ഉപയോഗത്തെ ന്യായീകരിക്കുന്നു. പൗലൊസ് ധാരാളമായി പഴയ നിയമത്തിൽ നിന്നും ഉദ്ധരിച്ചു കൊണ്ടിരുന്ന് ഉറയ്ക്കുന്നതിനും ഉറപ്പിക്കുന്നതിനും തന്റെ പാഠങ്ങളെ ചിത്രീകരിക്കുന്നതിനും 15:1-13, പൗലൊസ് 69-ാം സങ്കീർത്തനത്തിൽനിന്നുമാത്രമല്ല വേറെ നാലു ഭാഗങ്ങൾ കൂടെ ഉദ്ധരിച്ചു. 4-ാം വാക്യം അവൻ ചെയ്യുന്നതു ശരിയാണെന്നു സ്ഥാപിച്ചു: **മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട് നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന് തന്നെ എഴുതിയിരിക്കുന്നു.**

മുമ്പ് എന്തുതന്നെ എഴുതിയിരുന്നാലും നാം അതിനെ പഴയനിയമം എന്നു വിളിക്കുന്നു. 7:6-ൽ പൗലൊസ് പറഞ്ഞു ''നമ്മെ പിടിച്ചടക്കിയിരുന്ന ന്യായപ്രമാണത്തിൽ നിന്ന് നാം ഒഴിവുള്ളവരായിരിക്കുന്നു''. അതുകൊണ്ട് ക്രിസ്ത്യാനിക്ക് പഴയനിയമം ഒരു വിലയുമില്ലാത്തതാണെന്നല്ല, പൗലൊസിന്റെ അഭിപ്രായപ്രകാരം പഴയനിയമം നമുക്ക് പഠിക്കുവാനും പുതിയ നിയമത്തെ മനസ്സിലാക്കുവാനും അഭിനന്ദിക്കുവാനും നാം പഴയ നിയമം പരിചയപ്പെട്ടിരിക്കണം.

നാം പഴയനിയമത്തിൽ നിന്നു പഠിക്കുന്ന ഒരു പാഠം സഹിഷ്ണുതയുടെ വില എത്ര വലിയതാണ് എന്നത്രെ (ഋിറൗമിരല; ചകഢ) തിരുവെഴുത്തു പറയുന്നു, വിശ്വാസം വിട്ടുകളയാതെ നിനക്ക് ദൈവം എത്ര സഹായകനായിരുന്നു എന്ന് (ഖആ) വിശ്വസ്തരായിരുന്നവർക്ക് ദൈവത്തിന്റെ അനുഗ്രഹങ്ങൾ ലഭിച്ചതും ധൈര്യപ്പെടുന്നതും നാം വായിക്കുന്നു. തൽഫലമായി എന്തുതന്നെ സംഭവിച്ചാലും ''പ്രത്യാശ'' യോടും ധൈര്യത്തോടും കൂടെ ഭാവിയിലേക്കു നോക്കുവാൻ നമുക്കു കഴിയും.

**വാക്യം 5.** ഈ വാക്യത്തിലും അതിന്റെ അടുത്ത വാക്യത്തിലും പൗലൊസ് ഐക്യത്തിനുവേണ്ടി ഒരു എരിയുന്ന പ്രാർത്ഥന തൊടുത്തു വിടുന്നു. സ്ഥിരതയും ആശ്വാസവും നല്കുന്ന ദൈവത്തോട് ഒരു പ്രാർത്ഥന. **സ്ഥിരതയോടും പ്രോത്സാഹിയ്ക്കപ്പെട്ടും നില്ക്കുവാൻ** പല വിധത്തിൽ ദൈവം നമ്മെ സഹായിക്കുന്നുണ്ട്.[7] എന്നാൽ ഈ സന്ദർഭത്തിൽ പൗലൊസ് തിരുവെഴുത്തുകളിൽ കൂടി ലഭിക്കുന്ന സ്ഥിരതയ്ക്കും പ്രോത്സാഹനത്തിനും ആശ്വാസത്തിനും വേണ്ടിയാണ് പറയുന്നത്.

തന്റെ വായനക്കാരെ അനുഗ്രഹിച്ച ദൈവം **അവരെ ഏക മനസ്സുള്ളവരായി സൂക്ഷിക്കുമെന്നു** പറയുന്നു. NIVയിൽ ദൈവം നിങ്ങളിൽ ഐക്യതയുടെ ആത്മാവിനെ തരട്ടെ എന്നും RSVയിൽ ദൈവം നിങ്ങളെ ഐക്യതയോടെ ജീവിപ്പാൻ ഐക്യതയുടെ ആത്മാവിനെ തരട്ടെ എന്നും ആണ്.[8] നാമെല്ലാവരും ഹൃദയത്തിലും മനസ്സിലും ഒന്നായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ഒരു മനസ്സുള്ളവരായിരിക്കണമെന്ന് പറഞ്ഞതിൽ പൗലൊസ് എന്താണർത്ഥമാക്കിയത്? ഒരേ കാര്യം വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യണം എന്നാണ്. അത് അത്യാവശ്യമായ വിഷയമാണ് (എഫെസ്യർ 4:4-6 വരെ കാണുക). ഇപ്പോൾ അഭിപ്രായവിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയാണെന്നു ഓർക്കണം. ഈ ഭാഗത്ത് പൗലൊസ് ക്രിസ്ത്യാനികളെ ഏക മനസ്സോടെയിരിപ്പാൻ ആഹ്വാനം ചെയ്യുന്നു. അത്യാവശ്യമില്ലാത്ത കാര്യങ്ങൾക്കായി വിയോജിപ്പ് ഉണ്ടാകുന്നതിനേക്കാൾ ഏകമനസ്സുള്ളവരാകുവാൻ എത്ര വിഷ

യങ്ങളുണ്ട്. നാം പഠിയ്ക്കേണ്ട ഒരു പാഠം ഇവിടെയുണ്ട്. ഒരേ മനസ്സുള്ളവരായിരിപ്പാൻ എല്ലാ വിഷയങ്ങളിലും യോജിക്കണമെന്നില്ല. *എല്ലാ കാര്യങ്ങളിലും* യോജിക്കണമെങ്കിൽ ഐക്യം അസാദ്ധ്യമാണ്. (അഭിപ്രായ വ്യത്യാസം ഇല്ലാത്ത ഒരു കൂട്ടത്തെയും ഞാൻ ഇതുവരെ കണ്ടിട്ടില്ല.)

"തമ്മിൽ ഏകചിന്തയോടിരിപ്പാൻ *എങ്ങനെ* സാധിക്കും?" (KJV) യേശുവിന്റെ കാൽചുവടുകളിൽ നടക്കുന്നതുമൂലം സാധിക്കും. "**ക്രിസ്തുയേശുവിന് അനുരൂപമായി**" എന്നു കാണുന്നു (വാക്യം 5). ഈ വാക്യാംശത്തിന് വിവിധ അർത്ഥങ്ങളുണ്ടാകാം. യേശുക്രിസ്തുവിന്റെ പഠിപ്പിക്കലിന് അനുസരിച്ച്, അഥവാ യേശുക്രിസ്തുവിന്റെ ആഗ്രഹമനുസരിച്ച് (യോഹ. 17:20–23) എന്നിരുന്നാലും യേശു കാണിച്ച മാതൃകയനുസരിച്ച് എന്നും മനസിലാക്കാം. യേശുവിന്റെ മനസ്സുള്ളവരായിരിക്കുന്നതിന് നമുക്കെല്ലാവർക്കും യേശുവിന്റെ മാതൃക പ്രകാരം നടക്കുവാൻ ഇടയാകും. യേശു തന്നെത്താൻ പ്രസാദിപ്പിക്കാതെ മറ്റുള്ളവരുടെ സന്തോഷത്തിനായി ജീവിച്ചതുപോലെ.

**വാക്യം 6.** *എന്തുകൊണ്ടാണ്* ഒരേ മനസ്സ് ഉണ്ടാകേണ്ടതിന്റെ പ്രാധാന്യം എന്ത്? **നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏക മനസ്സോടെ ഒരേ വായിനാൽ മഹത്വീകരിക്കേണതിന്.** NEBയിൽ ഒരേ മനസ്സിലും ഒരേ ശബ്ദത്തിലും നിങ്ങൾ ദൈവവും യേശുക്രിസ്തുവിന്റെ പിതാവുമായവനെ സ്തുതിക്കേണ്ടതിന് എന്നാണ്. നാം ആരാധിക്കേണ്ടും വണ്ണം ആരാധിക്കുന്നതിനും ഒരേ മനസ്സിനാൽ ആരാധിക്കുന്നതാവശ്യമാണ്. ആരാധനക്കാരുടെ മനസ്സിൽ എതിർപ്പും ശത്രുത്വവുമുണ്ടെങ്കിൽ ആരാധനയെ നശിപ്പിക്കുവാൻ മറ്റൊന്നും ആവശ്യമില്ല.

### ദൈവത്തിന്റെ മഹത്വത്തിനായി ഐക്യം (15:7-13)

**7അതുകൊണ് ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ. 8പിതാക്കന്മാർക്കു ലഭിച്ച വാഗ്ദത്തത്തെ ഉറപ്പിക്കേണതിന് ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനക്ക് ശുശ്രൂഷക്കാരനായിത്തീർന്നുവെന്നും 9ജാതികൾ ദൈവത്തെ അവന്റെ കരുണ നിമിത്തം മഹത്വീകരിക്കേണം എന്നും ഞാൻ പറയുന്നു,**

**"അതുകൊണ് ഞാൻ ജാതികളുടെ ഇടയിൽ നിന്നെ**
**വാഴ്ത്തി നിന്റെ നാമത്തിന് സ്തുതി പാടും" എന്ന്**
**എഴുതിയിരിക്കുന്നുവല്ലോ.**
**10മറ്റൊരിടത്ത് ജാതികളേ അവന്റെ ജനത്തോട് ഒന്നിച്ച്**
**ആനന്ദിപ്പിൻ എന്നും പറയുന്നു.**
**11സകല ജാതികളുമായുള്ളോരേ**
**കർത്താവിനെ സ്തുതിപ്പീൻ.**
**സകല വംശങ്ങളും അവനെ സ്തുതിക്കട്ടെ എന്നും പറയുന്നു.**
**12യിശ്ശായിയുടെ വേരും,**
**ജാതികളെ ഭരിപ്പാൻ എഴുന്നേൽക്കുന്നവനുമായവൻ ഉണാകും.**
**അവനിൽ ജാതികൾ പ്രത്യാശവെക്കും എന്ന് യെശയ്യാവു പറയുന്നു.**

**13എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല**

**സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറെക്കുമാറാകട്ടെ.**

**വാക്യം 7.** ഈ ചർച്ചയുടെ ആദ്യഭാഗത്ത് ശക്തരായവരോട് വിശ്വാസത്തിൽ ബലഹീനരായവരെ കൈക്കൊള്ളണം എന്ന് പറഞ്ഞിരുന്നു (14:1). ഇവിടെ എല്ലാ ക്രിസ്ത്യാനികളോടും **അന്യോന്യം കൈക്കൊള്ളണം** എന്ന് ഉൽബോധിപ്പിക്കുന്നു.[9] നേരത്തേ പറഞ്ഞതുപോലെ കൈക്കൊള്ളുക എന്നാൽ പൂർണ്ണ ഹൃദയത്തോടെയുള്ള ഒരു കൈക്കൊള്ളലാണ്. ലൂക്കൊസ് 15-ാം അദ്ധ്യായത്തിൽ പിതാവ് പുത്രനു കൊടുത്തതുപോലെയുള്ള സ്വീകരണം (മുടിയനായ പുത്രൻ വരുന്ന വഴിയിൽ പിതാവിനു മുൻപായി മൂത്ത സഹോദരനെ കണ്ടിരുന്നെങ്കിലോ? ഒരു പക്ഷേ അവൻ തിരിച്ചു പന്നിക്കൂട്ടത്തിനടുത്തേക്ക് പോയിരുന്നേനേ. നിങ്ങൾ മൂത്തപുത്രൻ കൊടുത്തതുപോലെയുള്ള സ്വാഗതം സഹോദര ക്രിസ്ത്യാനിക്ക് കൊടുത്ത കുറ്റം ചെയ്തിട്ടുണ്ടോ?).

മറ്റുള്ളവരെ കൈക്കൊള്ളുവാൻ പഠിക്കുന്നത് യേശുവിന്റെ കാൽചുവടുകളിൽ നടക്കുന്നതിന്റെ ഒരു പ്രധാന പടിയാണ്. **ക്രിസ്തു നമ്മെ സ്വീകരിച്ചതുപോലെ** നാം അന്യോന്യം കൈക്കൊള്ളണം എന്നാണ്.[10] നമ്മുടെ സകല കുറ്റങ്ങളും വീഴ്ചകളും ദോഷങ്ങളോടും കൂടെയാണ് ക്രിസ്തു നമ്മെ കൈക്കൊണ്ടത് (15:9 കാണുക). **ദൈവത്തിന്റെ മഹത്വത്തിനായിട്ടാണ്.** അതിലടങ്ങിയിട്ടുള്ള ഒരു നിഗമനം നാം മറ്റുള്ളവരെ കൈക്കൊള്ളാതെയിരുന്നാൽ ദൈവം *മഹത്വപ്പെടുകയില്ല* എന്നതാണ്.

**വാക്യം 8.** ''ക്രിസ്തു നമ്മെ കൈക്കൊണ്ടു'' എന്നു പറയുമ്പോൾ അത് യഹൂദന്മാരെയും ജാതികളെയും എന്ന അർത്ഥത്തിലാണ്. തുടർന്നുള്ള ചർച്ചയിൽ ശക്തന്മാരെയും ബലവാന്മാരെയും ഒന്നും സ്പർശിക്കുന്നില്ല. അതിനു പകരം യഹൂദനെയും ജാതിയെയും സ്പർശിക്കുന്നു. പ്രത്യേക വിഷയത്തിൽ ആര് ''ശക്തനും'' ആര് ''ബലഹീനനും'' ആയിരുന്നാലും ശരി പൗലൊസ് ആഗ്രഹിക്കുന്നത് എല്ലാവരും അന്യോന്യം സ്വീകരിക്കണം എന്നാണ്. 8 മുതൽ 11 വരെയുള്ള വാക്യങ്ങളിൽ അവർ അങ്ങനെ ചെയ്യണമെന്നുള്ളത് ദൈവഹിതമാണെന്ന് സ്ഥാപിച്ചു.

പൗലൊസ് ആദ്യം യഹൂദന്മാരുടെ സ്വീകരണം ഉറപ്പിച്ചു. **ക്രിസ്തു പരിച്ഛേദനയ്ക്ക് ശുശ്രൂഷക്കാരനായിത്തീർന്നു.** മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല ശുശ്രൂഷിപ്പാനാണ് വന്നത് (മത്താ. 20:28). തന്റെ ഇഹലോക ശുശ്രൂഷ യഹൂദന്മാരിൽ കേന്ദ്രീകരിച്ചായിരുന്നു (മത്താ. 10:5, 6). ഈ ശുശ്രൂഷ ദൈവത്തിന്റെ സത്യം നിമിത്തം ആയിരുന്നു. അതായത് ദൈവത്തിന്റെ വാഗ്ദത്തങ്ങൾ സത്യമാണെന്ന് കാണിക്കേണ്ടതിന്[11] **ദൈവം പിതാക്കൻമാർക്കു** (അബ്രാഹാം, യിസ്ഹാക്ക്, യാക്കോബ്) **കൊടുത്ത വാഗ്ദത്തങ്ങൾ ഉറപ്പിക്കേണതിനായി** അവയെ നിവർത്തിക്കേണ്ടതിനുമാണ് യേശു വന്നത്.

**വാക്യം 9.** ജാതികളെ സ്വീകരിക്കുന്നതിനെക്കുറിച്ചാണ് അടുത്തതായി പറയുന്നത്. യേശുവിന്റെ വരവിന്റെ വേറൊരു ഉദ്ദേശം **ജാതികൾ ദൈവത്തെ അവന്റെ കരുണ നിമിത്തം സ്തുതിക്കേണതിനാണ്.** യഹൂദന്മാർക്കു കൊടുത്തിരുന്നതുപോലെ ജാതികൾക്ക് എഴുതപ്പെട്ട വാഗ്ദത്തം കൊടുത്തിരുന്നില്ല. എന്നാൽ ദൈവം അവരെ തന്റെ ക്രമീകരണത്തിൽ ഉൾപ്പെടുത്തിയിരുന്നു. ദൈവത്തെ അവന്റെ കരുണ നിമിത്തം സ്തുതിക്കുവാൻ ധാരാളം കാരണം അവർക്കുണ്ട്.

ജാതികളും യഹൂദന്മാരും ഒരേ ശബ്ദമുയർത്തി ഒരുമിച്ച് ''ദൈവത്തെ

സ്തുതിക്കു'' മെന്നത് എന്നും ദൈവത്തിന്റെ ഉദ്ദേശമായിരുന്നു എന്ന് നാലു പഴയനിയമ ഉദ്ധരണികൾ[12] മൂലം പൗലൊസ് കാണിക്കുന്നു. സങ്കീർത്തനം 18 ന്റെ 49-ൽ തുടങ്ങുന്നു.[13] അത് ജാതികളുടെ മദ്ധ്യത്തിൽ യിസ്രായേൽ ദൈവത്തെ സ്തുതിക്കുന്നതാണ്: ''**അതുകൊണ് യഹോവേ ഞാൻ ജാതികളുടെ മദ്ധ്യേ നിനക്കു സ്തോത്രം ചെയ്യും. നിന്റെ നാമത്തെ ഞാൻ കീർത്തിക്കും.**''[14]

**വാക്യം 10.** പിന്നീട് ആവർത്തനം 32:43 ഉദ്ധരിക്കുന്നു. അവിടെ മോശെ, ''**ജാതികളെ അവന്റെ ജനത്തോടുകൂടെ ഉല്ലസിപ്പിൻ**'' എന്നു പറഞ്ഞ് ജാതികൾ യിസ്രായേൽ ജനത്തോട് ചേർന്ന് സന്തോഷിക്കുന്നതായി കാണിക്കുന്നു.

**വാക്യം 11.** സങ്കീ. 117:1 ആണ് അടുത്ത ഭാഗം. എല്ലാ ജനങ്ങളും യിസ്രായേലും ജാതികളുടെ ജനങ്ങളും ദൈവത്തെ സ്തുതിക്കട്ടെ എന്നു പറയാം, ''**സകല ജാതികളുമായുള്ളോരെ യഹോവയെ സ്തുതിപ്പിൻ. സകല വംശങ്ങളുമായുള്ളോരെ അവനെ പുകഴ്ത്തുവിൻ.**''[15]

**വാക്യം 12.** അവസാനത്തെ ഉദ്ധരണി യെശയ്യ 11:10 ആണ്. അത് ജാതികളെ ഭരിക്കുവാനുള്ള ഒരു യിസ്രായേല്യനെക്കുറിച്ചു പറയുന്നു. ''**അന്നാളിൽ വംശങ്ങൾക്കു കൊടിയായി നിൽക്കുന്ന യിശ്ശായി വേരായവനെ ജാതികൾ അന്വേഷിച്ചുവരും.**'' വീണ്ടും യെശയ്യാ പറയുന്നു. ''യിശ്ശായിയുടെ വേരും ജാതികളെ ഭരിക്കുന്നവനുമായവൻ ഉണ്ടാകും അവനിൽ ജാതികൾ പ്രത്യാശ വെക്കും.''[16] യെശയ്യാവും പൗലോസും ''യിശ്ശായിയുടെ വേര്'' നെക്കുറിച്ചു പറയുന്നു. അതായത് യിശ്ശായിയിൽ നിന്നും മുളയ്ക്കുന്നവൻ അതായത് യിശ്ശായി ആരംഭമായിരിക്കുന്ന ഒരുവൻ. ദാവീദു രാജാവിന്റെ അപ്പനായിരുന്നു യിശ്ശായി (1 ശമു. 16:5-13 മത്താ. 1:6). യേശുവിന്റെ യിസ്രയേല്യ മുൻതലമുറക്കാരൻ (മത്തായി. 1:1; 21:9) യേശു വിശ്വസിച്ച ജാതികളുടെ കർത്താവാണ്. അതുപോലെ വിശ്വസിച്ച യഹൂദന്മാരുടെയും.

ക്രിസ്തുവിലാണ് നാം പ്രത്യാശ വെച്ചിരിക്കുന്നത്. പൗലൊസ് തിരുവെഴുത്തുകളെ എല്ലാ വാദങ്ങളുടേയും അന്ത്യമായി കരുതിയിരുന്നു.[17] യഹൂദന്മാർ അവരുടെ തിരുവെഴുത്തുകളെ മൂന്നു ഭാഗങ്ങളായി തിരിച്ചിരുന്നു. ന്യായപ്രമാണം, പ്രവാചകന്മാർ, എഴുത്തുകൾ എന്നിവ. പൗലൊസിന്റെ ഒരു ഉദ്ധരണി ന്യായപ്രമാണത്തിൽ നിന്നായിരുന്നു (ആവർത്തനം 32). ഒന്നു പ്രവാചകൻമാരിൽ നിന്ന് (യെശ. 11) രണ്ടെണ്ണം എഴുത്തുകളിൽ നിന്ന് (സങ്കീ. 18; 117). ഈ മൂന്നു സ്ഥാനങ്ങളിൽനിന്നും തെളിവുകൾ കൊണ്ടുവന്നപ്പോൾ പൗലൊസ് ഉറപ്പിച്ചു പറഞ്ഞത് എല്ലാ തിരുവെഴുത്തും യഹൂദന്മാരെയും ജാതികളെയും ദൈവം സ്വീകരിക്കുന്നു എന്ന ഉറപ്പാണ്. അതിനാൽ ക്രിസ്തീയ യഹൂദന്മാർ ക്രിസ്തീയ ജാതികളെ സ്വീകരിക്കണം. ക്രിസ്തീയ ജാതികൾ ക്രിസ്തീയ യഹൂദന്മാരെയും സ്വീകരിക്കണം.

ഈ ചർച്ച ഒരു പ്രാർത്ഥനയോടും ആശംസയോടും അവസാനിപ്പിച്ചിരിക്കുന്നു. യെശയ്യാവിൽ നിന്നുള്ള ഉദ്ധരണി ഇങ്ങനെ ''ജാതികൾ അവനിൽ പ്രത്യാശവെക്കും'' എന്ന് യെശയ്യാവും പറയുന്നു.

**വാക്യം 13. എന്നാൽ പ്രത്യാശ നല്കുന്ന ദൈവം പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി വിശ്വസിക്കുന്നതിലുള്ള സകല സന്തോഷവും സമാധാനവും കൊണ് നിങ്ങളെ നിറയ്ക്കുമാറാകട്ടെ.** 14:17-ൽ പൗലൊസ് അവരോട് അവരുടെ മുൻഗണന ശരിയാക്കണമെന്ന് പറഞ്ഞിരുന്നു. ''ദൈവരാജ്യം ഭക്ഷണവും പാനിയവുമല്ല; പിന്നെയോ നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ.''

(*ഉാവമശെ മററലറ*) 14:17 ലെ താക്കോൽ വാക്കുകൾ പലതും 15:13 ലും മുഴ ങ്ങുന്നുണ്ട്. വിശ്വസിക്കുന്നതിനുള്ള *സന്തോഷവും സമാധാനവും* കൊണ്ട് നിങ്ങളെ നിറക്കുമാറാകട്ടെ. അതുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിങ്ങൾ എന്നും പ്രത്യാശയിൽ സമൃദ്ധിയുള്ളവരായി (ഉാവമശെ മററലറ). പൗലൊസ്, തന്റെ വായനക്കാർ എല്ലാ അഭിപ്രായ വ്യത്യാസങ്ങളും തീർക്ക ണമെന്നു പ്രാർത്ഥിച്ചില്ല. പിന്നെയോ അവർ അതിലും പ്രധാനപ്പെട്ട രീതിക ളിൽ അനുഗ്രഹിയ്ക്കപ്പെടേണം എന്നു പ്രാർത്ഥിച്ചു. സന്തോഷം, സമാധാനം, പ്രത്യാശ ഇവ ഉള്ളവരായി തീരണമെന്ന്.

അതിനപ്പുറമായി അവർ പ്രത്യാശയിൽ വർദ്ധിച്ചുവരണമെന്ന് പൗലൊസ് പ്രാർത്ഥിച്ചു. "Abound" എന്ന് തർജ്ജമ ചെയ്തിരിക്കുന്ന περισσεύω (*perisseuō*) എന്ന പദത്തിൽ നിന്നാണ്. (വർദ്ധിച്ചുവരിക) സമൃദ്ധിയുണ്ടാകും അങ്ങേയറ്റം ധനികരാകുക എന്നൊക്കെയാണ് അതിന്റെ അർത്ഥം. അഥവാ "കവിഞ്ഞൊ ഴുകുക."[18] AB യിൽ "നിങ്ങൾ പ്രത്യാശയിൽ വർദ്ധിച്ച് കവിഞ്ഞൊഴുകുന്ന രീതിയിൽ ആകട്ടെ."

വീണ്ടും പൗലൊസ് ദൈവീകവും മാനുഷികവുമായ ഭാഗങ്ങളെ ശക്തി പ്പെടുത്തി പറയുന്നു. താൻ ചൂണ്ടിക്കാണിക്കുന്നത് *വിശ്വാസം* മൂലം സ്വായ ത്തമാക്കപ്പെടുന്ന *ദൈവശക്തിയാൽ* തന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം ലഭി യ്ക്കുമെന്നാണ്. അവൻ ആദ്യം തന്നെ വിശ്വാസത്തെക്കുറിച്ചു പറഞ്ഞു. *വിശ്വസിക്കുന്നതിലുള്ള* സകല സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറയ്ക്കുമാറാകട്ടെ. TEVയിൽ അവനിലുള്ള വിശ്വാസത്തിൽ ഉളവാകുന്ന സന്തോഷവും സമാധാനവും കൊണ്ട് നിങ്ങളെ നിറക്കുമാറാകട്ടെ. R. C. ബെൽ ഇങ്ങനെ സംഗ്രഹിച്ചു. എല്ലാം വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടിരി ക്കുന്നു. "ക്രിസ്ത്യാനിത്വത്തിന്റെ മാനുഷിക വശം ഉറച്ചിരിക്കുന്നത് ആഴത്തി ലുള്ളതും കടുപ്പമേറിയതുമായ കരിങ്കൽ പാറയായ വിശ്വാസത്തിന്മേലാണ്. വിശ്വസിക്കുന്നവന് എല്ലാം സാധിക്കും (മർക്കൊ. 9:23; ഗഖഢ), എന്നാൽ ഒരാൾ വിശ്വസിക്കുന്നതുവരെ ഒന്നും സാധിക്കുകയില്ല."[19]

ദൈവത്തിൽ പ്രത്യേകം പ്രാധാന്യം കൊടുത്തുകൊണ്ട് പൗലൊസ് അവസാനിപ്പിക്കുന്നു. പരിശുദ്ധാത്മാവിന്റെ ശക്തിയാൽ – ക്രിസ്ത്യാനിയിൽ വസിക്കുന്നവനും അവരെ ശക്തീകരിക്കുന്നവനുമായ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ (8:9, 26) നമുക്ക് സന്തോഷവും സമാധാനവും നാളേക്ക് പ്രത്യാ ശയും ഉണ്ടാകട്ടെ.

### ജാതികൾക്കുവേണ്ടിയുള്ള പൗലൊസിന്റെ ശുശ്രൂഷ (15:14-33)

15:1-13 വരെയുള്ള ഭാഗത്തിന്റെ പഠനം കൊണ്ട് പൗലൊസിന്റെ റോമർക്കെ ഴുതിയ ലേഖനത്തിന്റെ പ്രധാന ഭാഗം പൂർത്തിയായി. ലേഖനത്തിന്റെ ബാക്കി ഭാഗം 15:14-16:27 വരെ സമാപനം എന്ന് പേരു പറയാം. ഈ അവസാനിപ്പി ക്കുന്ന ഭാഗം നമുക്കു പ്രയോജനമില്ല എന്നു വിചാരിച്ച് തള്ളിക്കളയുവാൻ പാടില്ല. കാരണം ആത്മപ്രേരിതമായിട്ട് എഴുതിയ വചനങ്ങളിൽ നമുക്ക് പഠിയ്ക്കുവാനുള്ളത് ധാരാളം കാണും. തന്റെ എല്ലാ ലേഖനങ്ങളിലും വച്ച് ഏറ്റവും നീണ്ട സമാപനമാണ് ഈ ലേഖനത്തിലുള്ളത്.

റോമർ 15:14-33-ൽ സമാപനത്തിന്റെ ഒന്നാം ഭാഗം കാണപ്പെടുന്നു. ഈ ഭാഗത്ത് പൗലൊസ് ജാതികളുടെ ഇടയിലുള്ള തന്റെ ശുശ്രൂഷയെക്കുറിച്ച് പറയുന്നു. താൻ കഴിഞ്ഞ കാലത്തു ചെയ്തതും ഇനി ചെയ്യുവാൻ പ്രതിക്ഷി

ക്കുന്നതുമായ ശുശ്രൂഷകളെക്കുറിച്ച്.

**പൗലൊസിന് നേരത്തെ ഉണ്ടായ വിജയങ്ങൾ**
**യെരുശലേം മുതൽ ഇല്ലൂര്യ വരെ (15:14-21)**

**[14]സഹോദരന്മാരെ നിങ്ങൾ തന്നെ ദയാപൂർണ്ണരും സകലജ്ഞാനം നിറഞ്ഞവരും അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു എന്ന് ഞാൻ നിങ്ങളെക്കുറിച്ച് ഉറെച്ചിരിക്കുന്നു. [15]എങ്കിലും ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് പ്രസാദകരമായി ത്തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതന ായി അനുഷ്ഠിച്ചു കൊണ്ട് [16]ജാതികളിൽ ക്രിസ്തുയേശുവിന്റെ ശുശ്രൂഷക നായിരിക്കേണ്ടതിന് ദൈവം എനിയ്ക്കു \ൽകിയ കൃപ നിമിത്തം നിങ്ങളെ ഓർമ്മപ്പെടുത്തും വണ്ണം ഞാൻ ചിലേടത്ത് അതി ധൈര്യമായി നിങ്ങൾക്ക് എഴുതിയിരിക്കുന്നു. [17]ക്രിസ്തു യേശുവിൽ എനിക്ക് ദൈവസംബന്ധമായി പ്രശംസ ഉണ്ട്. [18]ക്രിസ്തു ഞാൻ മുഖാന്തിരം ജാതികളുടെ അനുസരണത്തി നായിട്ട് വചനത്താലും [19]പ്രവൃത്തിയാലും അടയാളങ്ങളുടെയും അത്ഭുതങ്ങ ളുടെയും ശക്തികൊണ്ടും പ്രവർത്തിച്ചതല്ലാതെ മറ്റൊന്നും മിണ്ടുവാൻ ഞാൻ തുനിയുകയില്ല. അങ്ങനെ ഞാൻ യെരുശലേം മുതൽ ഇല്ലൂര്യ ദേശത്തോളം ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കു ന്നു. [20]ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണ്ടതിന് ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല, അവനെക്കുറിച്ച് അറിവു കിട്ടീട്ടില്ലാത്തവർ കാണും, കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും" എന്ന്.**
**[21]എഴുതിയിരിക്കുന്നതുപോലെ അത്രേ**
**സുവിശേഷം അറിയിപ്പാൻ**
**അഭിമാനിക്കുന്നത്.**

**വാക്യം 14.** 1:8-ൽ പൗലൊസ് റോമയിലെ സഭയെക്കുറിച്ച് പുകഴ്ത്തി പറഞ്ഞു. "നിങ്ങളുടെ വിശ്വാസം സർവലോകത്തിലും പ്രസിദ്ധമായിരിക്കുന്ന തിനാൽ ഞാൻ ആദ്യം തന്നെ എന്റെ ദൈവത്തിന് യേശുക്രിസ്തു മുഖാന്തരം സ്തോത്രം ചെയ്യുന്നു." ഈ പ്രസ്താവനയ്ക്കു ശേഷം പല അദ്ധ്യായങ്ങൾ പ്രബോധനങ്ങളും പഠിപ്പിക്കലുകളും പൗലൊസ് അവർക്ക് നല്കുന്നതായി നാം കണ്ടു. അവർ (ആദ്യ ക്രിസ്ത്യാനികളായിരുന്നുവല്ലോ തുടക്കക്കാർ) അവരുടെ വിശ്വാസം കുറവുള്ളതാണെന്ന് പൗലൊസ് ചിന്തിച്ചിരിക്കുമെന്ന്, അവർ വിചാരിക്കുമെന്ന് പൗലൊസിന് ബോദ്ധ്യമുണ്ടായിരുന്നു. ലേഖനം അവസാനിപ്പിക്കുന്നതിനു തൊട്ടു മുൻപായി തനിക്ക് അവരുടെ വിശ്വാസത്തെ ക്കുറിച്ച് ഉയർന്ന അഭിപ്രായമാണെന്ന് ഒരു പ്രാവശ്യംകൂടെ അവരെ ഓർമ്മി പ്പിക്കുവാൻ ശ്രമിക്കുന്നു, **നിങ്ങൾ തന്നെ ദയാപൂർണ്ണരും സകല ജ്ഞാനവും തികഞ്ഞവരും, അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു എന്ന് ഞാൻ നിങ്ങളെക്കുറിച്ച് ഉറെച്ചിരിക്കുന്നു.** ഈ വാക്കുകൾ നമ്മുടെ ജീവിത ത്തിന്റെ ഒരു സംഗ്രഹമായി പറഞ്ഞുകേട്ടാൽ നമ്മിൽ മിക്ക ആളുകൾക്കും അത് വലിയ സന്തോഷമായിരിക്കും.

നിങ്ങൾ "ദയാപൂർണ്ണരാണെന്നുള്ളതിന്" അവർ പാപരഹിതരാണെന്ന അർത്ഥമില്ല (3:23 കാണുക). അവർ സാധാരണ നല്ലയാളുകളാണ് എന്നർത്ഥം.

സകല ജ്ഞാനവും നിറഞ്ഞവർ എന്നതിന് സർവ്വജ്ഞാനികൾ എന്നല്ല. സുവിശേഷത്തിന്റെ അത്യാവശ്യകാര്യങ്ങളെല്ലാം മനസ്സിലാക്കിയിട്ടുള്ളവർ എന്ന് അർത്ഥമാക്കാം. അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തർ എന്നാൽ ദൈവം അവരെ അറിയിച്ച സത്യങ്ങൾ മറ്റുള്ളവരോട് പങ്കുവെയ്ക്കുന്ന സ്വഭാവം അവർക്കുണ്ടായിരുന്നു എന്നും മനസ്സിലാക്കാം.

റോമിലെ ക്രിസ്ത്യാനികളെക്കുറിച്ച് പൗലൊസ് ഇത്രയും കാര്യങ്ങൾ എങ്ങനെയാണറിഞ്ഞത്? ഈ സഭയുടെ പ്രശസ്തി പൗലൊസ് കേട്ടറഞ്ഞിരുന്നു (1:8; 16:19). അവരിൽ പലരെയും വ്യക്തിപരമായി പൗലൊസിന് അറിയാമായിരുന്നു (16:3-15). ഇതിനെല്ലാം പുറമേ പൗലൊസിന് പരിശുദ്ധാത്മാവിനാലുള്ള ഒരു ഉൾക്കാഴ്ച ഉണ്ടായിരുന്നു.

**വാകൃങ്ങൾ 15, 16. ചില വിഷയങ്ങളെക്കുറിച്ച് അതിധൈര്യമായി നിങ്ങൾക്കെഴുതിയിരിക്കുന്നു.** പൗലൊസിന്റെ എഴുത്തിന്റെ രീതി എത്ര വിശേഷപ്പെട്ടതായിരിക്കുന്നു. റോമിലെ ക്രിസ്ത്യാനികൾ സകല ജ്ഞാനവും നിറഞ്ഞവരും അന്യോന്യം പ്രബോധിപ്പാൻ കഴിവുള്ളവരും ആയിരുന്നെങ്കിൽ പിന്നെ എന്തുകൊണ്ടാണ് പൗലൊസ് അവർക്ക് അത്ര ധൈര്യമായി എഴുതിയത്? അദ്ദേഹം രണ്ടു കാരണങ്ങൾ പറയുന്നു. ഒന്ന് അവരെ വീണ്ടും ഓർമ്മിപ്പിക്കുന്നതിന് പൗലൊസ് പഠിപ്പിക്കയും പ്രസംഗിക്കുകയും ചെയ്യുന്നതുപോലെ വ്യക്തമായി ആരും സുവിശേഷം പറയുന്നത് അവർ കേട്ടിട്ടില്ല.[20] പക്ഷേ അടിസ്ഥാനപരമായ സത്യങ്ങൾ അവർ അറിഞ്ഞിരുന്നു (15:18).

നാമെല്ലാവരും ദൈവത്തിന്റെ കൃപ ആവശ്യമുള്ള പാപികളാണ്. ക്രിസ്തുവിന്റെ മരണം നമുക്കു രക്ഷ സാദ്ധ്യമാക്കിത്തീർത്തു. രക്ഷിയ്ക്കപ്പെട്ടശേഷം വ്യത്യാസപ്പെട്ട ജീവിതം നയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമുക്കു വേണ്ടി സ്വർഗ്ഗത്തിൽ വളരെ നല്ല കാര്യങ്ങൾ കരുതിയിട്ടുണ്ട്. ഈ സത്യങ്ങൾ പൗലൊസ് അവരെ **ഓർമ്മിപ്പിച്ചപ്പോൾ** അവൻ അവരെ പുതിയ കാഴ്ചപ്പാടിന്റെ ആഴങ്ങളിലേക്ക് കൊണ്ടുപോകുകയായിരുന്നു:

ദൈവത്തിന്റെ കൃപ ആവശ്യമുള്ള പാപികളാണ് നാമെല്ലാവരും.
ക്രിസ്തുവിന്റെ മരണം രക്ഷ നമുക്ക് സാദ്ധ്യമാക്കി.
നാം രക്ഷിക്കപ്പെട്ടതിന് ശേഷം, നാം വ്യത്യസ്തമായൊരു തരത്തിലുള്ള ജീവിതം നയിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.
നമുക്കായി ദൈവം സ്വർഗത്തിൽ ഒട്ടേറെ അത്ഭുതകരമായ കാര്യങ്ങൾ വെച്ചിരിക്കുന്നു.

പൗലൊസ് ഈ സത്യങ്ങളെക്കുറിച്ച് അവരെ "ഓർമ്മ" പ്പെടുത്തിയപ്പോൾ, ആഴത്തിൽ ധാരണ നൽകുന്നതിനായി അവരെ നയിച്ചു.

നമ്മെ എല്ലാം ഇടയ്ക്ക് വേദപുസ്തകത്തിലെ പ്രധാന സത്യങ്ങൾ ഓർമിപ്പിക്കുന്നത് ആവശ്യമാണ്. ഓർമിപ്പിക്കുക എന്നത് പുതിയ നിയമത്തിന്റെ പഠിപ്പിക്കലിന്റെയും പ്രസംഗത്തിന്റെയും ഒരു പ്രധാന ഭാഗമായിരുന്നു (2 പത്രൊ. 1:12-15; 3:1). സുവിശേഷ പ്രസംഗകർ ഒരിക്കലും കേന്ദ്രസത്യങ്ങൾ[21] തങ്ങളുടെ കേൾവിക്കാരെ ഓർമ്മിപ്പിക്കുന്നതിനെക്കുറിച്ച് ക്ഷമ ചോദിക്കരുത്. ഞങ്ങൾ ഇതു കേട്ടിട്ടുണ്ടല്ലോ. *പുതിയതു* വല്ലതും പറയുക എന്ന് ഒരിക്കലും പറയുകയും അരുത് (പ്രവൃ. 17:21; 2 തിമൊ. 4:3).

അത്ര ധൈര്യമായി പൗലൊസ് അവർക്കെഴുതിയ തിന്റെ രണ്ടാമത്തെ കാ

രണം, എന്തെന്നാൽ ജാതികളുടെ അപ്പൊസ്തലനായി താൻ ഭരമേൽപ്പിയ്ക്കപ്പെട്ടിരുന്നു, പൗലൊസ് **തനിയ്ക്കു ലഭിച്ച ദൈവകൃപ നിമിത്തം ജാതികൾക്കു വേണി ശുശ്രൂഷ ചെയ്യുവാൻ പ്രത്യേകമായി ഭരമേൽപ്പിയ്ക്കപ്പെട്ടിരുന്നു** (കാണുക 1:5; 11:13). റോമാപട്ടണം ജാതികളുടെ ലോകത്തിന്റെ ഹൃദയം ആയിരുന്നു. അതുകൊണ്ടു ആ പട്ടണത്തെ സ്വാധീനിയ്ക്കുക എന്നുള്ളത് തനിക്കു ചേരുന്ന ചുമതലായിരുന്നു. ശുശ്രൂഷകൻ എന്ന പേരല്ല ഇവിടെ ഉപയോഗിക്കുന്നത്. λειτουργός (*leitourgos*) എന്ന വാക്കാണ്. അതിന്റെ അർത്ഥം ഒരു പുരോഹിതനായി ശുശ്രൂഷ ചെയ്യുക എന്നാണ് (കാണുക 13:6 വ്യാഖ്യാനം).

ഒരു പുരോഹിതനായി യാഗം അർപ്പിയ്ക്കുന്ന സാദൃശമാണ് പൗലൊസ് തുടർന്നും ഉപയോഗിച്ചത്. ''**ജാതികൾ എന്ന വഴിപാടു പരിശുദ്ധാത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ട് പ്രസാദകരമായി തീരുവാൻ ഞാൻ ദൈവത്തിന്റെ സുവിശേഷഘോഷണം പുരോഹിതനായി അനുഷ്ഠിച്ചുകൊണ് ജാതികളിൽ ക്രിസ്തുവിന്റെ ശുശ്രൂഷകനായിരിക്കേണതിന് ദൈവം എനിക്കു നല്കിയ കൃപ നിമിത്തം**''. ഒരു പഴയനിയമ പുരോഹിതൻ യാഗമൊരുക്കി ദൈവത്തിന് അർപ്പിക്കുന്നതിനോടാണ് പൗലൊസ് സുവിശേഷം പ്രസംഗിച്ച് ജാതികളെ ദൈവത്തിങ്കലേക്കു തിരിക്കുന്ന ശുശ്രൂഷയെ സാദൃശപ്പെടുത്തിയത് (12:1ന്റെ വ്യാഖ്യാനം കാണുക). ജാതികൾ സ്നാനപ്പെട്ട സമയത്ത് അവർക്ക് പരിശുദ്ധാത്മാവു ലഭിച്ചു (പ്രവൃത്തി. 2:38) ശുദ്ധീകരിക്കപ്പെടുകയും വേർതിരിയ്ക്കപ്പെടുകയും ചെയ്തു (6:3, 4, 17, 18, 22). ഈ രീതിയിൽ പൗലൊസ് ദൈവത്തിന് ''അർപ്പിച്ച'' യാഗം ''ദൈവത്തിനായി പരിശുദ്ധാത്മാവിനാൽ വേർതിരിയ്ക്കപ്പെട്ടു.''

നാം ദൈവത്തിനായി ചെയ്യുന്ന ശുശ്രൂഷ ഒരു വേലയായിട്ടല്ല, സ്നേഹത്തോടെയുള്ള സ്വർഗ്ഗീയ പിതാവിന് അർപ്പിക്കുന്ന ഒരു അർപ്പണമായിട്ടാണ് ചെയ്യേണ്ടത്. നാം ക്രിസ്ത്യാനികളായപ്പോൾ രാജകീയ പുരോഹിത വർഗ്ഗത്തിന്റെ ഭാഗമായി തീരുകയായിരുന്നു (1 പത്രൊ. 2:9).

**വാക്യം 17.** ജാതീയ ലോകത്തെ എത്തിപ്പിടിക്കുന്ന വേലയിലുണ്ടായ വിജയം പൗലൊസിനെ നിഗളമുള്ളവനാക്കുവാൻ മതിയായതായിരുന്നു. എന്നാൽ താൻ ദൈവത്തിന് ആ മഹത്വം എല്ലാം എപ്പോഴും കൊടുക്കുവാൻ തീരുമാനിച്ചിരുന്നു. താൻ ഇങ്ങനെ പറഞ്ഞു. ''**ക്രിസ്തുയേശുവിൽ എനിക്ക് ദൈവസംബന്ധമായി പ്രശംസ ഉണ്.**'' വേദപുസ്തകം വ്യക്തിപരമായ കാര്യങ്ങളിൽ പ്രശംസിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. ''വ്യക്തി പരമായ കാര്യനിർവ്വഹണത്തിൽ പ്രശംസിക്കുന്നതിനെ'' നിരുത്സാഹപ്പെടുത്തുന്നു (ഗലാ. 6:14). എന്നാൽ ദൈവത്തിൽ പ്രശംസിയ്ക്കുന്നത് ആവശ്യവുമാണ്.

**വാക്യം 18.** പൗലൊസ് തുടർന്നു പറയുന്നു, ''**ക്രിസ്തു എന്നിൽ കൂടെ പ്രവർത്തിച്ചത് അല്ലാതെ മറ്റൊന്നും മിണുവാൻ ഞാൻ തുനിയുകയില്ല**'' ഒരു പ്രവർത്തനത്തിൽ നാം വിജയിച്ചാൽ നിഗളിയ്ക്കുവാൻ പരീക്ഷിയ്ക്കപ്പെടും. ചെയ്യപ്പെട്ട ശുശ്രൂഷ യോഗ്യതയുള്ളതാണെന്നും എല്ലാംകൊണ്ടും നന്നായിരുന്നു എന്നും കാണുമ്പോൾ നാം മനസ്സിലാക്കേണ്ടത് കർത്താവാണ് ഒരവസരവും ആ അവസരത്തെ മുതലാക്കുവാനുള്ള കഴിവും തന്നത് എന്നുള്ളതാണ്. താൻ ചെയ്തത് എന്ന് പൗലൊസ് പറഞ്ഞില്ല. ക്രിസ്തു താൻ മുഖാന്തരം പ്രവർത്തിച്ചു എന്നാണ് പറഞ്ഞത് (പ്രവൃ. 14:27 കാണുക).

ക്രിസ്തു പൗലൊസ് മുഖാന്തരം എന്താണ് ചെയ്തത്? പൗലൊസിന്റ പ്രയത്നങ്ങൾ കർത്താവിനാൽ ശക്തി നല്കപ്പെട്ട പ്രവർത്തനങ്ങളുടെ ഫലം

**ജാതികളുടെ അനുസരണമായിരുന്നു.** ഇവിടെ അനുസരണം എന്ന വാക്കു കാണുമ്പോൾ ചില എഴുത്തുകാർ അതിശയിക്കുന്നു. പൗലൊസ് വിശ്വാസം എന്ന വാക്ക് ഉപയോഗിക്കുമെന്നാണല്ലോ പ്രതീക്ഷിച്ചത് എന്നു ചിന്തിക്കുന്നു. രക്ഷിക്കുന്ന വിശ്വാസം അനുസരിക്കുന്ന വിശ്വാസമാണെന്ന് മനസ്സിലായിട്ടുള്ളവർക്ക് അത്ഭുതത്തിന് കാരണമില്ല (1:5; 16:26 കാണുക).

''ജാതികളുടെ അനുസരണം'' **വചനത്താലും പ്രവൃത്തിയാലും** കാണപ്പെട്ടു. അത് പൗലൊസ് അവരോടു പ്രസംഗിച്ച സുവിശേഷ വചനങ്ങളാലും പ്രസംഗം അനുസരിച്ച് ജീവിച്ചതുകൊണ്ടും ഉണ്ടായതാണ്. NIVയിൽ പറയുന്നത് ഞാൻ പറയുകയും ചെയ്യുകയും ചെയ്ത കാര്യങ്ങളാൽ ജാതികളെ അനുസരണത്തിലേക്കു നയിച്ചു എന്ന് വായിക്കുന്നു.

**വാക്യം 19.** ക്രിസ്തു പൗലൊസിനെ സഹായിച്ച ഒരു കാര്യം **അടയാളങ്ങളും അത്ഭുതങ്ങളും ചെയ്യുവാൻ ശക്തികൊടുത്തതുകൊണ്ടും പരിശുദ്ധാത്മാവിന്റെ ശക്തികൊണ്ടും** ആയിരുന്നു.[22] ഈ വാക്കുകൾ ആദ്യ നൂറ്റാണ്ടിലെ അത്ഭുതങ്ങളുടെ മൂന്ന് ഉദ്ദേശങ്ങളെ കാണിക്കുന്നു. ശക്തി, അടയാളം, അത്ഭുതം. 2 കൊരിന്ത്യർ 12:12-ൽ പൗലൊസ് പറയുന്നു. ഒരു അപ്പൊസ്തലന്റെ അടയാളങ്ങൾ അടയാളങ്ങളും, അത്ഭുതങ്ങളും വീര്യപ്രവർത്തികളും ആണെന്ന്. അടയാളം എന്നാൽ അതുചെയ്ത ആളോടുകൂടെ ദൈവമുണ്ടെന്നുള്ളതിന്റെ അടയാളം (എബ്രാ. 2:3, 4). വീര്യപ്രവർത്തികളെ അത്ഭുതങ്ങളെന്നു വിളിച്ചു. കാരണം അതു കണ്ടവർ അത്ഭുതപ്പെട്ടു, ഭയപ്പെട്ടു (മർക്കൊ. 2:12 കാണുക) ശക്തി എന്ന് പറഞ്ഞിരിക്കുന്നത് അത്ഭുതങ്ങൾ ദൈവശക്തിയുടെ പ്രദർശനം ആയിരുന്നതുമൂലമാണ്. W. E. Vine എഴുതിയത് ഒരു അടയാളത്തിന്റെ ഉദ്ദേശം മനുഷ്യന്റെ മനസ്സിനോട് ഇടപെടുകയാണ്. അത്ഭുതം സങ്കല്പത്തോട് ഇടപെടുന്നു. ശക്തി കാണിയ്ക്കുന്നത് അതിന്റെ ഉത്ഭവത്തെ ആണ്. അത് പ്രകൃതിയ്ക്ക് അതീതമാണ് എന്ന് കാണിക്കുന്നു.[23]

''ആത്മാവിന്റെ ശക്തി കൊണ്ടും'' എന്നത് പൗലൊസിന്റെ തിരിച്ചറിവിനെ കാണിക്കുന്നു. അത്ഭുതം ചെയ്യുവാനിടയായത് പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് എന്നുള്ള അറിവും സമ്മതവും അത് കൂടുതലായ ഒരു ചിന്താഗതി ആയിരുന്നെങ്കിൽ പൗലൊസിന്റെ ആത്മപ്രേരിതമായ പ്രസംഗങ്ങളായിരിക്കാം താൻ ചെയ്തു തീർത്ത യാതൊരു പ്രവർത്തിക്കും വ്യക്തിപരമായ മഹത്വം എടുത്തില്ല. ദൈവം അവനിൽക്കൂടെ പ്രവർത്തിച്ചു എന്നു മാത്രം.

ഈ ലേഖനത്തിന്റെ ആരംഭത്തിലെ വചനങ്ങളിൽ റോമിലുള്ളവരോട് താൻ പറഞ്ഞു. (1:13)-ൽ ''എനിക്കുശേഷം ജാതികളിൽ എന്നപോലെ നിങ്ങളിലും വല്ല ഫലവും ഉണ്ടാകേണ്ടതിന് നിങ്ങളുടെ അടുക്കൽ വരുവാൻ പലപ്പോഴും ഭാവിച്ചു എങ്കിലും ഇതുവരെ മുടക്കം വന്നു എന്ന് നിങ്ങൾ അറിയാതിരിക്കരുത്'' എന്നു ഞാൻ ആഗ്രഹിക്കുന്നു. ലേഖനം അവസാനിപ്പിക്കാറായപ്പോൾ തന്നെ തടഞ്ഞതെന്താണെന്നു വിശദീകരിക്കുന്നു. 15:22 നോക്കുക ''അതുകൊണ്ടുതന്നെ നിങ്ങളുടെ അടുക്കൽ വരുന്നതിന് പലപ്പോഴും മുടക്കം വന്നു''.

പൗലൊസിന്റെ പ്രധാനകാരണം റോമാസാമ്രാജ്യത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ വേല ചെയ്തു തീർത്തിട്ട് പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു പോകണമെന്നാഗ്രഹിച്ചു. ഒടുവിൽ തന്റെ മൂന്നാം മിഷനറിയാത്രയുടെ അവസാനത്തിൽ അതു സാധിച്ചു. **അങ്ങനെ ഞാൻ യെരുശലേം മുതൽ ഇല്ലൂര്യദേശത്തോളം ചുറ്റി സഞ്ചരിച്ച് ക്രിസ്തുവിന്റെ സുവിശേഷ ഘോഷണം**

**പൂരിപ്പിച്ചിരിക്കുന്നു** എന്ന് പറയുന്നു.

എന്തുകൊണ്ടാണ് യരുശലേമിനെ ഒരു തുടക്കസ്ഥലമായി എഴുതിയിരിക്കുന്നത്? പൗലൊസ് അവിടെ അധികമായി പ്രവർത്തിച്ചിട്ടില്ല. തന്റെ പ്രവർത്തനത്തിന്റെ ചുവട് അന്ത്യോക്യ ആയിരുന്നുവല്ലോ എന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ ഇവിടെ പൗലൊസ് തന്റെ ശുശ്രൂഷ നടത്തിയ സ്ഥലങ്ങളുടെ അതിരുകൾ മാത്രം പറയുകയായിരുന്നു. തന്റെ വായനക്കാർക്ക് പരിചിതമായിരുന്ന സ്ഥലങ്ങളെ മാത്രം പരാമർശിച്ചുകൊണ്ട് എന്നു ചിന്തിക്കാം.

ഇല്ലൂര്യ ദേശം എന്നെഴുതിയിരിക്കുന്നത് ഒരു റോമൻ പ്രവിശ്യയായിരുന്നു. അദ്രീയക്കടലിനടത്തുള്ള ഒരു സ്ഥലം. വടക്ക് മക്കദോന്യ അതിരായുള്ള ഒരു സ്ഥലം അതിൽ ദൽമത്യ ഉൾപ്പെട്ടിരുന്നു (2 തിമൊ. 4:10 കാണുക).[24] ഇല്ലൂര്യയിൽ പൗലൊസ് പ്രസംഗിച്ചതിന്റെ രേഖയൊന്നും പ്രവർത്തികളുടെ പുസ്തകത്തിൽ ഇല്ല. പൗലൊസിന്റെ പ്രവർത്തികളെ തിരഞ്ഞെടുത്ത് എഴുതുകയായിരുന്നു. അങ്ങനെയുള്ള ഒരു ശ്രമം പ്രവൃത്തി. 20:1, 2 വാക്യങ്ങൾക്ക് ചേരുന്നതാണ്. ഇല്ലൂര്യ ദേശം വരെ എന്നുള്ളത് "ഇല്ലൂര്യയുടെ അതിരുവരെ" എന്ന് അർത്ഥമാക്കാം. ഈ പ്രദേശങ്ങളിലൊക്കെയും ഞാൻ പ്രസംഗിച്ചു. അമേരിക്കൻ ഐക്യനാടുകളിൽ ഇതേ ചിന്ത "ലോസ് ആഞ്ചലീസ് മുതൽ ന്യൂയോർക്കുവരെ" എന്നു പറയുന്നതുപോലെയാണ്.

ആ പ്രദേശത്തെല്ലാം ചുറ്റിനടന്ന് ക്രിസ്തുവിന്റെ സുവിശേഷഘോഷണം പൂരിപ്പിച്ചിരിക്കുന്നു എന്നു പറഞ്ഞതിന്റെ അർത്ഥം എന്താണ്? ഇവിടെയുള്ള എല്ല പ്രോവിൻസിലും ഉള്ള എല്ലാ പുരുഷൻമാരോടും സ്ത്രീകളോടും കുട്ടികളോടും പ്രസംഗിച്ചിട്ടുണ്ടെന്നല്ല, തന്റെ പ്രസംഗത്താൽ പ്രധാന ആൾതാമസ സ്ഥലങ്ങളിലെല്ലാം സഭകൾ സ്ഥാപിച്ചു എന്നും അവിടെയുള്ള സഭകളോട് ചുറ്റുപാടുമുള്ള ചെറിയ പട്ടണങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും സുവിശേഷകരെ അയച്ച് സുവിശേഷം അറിയിക്കണമെന്ന് കല്പിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അർത്ഥമാക്കാം.

**വാക്യം 20, 21.** ഈ വാക്യങ്ങളിൽ പൗലൊസ് തന്റെ വ്യക്തിപരമായ "മിഷൻ പ്രവർത്തന" രീതിയിലേക്ക് ഒരു കാഴ്ച്ച അനുവദിക്കുന്നു: "**ഞാൻ മറ്റൊരുവന്റെ അടിസ്ഥാനത്തിന്മേൽ പണിയാതിരിക്കേണതിന് ക്രിസ്തുവിന്റെ നാമം അറിഞ്ഞിട്ടുള്ള ഇടത്തിലല്ല സുവിശേഷം അറിയിപ്പാൻ അഭിമാനിക്കുന്നതു**". Aspired എന്നുള്ളത് φιλοτιμέομαι (*philotimeomai*) എന്ന ഗ്രീക്കുപദത്തിൽ നിന്നാണ്. അത് φίλος (*philos*) (സ്നേഹം) എന്നതിനോട് τιμή (*timē*) (honor) ചേർക്കുമ്പോൾ കിട്ടുന്ന വാക്കാണ്. പല തർജ്ജമകൾ ambition എന്നവാക്ക് ഉപയോഗിക്കുന്നു. അത് aim (ലക്ഷ്യം) എന്നും തർജ്ജമ ചെയ്യാം. ആളുകൾക്ക് പല ഉപദേശങ്ങളും ആഗ്രഹങ്ങളുമുണ്ട്. ജമൗഹ വമമ ീല മായശശേീ അത് സുവിശേഷം പ്രസംഗിക്കുവാനുള്ള ആഗ്രഹമാണ്.[25] അദ്ദേഹത്തിന്റെ ലക്ഷ്യം സുവിശേഷം പ്രസംഗിക്കുന്നത് ആദ്യമായി മറ്റാരും പ്രസംഗിക്കാത്തയിടത്ത് പ്രസംഗിക്കണമെന്നുള്ളതായിരുന്നു. ഉള്ള സഭകളിൽ തന്നെ പോയി പ്രസംഗിക്കാതെ സഭയില്ലാത്ത സ്ഥലങ്ങളിൽ പുതിയ സഭകളുണ്ടാക്കുവാൻ യത്നിക്കണമെന്നായിരുന്നു. അടുത്ത കാലത്തിറങ്ങിയ ഒരു ടിവി, ചലച്ചിത്ര സീരിയലിൽ നിന്നും പറഞ്ഞാൽ ഒരു സുവിശേഷ പ്രസംഗകനും പോയിട്ടില്ലാത്ത സ്ഥലത്ത് പോകണമെന്നായിരുന്നു പൗലൊസിന്റെ അഭിലാഷം.[26]

പഴയനിയമത്തിൽ നിന്നും ഉള്ള ഉദ്ധരണി അവസാനത്തേത് റോമാ ലേഖനത്തിലുള്ളത് യെശയ്യാവ് 52:15 ആണ്. **"അവ\ക്കുറിച്ച് അറിവു**

**കിട്ടിയിട്ടില്ലാത്തവർ കാണും. കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും എന്ന് എഴുതിയിരിക്കുന്നതുപോലെ."** യെശയ്യാവ് 52 ഒരു "കഷ്ടപ്പാടനുഭവിക്കുന്ന ദാസന്റെ" സങ്കീർത്തനമാണ്. 15-ാം വാക്യം രാജാക്കന്മാരും രാജ്യങ്ങളും കഷ്ടപ്പെടുന്ന ദാസന്റെ ഉയർച്ചകണ്ട് അത്ഭുതപ്പെടുന്നതിനെ പ്രതീക്ഷിക്കുന്നു. ക്രിസ്തുവിനെക്കുറിച്ച് "അറിയാത്തവർ കാണും, കേട്ടിട്ടില്ലാത്തവർ ഗ്രഹിക്കും" എന്നുള്ള വാക്കുകൾ പൗലൊസിന്റെ ലക്ഷ്യത്തിനു ചേരുന്ന വാക്കുകൾ തന്നെയാണ്.

എല്ലാ പ്രസംഗകരും പൗലൊസിന്റെ പ്രവർത്തന രീതി സ്വീകരിക്കണമെന്നു പറയുകയല്ലായിരുന്നു. ഓരോരുത്തർക്കും വ്യത്യസ്ഥമായ വരങ്ങളാണുള്ളത് (12:4-6). 1 കൊരി. 3:6 പൗലൊസ് ഒരു കർഷക അലങ്കാര ഭാഷ ഉപയോഗിച്ചു. തന്റെ വേല മറ്റുള്ളവരുടെ വേലയിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നു കാണിക്കുന്നതിന് പൗലൊസ് കൊരിന്തിൽ വിത്തു വിതച്ചു. അപ്പൊല്ലോസ് നനച്ചു. 1 കൊരി. 3:10-ൽ പൗലൊസ് കെട്ടിടം പണിയുടെ ഒരു സാദൃശം ഉപയോഗിച്ചു. അത് റോമർ 15:20-ൽ കാണുന്നു. "ഞാൻ ജ്ഞാനമുള്ളോരു പ്രധാന ശില്പിയായി അടിസ്ഥാനമിട്ടിരിക്കുന്നു." മറ്റൊരുത്തൻ മീതെ പണിയുന്നു. പല പ്രസംഗകരും സ്ഥാപിയ്ക്കപ്പെട്ട സഭകളിൽ സഹായിക്കുന്നതിനും അവരെ ആത്മീകമായും എണ്ണത്തിലും വളർത്തുന്നതിനും വളരെ യോഗ്യരാണ്. എങ്കിലും നമുക്ക് പൗലൊസുമാരെ ആവശ്യമുണ്ട്. ചക്രവാളത്തിലേക്ക് തല ഉയർത്തി നോക്കിയിട്ട് ദൈവരാജ്യത്തിന്റെ വിത്ത് പുതിയ വയലേലകളിൽ നടുവാൻ തക്കവണ്ണം കാഴ്ചയുള്ളവരെ. അനേക വർഷങ്ങൾക്കു മുൻപേ റ്യൂവൽ ലെമൺസ് എഴുതി. "സ്ഥാപിച്ചുറപ്പിച്ചിട്ടുള്ള സഭകളിൽ പ്രവർത്തിക്കുന്ന പതിനായിരം പ്രസംഗകർ തങ്ങളുടെ വസ്തുവകകൾ എടുത്തുകൊണ്ട് സുവിശേഷം കേട്ടിട്ടില്ലാത്ത സ്ഥലങ്ങളിലേക്കു പോകുമെങ്കിൽ ദൈവദൂതന്മാർ എത്രമാത്രം ആനന്ദിക്കും!"[27]

## സ്പെയിനിൽ പോവാനുള്ള ഭാവി പരിപാടി (15:22-29)

**[22]അതുകൊണ്ടുതന്നെ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിന് പലപ്പോഴും മുടക്കം വന്നു. [23]ഇപ്പോഴോ എനിക്ക് ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും അങ്ങോട്ടു വരുവാൻ അനേക സംവത്സരമായി വാഞ്ഛ ഉണ്ടാകകൊണ്ടും ഞാൻ [24]സ്പെയി-നിലേക്കു യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്കു നിങ്ങളെ കാണ്മാനും ആദ്യം നിങ്ങളെ കണ്ടു സന്തോഷിച്ച ശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു. [25]ഇപ്പോഴോ ഞാൻ വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്യുവാൻ യെരുശലേമിലേക്കു യാത്രയാകുന്നു. [26]യരുശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്ക് ഏതാനും ധർമ്മോപകാരം ചെയ്വാൻ മക്കദോന്യയിലും അഖായയിലും ഉള്ളവർക്ക് ഇഷ്ടം തോന്നി. [27]അവർക്ക് ഇഷ്ടം തോന്നി എന്നു മാത്രമല്ല അത് അവർക്കു കടവും ആകുന്നു. ജാതികൾ അവരുടെ ആത്മീക നന്മകളിൽ കൂട്ടാളികളായെങ്കിൽ ഐഹിക നന്മകളിൽ അവർക്കു ശുശ്രൂഷ ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നുവല്ലോ. [28]ഞാൻ അത് നിവർത്തിച്ചു ഈ ഫലം അവർക്ക് ഏല്പിച്ചു ബോദ്ധ്യം വരുത്തിയ ശേഷം നിങ്ങളുടെ വഴിയായി സ്പെയി-നിലേക്കു പോകും. [29]ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ ക്രിസ്തുവിന്റെ അനുഗ്രഹപൂർത്തിയോടെ വരുമെന്നറിയുന്നു.**

**വാക്യം 22.** പൗലൊസ് വിശദീകരിക്കുന്നു, **ഈ കാരണത്താൽ ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിന് പലപ്പോഴും മുടക്കം വന്നു.** വേറെ വാക്കിൽ പറഞ്ഞാൽ രാജ്യത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കർത്താവ് താൻ പോകുവാൻ ആഗ്രഹിച്ച ധാരാളം സ്ഥലങ്ങൾ ഉള്ളതിനാൽ റോമിലേക്കു വരുവാൻ താമസിച്ചു.

**വാക്യം 23.** പൗലൊസ് ചെയ്ത കാര്യങ്ങൾ ഇനിയും ചെയ്യുവാൻ പറഞ്ഞ ശേഷം പോകുന്ന കാര്യത്തെപ്പറ്റിയുള്ള പ്ലാനും അതിൽ തന്റെ വായ നക്കാർക്കുളള പങ്കും പറഞ്ഞു. **ഇപ്പോഴോ എനിക്ക് ഈ ദിക്കുകളിൽ ഇനി സ്ഥലമില്ലായ്കയാലും.** "ഈ ദിക്ക്" എന്നു പറയുന്നത് യെരുശലേം മുതൽ ഇല്ല്യൂര്യ വരെയുള്ള സ്ഥലങ്ങളാണ്. പ്രസംഗിക്കാൻ ഇനി ഒരു സ്ഥലവും ഇല്ല എന്നല്ല പറയുന്നത്. അവിടെ ഈ സുവിശേഷം കേൾക്കാൻ ആരുമില്ല, എന്നുമല്ല. മെഡിറ്ററേനിയൻ കടലിന്റെ കിഴക്കൻ മേഖലയിലെ വേല തീർത്തു എന്നാണ്.

അതിനുശേഷം തന്റെ വായനക്കാരോടു പറയുന്നത് താൻ അവരെ കാണു വാൻ വാഞ്ഛിക്കുന്നു എന്നാണ്. **അങ്ങോട്ടു വരുവാൻ അനേക സംവത്സ രമായി വാഞ്ഛ ഉണ്ടെന്നാണ്** പറയുന്നത്. "വാഞ്ഛ" (ἐπιποθία, *epipothia*) എന്നത് ശക്തമായ ആഗ്രഹത്തെ കുറിക്കുന്നു (1:11) "നിങ്ങളെ കാണ്മാൻ ആശിക്കുന്നു" എന്ന് അടുത്ത വാക്യത്തിൽ വീണ്ടും പറയുന്നു.

2 കൊരി. 10:16-ൽ പറയുന്നു, നേരത്തെ കൊരിന്ത്യരോട് പറഞ്ഞിരുന്നു നിങ്ങൾക്കപ്പുറത്തുള്ള ദിക്കുകളോളം സുവിശേഷം പ്രസംഗിക്കുവാൻ ആശിക്കയത്രെ ചെയ്യുന്നത് എന്ന്. എഫെസൊസിൽ ആയിരുന്നപ്പോൾ റോമും കാണണമെന്ന് പറഞ്ഞിരുന്നു (പ്രവൃ. 19:21). ഇപ്പോൾ പടിഞ്ഞാറൻ പ്രദേശങ്ങളിലേക്കു പോകുവാൻ വ്യക്തമായ പദ്ധതി ഒരുക്കുന്നു.

**വാക്യം 24. ഞാൻ സ്പാന്യയിലേക്കു യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്ക് നിങ്ങളെ കാണ്മാനും ആദ്യം നിങ്ങളെ കണ്ടു സന്തോഷിച്ച ശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു.** പൗലൊസിന് സ്പ യിനിൽ പോകുവാൻ പദ്ധതി ഉണ്ടായിരുന്നു. എന്നാൽ ആദ്യം റോമിൽ ഒരു സന്ദർശനം നടത്തുവാൻ ആഗ്രഹിച്ചിരുന്നു. തന്റെ പ്രവർത്തനത്തിന്റെ ചുവട് അന്ത്യോക്യ ആയിരുന്നു (പ്രവൃ. 13:1-3; 14:26-28), എന്നാൽ സ്പെയിനും പശ്ചിമ യൂറോപ്യൻ രാജ്യങ്ങളും അന്ത്യോക്യയിൽ നിന്നും വളരെ ദൂരത്തി ലായിരുന്നു. മേലിൽ റോം തന്റെ പ്രവർത്തനത്തിന്റെ യമലെ ആകുന്നതിന് ആഗ്രഹിച്ചു കാണണം.

റോമയിലെ സഭ നല്ലതുപോലെ സ്ഥിരമായി സ്ഥാപിക്കപ്പെട്ടിരുന്നു. അവരുടെ വിശ്വാസം സർവ്വലോകത്തിലും പ്രസിദ്ധമായിരുന്നു (1:8) എന്നു കാണുന്നു. പൗലൊസിന് മറ്റുള്ളവരുടെ അടിസ്ഥാനത്തിന്മേൽ പണിയുവാൻ ആഗ്രഹമില്ലാതെയിരുന്നതിനാൽ റോമിൽ സ്ഥിരമായി താമസിക്കുവാൻ ആഗ്ര ഹിച്ചില്ല (15:20). സ്പെയിനിൽ പോകുന്ന വഴിയിൽ അവരെ കാണാൻ മാത്രമെ ആഗ്രഹിച്ചുള്ളൂ. ഒരു രാത്രി മാത്രം താമസിക്കുമെന്നല്ല പറഞ്ഞതിന്റെ അർത്ഥം. തന്റെ സഹോദരി-സഹോദരന്മാരോടു കൂടെ ചില ദിവസങ്ങൾ കഴിക്കുവാൻ ആഗ്രഹിക്കുന്നു എന്നാണ്. അവർക്ക് ചില ആത്മീയ ഫലങ്ങൾ ഉണ്ടാകേണ്ട തിനും അവരുടെ വിശ്വാസത്താൽ താനും ബലപ്പെടേണ്ടതിനും ആയിരുന്നു (1:11, 12) തന്റെ യാത്ര തുടരുന്നതിനു മുമ്പായി.

പൗലൊസിന്റെ കാലഘട്ടത്തിൽ *പ്രോപെംമ്പോ*-യ്ക്ക് പ്രത്യേക അർത്ഥ

മുണ്ടായിരുന്നു:

> ഈ ക്രിയ ... മിക്കവാറും മിഷ്ണറികളെ സഹായിക്കുന്നതിനുള്ള ഒരു സാങ്കേതിക ക്രിസ്തീയ പദമായിത്തീർന്നിരുന്നു. അത് സംശയലേശ മെന്യേ ശുഭാശംസകളേക്കാൾ കൂടുതൽ ... ഒരു പ്രാർത്ഥനയായി അർത്ഥ മാക്കപ്പെട്ടിരുന്നു. കൂടുതലും അവസരങ്ങളിൽ, അത് സാധനങ്ങളും പണവും നൽകുന്നതുമായി ബന്ധപ്പെട്ടിരുന്നു (തീത്തൊസ് 3:13; 3 യോഹ. 6, 7); മറ്റു ചിലപ്പോൾ ഭാഗികമായി വഴിയിൽ അനുഗമിക്കുന്ന തിനായി കൂട്ടാളികളെ നൽകുന്നതും (പ്രവൃ. 20:38; 21:5).[28]

ബോവറിന്റെ ലെക്സിക്കൺ *പ്രോപെംബോയെ* നിർവ്വചിക്കുന്നത്, ''യാത്ര നടത്തുന്ന ആർക്കെങ്കിലും സഹായം നൽകുക'' എന്നതാണ്. അത്തരം സഹായം ''ഭക്ഷണം'', ''പണം'' അല്ലെങ്കിൽ ''കൂട്ടാളികളെ ക്രമീകരിക്കുക'' ''യാത്രയ്ക്കുള്ള മാദ്ധ്യമങ്ങൾ'' എന്നിവയിലേതെങ്കിലും ആയേക്കാം.[29]

**വാക്യം 25, 26.** പൗലൊസ് കൊരിന്ത്യയിൽ നിന്ന് എഴുതുകയായിരുന്നു. ഇത് അഡ്രിയാറ്റിക് സമുദ്രത്തിൽ ഇറ്റലിയ്ക്ക് എതിർ ദിശയിലായിരുന്നു. പൗലൊസിന് റോം സന്ദർശിക്കുന്നതിന് ശക്തമായ ആഗ്രഹം ഉണ്ടായിരുന്ന തിനാൽ, അദ്ദേഹത്തോട് ഒരു പക്ഷേ ഇങ്ങനെ ചോദിച്ചിരുന്നിരിക്കാം, ''താങ്കളുടെ അവിടുത്തെ ജോലി തീർത്തു കഴിഞ്ഞ്, എന്തു കൊണ്ട് ഇവിടേക്ക് വന്നു കൂടാ?'' (പൗലൊസിന്റെ കത്ത് റോമയിൽ എത്തിച്ചേരുന്നതിന് എടുത്തേക്കാവുന്നതിനേക്കാളേറെ സമയം, പൗലൊസിന് റോമയിൽ എത്തുന്നതിന് എടുക്കുമായിരുന്നില്ല.) എന്നാൽ, റോമിലേക്ക് ഉടൻ തന്നെ പേ ാകുന്നതിന് പകരം, പൗലൊസ് എതിർ ദിശയിലേക്ക് യാത്ര ചെയ്യുന്നതിനാണ് പദ്ധതിയിട്ടത് – യെരൂശലേമിന്റെ കിഴക്ക് ഭാഗത്തേക്ക്. ഇത് അദ്ദേഹത്തിന്റെ സഞ്ചാരത്തിലേക്ക് രണ്ടായിരം മൈലുകൾ കൂടെ കൂട്ടിച്ചേർക്കുമായിരുന്നു. താൻ എന്താണ് ചെയ്യുന്നതെന്നും എന്തു കൊണ്ടാണ് അത് ചെയ്യുന്നതെന്നും വിശദീകരിക്കുന്നതിന് പൗലൊസ് ആഗ്രഹിച്ചു. അദ്ദേഹം പറഞ്ഞു, **ഇപ്പോഴോ ഞാൻ വിശുദ്ധന്മാർക്കു ശുശ്രൂഷ ചെയ്‌വാൻ യെരൂശലേമിലേക്കു യാത്രയാകുന്നു.**[30] **യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം**[31] **ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി.**

പൗലൊസിന്റെ മൂന്നാം പ്രേഷിത യാത്രയ്ക്കിടയിൽ, യെരൂശലേമിലേക്ക് കൊണ്ടു പോകുന്നതിനായി അദ്ദേഹം പണം ശേഖരിച്ചിരുന്നു. വർഷങ്ങൾക്ക് ശേഷം, അന്തോക്യയിലെ ശിഷ്യൻമാരിൽ നിന്നും പണം സമാഹരിച്ച് അത് യഹൂദ്യയിലെ മൂപ്പൻമാർക്ക് എത്തിക്കുന്നതിന് പൗലൊസ് സഹായിച്ചിരുന്നു (പ്രവൃ. 11:27–30; 12:25). ഇപ്പോൾ അദ്ദേഹം, ''യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു വേണ്ടി'' ധനശേഖരണം നടത്തുകയാണ്. യെരൂശലേം പട്ടണം അതിന്റെ ധനത്തിന് കീർത്തി കേട്ടിരുന്ന ഒരു സ്ഥലമാ യിരുന്നില്ല. അവിടുത്തെ ക്രിസ്തീയ വിശ്വാസികൾ, ശരാശരി പൗരൻമാരേക്കാൾ ദരിദ്രൻമാരായിരുന്നു. യെരൂശലേമിലെ സഭയുടെ ആദ്യ കാലങ്ങളിലെ, ക്രിസ്തീയ വിശ്വാസികൾ പ്രദർശിപ്പിച്ചിരുന്ന അസാധാരണമായ ഉദാരത യാണ് അവിടെയുണ്ടായിരുന്ന വിശ്വാസികളുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കിയത് എന്ന് ചില എഴുത്തുകാർ വിശ്വസിക്കുന്നു (പ്രവൃ. 2:44,

45). എങ്കിലും, ഭൂരിഭാഗം അസ്സൽ ക്രിസ്തീയ വിശ്വാസികളേയും പട്ടണത്തിൽ നിന്ന് തുരത്തിക്കളഞ്ഞിരുന്നതിനാൽ (പ്രവൃ. 8:1), മുൻപത്തെ നടപടികൾ പിന്നീട് അവിടെ താമസിച്ചിരുന്നവരെ എങ്ങനെ ബാധിക്കുമായിരുന്നു എന്ന് കാണുന്നത് വിഷമകരമാണ്. എങ്കിൽത്തന്നെയും, ''ഒരാൾ യെരൂശലേമിൽ താമസിക്കുകയായിരുന്നുവെങ്കിൽ, ക്രിസ്തീയ വിശ്വാസിയായിരിക്കുന്നതും ദരിദ്രനായിരിക്കുന്നതും ഏറെ ഒത്തു ചേർന്നു പോയിരുന്നു'' എന്ന് പറയപ്പെടുന്നു.[32]

യെരൂശലേമിലെ വിശുദ്ധന്മാരായവർക്കായി ധനശേഖരണം നടത്തുന്നതിനുള്ള ആശയം എപ്പോൾ, എവിടെ വെച്ച് അല്ലെങ്കിൽ എങ്ങനെ ഉത്ഭവിച്ചുവെന്ന് നമുക്ക് അറിയില്ല. പൗലൊസും ബർന്നബാസും, യാക്കോബിനേയും പത്രൊസി നേയും യോഹന്നാനെയും കണ്ടു മുട്ടിയപ്പോൾ ഈ ചിന്തയുടെ വിത്ത് പാകിയി രുന്നോ? യെരൂശലേമിലെ നേതൃസ്ഥാനത്തുള്ള വിശ്വാസികൾ, പൗലൊസിനോടും ബർന്നബാസിനോടും ''ദരിദ്രൻമാരെ ഓർമ്മിക്കുക'' എന്ന് ആവശ്യപ്പെട്ടിരുന്നു. ''അങ്ങനെ ചെയ്യുവാൻ ഞാൻ ഉത്സാഹിച്ചുമിരിക്കുന്നു'' എന്ന് പൗലൊസ് എഴുതിയിരുന്നു (ഗലാ. 2:10). ജാതികളായ ക്രിസ്തീയ വിശ്വാസികളും യഹൂദരായ ക്രിസ്തീയ വിശ്വാസികളും തമ്മിലുള്ള ബന്ധം എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെപ്പറ്റിയുള്ള പൗലൊസിന്റെ കൂലങ്കഷമായ ചിന്തയിൽ ഉരുത്തിരിഞ്ഞതാണോ ഈ ആശയം? ഈ പദ്ധതി എങ്ങനെയാണ് മുളച്ച തെങ്കിലും, പരിശുദ്ധാത്മാവിന്റെ മാർഗ്ഗ നിർദ്ദേശം ഇതിലുൾപ്പെട്ടിരുന്നുവെന്ന് നമുക്ക് നിസ്സംശയം പറയാം.

യെരൂശലേമിലെ വിശുദ്ധൻമാരായവർക്കുള്ള ഈ ധനശേഖരണത്തെക്കുറിച്ച് നമുക്ക് അറിയാവുന്നവ, 1 കൊരി. 16:1–4, 2 കൊരി. 8:1–9:15 എന്നിവയിൽ നിന്നും ഇപ്പോഴത്തെ വചനഭാഗത്തിൽ നിന്നും പെറുക്കിയെടുത്തതാണ്. മുൻപൊരിക്കൽ, പണം സമാഹരിക്കുന്നതിന് പൗലൊസ് സഭകളെ പ്രോത്സാഹിപ്പിച്ചിരുന്നു; തന്റെ മൂന്നാം യാത്രയിൽ (ഇപ്പോൾ ഏകദേശം പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു) ഒരു സ്ഥലത്തു നിന്ന് ഒരു സ്ഥലത്തേക്ക് യാത്ര ചെയ്തപ്പോൾ, അദ്ദേഹം ഈ പണം സമാഹരിക്കുകയായിരുന്നു. റോമർ 15:26-ൽ മക്കെദോന്യ, അഖായ[33] എന്നീ പ്രവിശ്യകളെക്കുറിച്ച് പൗലൊസ് പ്രത്യേകമായി പരാമർശിച്ചു. കാരണം, അവ അദ്ദേഹത്തിന്റെ വേലയുടെ ഏറ്റവും പുതിയ വയലായിരുന്നു. ഇതിന് പുറമേ, ഗലാതൃയിലെ സഭകളും ഈ പദ്ധതിയിൽ ഭാഗഭാക്കായിരുന്നു (1 കൊരി. 16:1); ഒപ്പം ഏഷ്യയിലെ ക്രിസ്തീയ വിശ്വാസികൾക്കും ഒരുപക്ഷേ ഇതിൽ ഒരു ഭാഗമായിരുന്നു (അപ്പൊ. പ്രവൃ. 20:4).[34]

**വാക്യം 27.** ''യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ഏതാനും ധർമ്മോപകാരം ചെയ്‌വാൻ മക്കെദോന്യയിലും അഖായയിലും ഉള്ളവർക്കു ഇഷ്ടം തോന്നി'' (15:26) എന്ന് പറഞ്ഞതിന് ശേഷം, പൗലൊസ് പറഞ്ഞു, **അവർക്കു ഇഷ്ടം തോന്നി എന്നു മാത്രമല്ല, അതു അവർക്കു കടവും ആകുന്നു.** ജാതികളായ ക്രിസ്തീയ വിശ്വാസികൾ യഹൂദ ക്രിസ്തീയ വിശ്വാസികളോട് *കടപ്പെട്ടിരിക്കുന്നു*വോ? അത് എങ്ങനെയാണ്? പൗലൊസ് തുടരുന്നു: **ജാതികൾ അവരുടെ ആത്മീകനന്മകളിൽ[35] കൂട്ടാളികൾ ആയെങ്കിൽ ഐഹികനന്മകളിൽ അവർക്കു ശുശ്രൂഷ ചെയ്‌വാൻ കടമ്പെട്ടിരിക്കുന്നുവല്ലോ**. സുവിശേഷം ആദ്യം പ്രസംഗിക്കപ്പെട്ടത് യഹൂദൻമാരോടാണ് (പ്രവൃ. 2:5, 14–36). യഹൂദരായ സുവിശേഷകൻമാരാണ് ജാതികളുമായി സുവിശേഷം പങ്കിട്ടത്. അവരിൽ

പത്രോസും (പ്രവൃ. 10:1–11:18) പൗലൊസും ഉണ്ടായിരുന്നു. യഹൂദർ ആത്മീയ അനുഗ്രഹങ്ങൾ ജാതികളുമായി പങ്കിട്ടതിനാൽ, ജാതികൾ ഭൗമീക അനുഗ്രഹങ്ങൾ യഹൂദരുമായി പങ്കിടുന്നത് സമുചിതമായിരിക്കുമെന്നാണ് പൗലൊസിന്റെ യുക്തി.

ജാതികളായ ക്രിസ്തീയ വിശ്വാസികൾ നടത്തുന്നതിന് ആഗ്രഹിച്ചിരുന്ന ("അവർക്ക് ഇഷ്ടം തോന്നി'') ഒന്നായും ചെയ്യുന്നതിന് അവർക്ക് *ബാദ്ധ്യതയുള്ളതുമായ* ("കടപ്പെട്ടിരിക്കുന്നു'') ഒന്നായുമാണ് ധനസമാഹരണത്തെ പൗലൊസ് പരാമർശിക്കുന്നത്. ഒരു ദൗത്യം ഒരേ സമയം ഒരു ബാദ്ധ്യതയും സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്നതിന് ആഗ്രഹമുള്ളതുമായിത്തീരും? ഡഗ്ലസ് ജെ. മൂ പിതാവിന്റെയും മാതാവിന്റെയും പരിപാലനത്തിന്റെ ഒരു ചിത്രീകരണം നിർദ്ദേശിച്ചിട്ടുണ്ട്.[36] രക്ഷിതാവ് എന്ന നിലയിൽ എന്റെ കുട്ടികളുടെ പരിപാലനമേറ്റെടുത്ത് നടത്തുന്നതിന് ദൈവീകമായി ഒരു ചുമതല എന്നിൽ നിക്ഷിപ്തമാണ്. എന്നാൽ, ഞാൻ അവരെ സ്നേഹിക്കുന്നതുകൊണ്ട്, ആ ഉത്തരവാദിത്വം പൂർത്തീകരിക്കുന്നതിന് എനിക്ക് അനൽപ്പമായ സന്തോഷമുണ്ട് ("എനിക്ക് അത് നിർവ്വഹിക്കുന്നതിന് ഇഷ്ടം തോന്നുന്നുണ്ട്'').

റോമർ 15:26, 27 യഹൂദൻമാരും ജാതികളും പരസ്പരം (15:7–13) സ്വീകരിക്കുന്നതിനെക്കുറിച്ച് പൗലൊസ് ഏതാനും വാക്യങ്ങൾക്ക് മുൻപ് പറഞ്ഞതിന്റെ വെളിച്ചത്തിൽ വേണം നാം വായിക്കേണ്ടത്. യെരൂശലേമിലേക്ക് ധനശേഖരം കൊണ്ടു പോകുന്നതിന്റെ ഉദ്ദേശ്യം, കേവലം മാനുഷിക കഷ്ടത യകറ്റുക മാത്രമായിരുന്നില്ല. യഹൂദ ക്രിസ്തീയ വിശ്വാസികളും ജാതികളായ ക്രിസ്തീയ വിശ്വാസികളും പരസ്പരമുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. സഭയിൽ ഈ രണ്ട് വിഭാഗങ്ങൾക്കുമിടയിൽ സ്നേഹം അങ്ങോട്ടുമിങ്ങോട്ടും പ്രവഹിക്കുന്നത് അദ്ദേഹത്തിന് കാണണമായിരുന്നു (കാണുക 2 കൊരി. 9:12–14).

**വാക്യം 28**. റോമിലെ വിശ്വാസികളെ കാണുന്നതിന് പൗലൊസ് എത്രയും ആഗ്രഹിച്ചിരുന്നുവോ, അത്രയും തന്നെ യെരൂശലേമിലെ യഹൂദ വിശ്വാസികൾക്കുള്ള ധനസഹായം പ്രാധാന്യമർഹിക്കുന്നതായിരുന്നു. അതിനാൽ പൗലൊസ് വ്യക്തിപരമായി തന്നെ ഈ കാര്യപരിപാടി സഫലീകരിക്കുന്നതിന് ആഗ്രഹിച്ചിരുന്നു. ഇത് പൂർത്തീകരിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന് റോമിലേക്ക് പോകുന്നതിന് സ്വാതന്ത്ര്യം ലഭിക്കുമായിരുന്നു. അദ്ദേഹം പറഞ്ഞു: **ഞാൻ അതു നിവർത്തിച്ചു ഈ ഫലം അവർക്കു ഏല്പിച്ചു ബോദ്ധ്യം വരുത്തിയ ശേഷം നിങ്ങളുടെ വഴിയായി സ്പാന്യയിലേക്കു പോകും.**

അപ്പൊ. പ്രവ. 20:4 മുതൽ യെരൂശലേമിലേക്കുള്ള യാത്രയിൽ പൗലൊസിനെ നിരവധി വ്യക്തികൾ അനുഗമിച്ചിരുന്നു എന്ന് നാം മനസ്സിലാക്കുന്നുണ്ട് (ഒരു പക്ഷേ ധനശേഖരത്തിലേക്ക് സംഭാവന നൽകിയ സഭകളുടെ പ്രതിനിധികൾ; കാണുക 2 കൊരി. 8:23). പൗലൊസ് എന്തു കൊണ്ട് അവരുടെ പക്കൽ ധനശേഖരം കൊടുത്തയച്ച ശേഷം റോമിലേക്ക് പോയില്ല? ഈ ചോദ്യത്തിനുള്ള ഉത്തരം "ഞാൻ അതു നിവർത്തിച്ചു ഈ ഫലം അവർക്കു ഏല്പിച്ചു ബോദ്ധ്യം വരുത്തിയ ശേഷം ...'' എന്ന വാക്കുകളിലുണ്ട്. ധനം ഉൾപ്പെടുന്ന ഈ ഇടപാട് *വ്യക്തിപരമായി* "ബോദ്ധ്യം വരുത്തുന്നത്'' പ്രധാനമാണെന്ന് പൗലൊസ് കരുതി.[37] പണം ശരിയായി കൈകളിലെത്തിച്ചേർന്നിരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ട ഒരു ഉത്തരവാദിത്വം പൗലൊസിന് പണം നൽകിയവരേ

ാടുണ്ട് (കാണുക 2 കൊരി. 8:19, 20). കൂടുതലായി, യെരൂശലേം സഭയിലെ ചില നേതാക്കളോടുള്ള (യാക്കോബിനെ പോലെ; പ്രവൃ. 21:18; ഗലാ. 1:19; 2:9) പൗലൊസിന്റെ ബന്ധം, യഹൂദ ക്രിസ്തീയ വിശ്വാസികൾ ഈ ധനശേഖരം സ്വീകരിക്കുന്നതിന് സഹായിച്ചേക്കുമായിരുന്നു.

ഒടുവിൽ, ജാതികളിൽ നിന്ന് യഹൂദൻമാർക്കുള്ള ആ ''സ്നേഹ സഹായം'' ''ബോദ്ധ്യപ്പെടുത്തിയ'' ശേഷം, ''(റോം) വഴിയായി സ്പാന്യയിലേക്കു പേ ാകു'' ന്നതിന് പൗലൊസ് പദ്ധതിയിട്ടു. സ്പാന്യ (സ്പെയിൻ), പടിഞ്ഞാറുള്ള ഏറ്റവും പഴക്കമുള്ള റോമൻ പ്രവിശ്യയും ആ മേഖലയിലെ റോമൻ സംസ്കാരത്തിന്റെ മുഖ്യ ശക്തിദുർഗ്ഗവുമായിരുന്നു.''[38] (പഴയ നിയമത്തിൽ ''തർശീശ്'' എന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നത് ഈ സ്ഥമാണെന്ന് ചിലർ കരുതുന്നു.)[39] പൗലൊസിന്റെ പദ്ധതിയുടെ വൈപുല്യം ഗ്രഹിക്കുന്നതിന് നമുക്ക് വൈഷമ്യമാണ്. കൊരിന്ത്യയിൽ നിന്ന്, യെരൂശലേമിലേക്ക് ഏകദേശം എണ്ണൂറ് മൈലുകളാണുള്ളത്. യെരൂശലേമിൽ നിന്ന് റോമിലേക്ക് ഏകദേശം ആയിരത്തി അഞ്ഞൂറ് മൈലുകളും മറ്റൊരു എഴുന്നൂറിനടുത്തുള്ള മൈലുകൾ സ്പെയിനിലേക്കുമുണ്ട്. മൂവായിരത്തിലധികം മൈലുകൾ നീളുന്ന ഒരു യാത്രയാണ് പൗലൊസ് പ്രഖ്യാപിച്ചത്. പുരാതന കാലത്തെ യാത്രയുടെ അന ിശ്ചിതത്വവും അതിനിടയിലെ അപകടങ്ങളും പരിഗണിക്കുമ്പോൾ പൗലൊസ് മുന്നോട്ടു വെക്കുന്ന യാത്രാക്രമം നമ്മെ സ്തബ്ധരാക്കുന്നതാണ്. എങ്കിലും, പൗലൊസ് പ്രശ്നങ്ങളുടെ മേൽ ശ്രദ്ധ കേന്ദ്രീകരിച്ചില്ല; പകരം അതിന്റെ സാദ്ധ്യതകളിലാണ് അദ്ദേഹം ശ്രദ്ധയൂന്നുന്നത്.

> പൗലൊസ് ''എപ്പോഴും വിദൂരത്തിലുള്ള പ്രദേശങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്ന'' വ്യക്തിയായി പറയപ്പെടാറുണ്ട്. നങ്കൂരമിട്ടു കിടക്കുന്ന ഒരു കപ്പലിനെ പൗലൊസ് ഒരിക്കലും കണ്ടില്ല; എന്നാൽ കപ്പലിൽ കയറി കടൽ താണ്ടി, മനുഷ്യരുടെ അടുക്കലേക്ക് സുവിശേഷം വഹിച്ചു കൊ ണ്ടു പോകുന്നതിന് പൗലൊസ് ഇച്ഛിച്ചു. അദ്ദേഹം ഒരിക്കലും ദൂരത്തു നിന്ന് നീലനിറം കലർന്ന് കാണപ്പെടുന്ന ഒരു പർവ്വത നിരയെ കണ്ടില്ല; മറിച്ച് അവ കടന്ന് ക്രൂശിന്റെ കഥ ഒരിക്കലും കേട്ടിട്ടില്ലാത്തവരുടെ അടുക്കലേക്ക് അത് എത്തിക്കുന്നതിന് ആഗ്രഹിച്ചു. ഈ സമയം, സ്പെയിനിനെക്കുറിച്ചുള്ള ചിന്തകൾ പൗലൊസിനെ വിടാതെ പിന്തുടരുകയായിരുന്നു.[40]

റോമാ സാമ്രാജ്യത്തിലെ ഏറ്റവും സ്വാധീന ശക്തിയുള്ള മന ുഷ്യരായിരുന്നു സ്പെയിൻ വംശജർ. സുവിശേഷം എത്തിക്കുന്നതിനുള്ള പ്രധാനപ്പെട്ട ഒരു മേഖലയായിരുന്നു സ്പാന്യ (സ്പെയിൻ). ഈ സാമ്രാജ്യം വിസ്തൃതമാകുന്നത് തുടർന്നു കൊണ്ടിരുന്നതിന് അനുസരണമായി പടിഞ്ഞാറ് സുവിശേഷത്തിന്റെ പ്രഭവ കേന്ദ്രമായി മാറ്റുവാൻ കഴിയുമായിരുന്ന സ്ഥലമായിരുന്നു അത്. മെറിൽ സി. ടെന്നി ഇങ്ങനെയാണ് ഇതിനെക്കുറിച്ച് എഴുതിയത്: ''പൗലൊസ് മിഷ്ണറി സുവിശേഷീകരണത്തിന്റെ രാജ്യതന്ത്രപ രമായ ഒരു പദ്ധതിയാണ് പിന്തുടർന്നത്. റോമിലേക്കും സ്പെയിനിലേക്കും യാത്ര പോകുന്നതിനുള്ള അദ്ദേഹത്തിന്റെ പദ്ധതികൾ കാണിച്ചത്, സർവ്വാധിപ ത്യപരമായ രാജ്യകൂട്ടായ്മയുമായി, തന്റെ വിശ്വാസത്തോടൊപ്പം കിടപ ിടിക്കുന്നതിന് പൗലൊസ് ആഗ്രഹിച്ചുവെന്നാണ്.''[41]

**വാക്യം 29**. ഒന്നാമതായി, എങ്കിലും, റോമിലേക്ക് പോകുന്നതിന് പൗലൊസ് ആഗ്രഹിച്ചു. അവിടെയുള്ള ക്രിസ്തീയ വിശ്വാസികളോട് പറഞ്ഞു: "**ഞാൻ നിങ്ങളുടെ അടുക്കൽ വരുമ്പോൾ ക്രിസ്തുവിന്റെ അനുഗ്രഹ പൂർത്തിയോടെ**[42] **വരും എന്നു ഞാൻ അറിയുന്നു** (അതിൽ പൂർണ്ണ ആത്മവിശ്വാസമുണ്ട്)."[43] തങ്ങളുടെ ഒരുമിച്ചുള്ള സമയത്തെ കർത്താവ് അനുഗ്രഹിക്കുമെന്ന് തന്നെ അദ്ദേഹം വിശ്വസിച്ചു (കാണുക 1:11, 12). ഈ വിധത്തിൽ, റോമിലുള്ള തന്റെ സഹോദരീ-സഹോദരൻമാരെ കാണുന്ന തിന ുള്ള തന്റെ പദ്ധതികളും ഇച്ഛയും പ്രകടിപ്പിച്ചു.

## റോമിലേക്ക് വരുന്നതിനുള്ള പൗലൊസിന്റെ ആഗ്രഹവും യെരൂശലേമിലേക്കുള്ള ധനസഹായവും (15:30-33)

**[30]എന്നാൽ സഹോദരന്മാരേ, യെഹൂദ്യയിലെ അവിശ്വാസികളുടെ കയ്യിൽനിന്നു എന്നെ രക്ഷിക്കേണതിന്നും യെരൂശലേമിലേക്കു ഞാൻ കൊ ണുപോകുന്ന സഹായം വിശുദ്ധന്മാർക്കു [31]പ്രസാദമായിത്തീരേണതിന്നും ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണതിന്നും നിങ്ങൾ എനിക്കു വേണി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം [32]എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹ ത്തെയും ഓർമ്മിപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. [33]സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ.**

15:22-29-ൽ പൗലൊസ് തന്റെ യാത്രാ പദ്ധതികളുടെ രേഖാരൂപം നൽകുന്നുണ്ട്. ആദ്യം, "യെരൂശലേമിലെ വിശുദ്ധന്മാരിൽ ദരിദ്രരായവർക്കു ധർമ്മോപകാരം" ചെയ്യുന്നതിനായി അദ്ദേഹം യെരൂശലേമിലേക്ക് പോകും (15:26). പിന്നീട്, റോമിലേക്ക് പോകും; അവിടെ നിന്ന് സ്പാന്യയിലേക്ക് പേ ാകുന്നതിനും അദ്ദേഹം പദ്ധതിയിടുന്നു (15:24, 28). ഈ വിവരം പങ്കു വെച്ചതിന് ശേഷം, തന്റെ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതിനും താൻ എന്താണോ കൈവരിക്കാൻ ആഗ്രഹിക്കുന്നത് അത് കൈവരിക്കുന്നതിനും വേണ്ടി തന്റെ വായനക്കാരോട് പ്രാർത്ഥിക്കുന്നതിനായി ആവശ്യപ്പെടുകയാണ്.[44]

**വാക്യം 30**. പൗലൊസ് പറയുന്നു: ... **ഇങ്ങനെ ഞാൻ ദൈവേ ഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണതിന്നും നിങ്ങൾ എനിക്കു വേണി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം എന്നു നമ്മുടെ കർത്താവായ യേശുക്രിസ്തുവിനെയും ആത്മാവിന്റെ സ്നേഹത്തെയും ഓർമ്മിപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു.**[45] അദ്ദേഹത്തിന്റെ ഈ അഭ്യർത്ഥനയിൽ തീവ്ര വികാരവും തീക്ഷ്ണതയും നിറഞ്ഞു നിൽക്കുന്നു. "ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു" [παρακαλέω, *parakaleō*] (കെജെവി) എന്നതിന്റെ അർത്ഥം, "ഞാൻ നിങ്ങളോട് യാചിക്കുന്നു" (ജെബി), "ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു" (കെജെവി), "ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു" (എൻഇബി) (12:1, 2-ന്റെ വ്യാഖ്യാനങ്ങൾ കാണുക). "കർത്താവായ യേശുക്രിസ്തുവിന്റെ (അധികാരത്തിലും) ആത്മാവിന്റെ സ്നേഹത്താലും

(അടിസ്ഥാനത്തിലും)'' ആണ് പൗലൊസ് ഇങ്ങനെ അപേക്ഷിക്കുന്നത്.[46]

അവർ തനിക്കായി പ്രാർത്ഥിക്കുമ്പോൾ അവ്യക്തമായ, ആയാസര ഹിതമായ വിധത്തിലുള്ള ''പൗലൊസിന്റെ ഒപ്പം കൂടെയിരിക്കണമേ'' എന്നൊരു പ്രാർത്ഥനയല്ല പൗലൊസ് ആഗ്രഹിച്ചത്. അദ്ദേഹം അവരോട് അദ്ദേഹത്തിന്റെ ''ഒപ്പം പോരാടണം'' എന്നാണ് ആവശ്യപ്പെട്ടത്. ''പോര ാടുക'' എന്ന വാക്ക് συναγωνίζομαι (*sunagōnizomai*)-ൽ നിന്നാണ്. σύν (*സൂൺ*, ''ഒപ്പം'') എന്ന വാക്കിനെയും ἀγωνίζομαι (*agōnizomai*, [''പേ ാരടിക്കുക'']) എന്ന വാക്കിനെയും ഈ സംയുക്ത പദം കൂട്ടിച്ചേർക്കുന്നു. *അഗോണിസൊമായ്* വാക്കിൽ നിന്നാണ് ''*ആഗൊണൈസ്*'' (തീവ്ര യാതന) എന്ന ഇംഗ്ലീഷ് പദം ഉൽഭവിച്ചിരിക്കുന്നത്. ഓട്ട മൽസരയിനങ്ങളിൽ ജയിക്കുന്നതിനായി ഒരു ടീം ഒരുമിച്ച് പ്രവർത്തിക്കുന്നതും വളരെയേറെ കഠിന പരിശ്രമം നടത്തുന്നതും സംബന്ധിച്ച് സൂചിപ്പിക്കുന്നതിന് വേണ്ടിയാണ് *സൂണഗോണിസൊമായ്* എന്ന പദം ഉപയോഗിക്കുന്നത്.[47] തന്റെ പ്രാർത്ഥനാ സംഘത്തിന്റെ ഒരു ഭാഗമായിത്തീരുന്നതിന് പൗലൊസ് തന്റെ വായനക്കാരോട് ആവശ്യപ്പെടുകയാണ്.

**വാക്യങ്ങൾ 31, 32.** ഈ വാക്യങ്ങളിൽ പൗലൊസിന്റെ പ്രാർത്ഥനാ വിഷയങ്ങളാണ് അടങ്ങുന്നത്. ഏറിയോ കുറഞ്ഞോ കാലക്രമപരമായ മുറയിൽ നമുക്ക് ഇവ പരിശോധിക്കാം. പൗലൊസ് എന്താണ് ആഗ്രഹിച്ചതെന്നും പൗലൊസിന് എന്താണ് ലഭിച്ചതെന്നും നമുക്ക് താരതമ്യം ചെയ്യാം. നമുക്ക് അറിയാവുന്നിടത്തോളം, ഓരോ അഭ്യർത്ഥനയ്ക്കും ''അങ്ങനെയാകട്ടെ'' എന്ന മറുപടിയോടെ ഉത്തരം നൽകപ്പെട്ടു. എന്നാൽ ഓരോ ''അങ്ങനെ യാകട്ടെ'' എന്ന മറുപടിയ്ക്കും അതിന് യോഗ്യത നൽകുന്നവ ഉണ്ടായിരുന്നു. എന്നാൽ ഈ യോഗ്യതകളോടെയോ യോഗ്യതകളില്ലാതെയോ, പൗലൊ സിന്റെ പ്രാർത്ഥനകളൊന്നും തന്നെ ''ഉത്തരം നൽകപ്പെടാത്ത പ്രാർത്ഥന കൾ'' ആയിരുന്നില്ല എന്ന് നമുക്ക് ഉറപ്പാക്കാൻ കഴിയും.

റോമിലെ ക്രിസ്തീയ വിശ്വാസികളോട്, യെരൂശലേമിലേക്കു **താൻ കൊണ്ടുപോകുന്ന സഹായം വിശുദ്ധന്മാർക്കു പ്രസാദമായിത്തീരേണതിന് പ്രാർത്ഥിക്കുന്നതിനായി** പൗലൊസ് ആവശ്യപ്പെട്ടിരുന്നു. യെരൂശലേമിലെ ധനപരമായി ബുദ്ധിമുട്ട് അനുഭവിച്ചിരുന്ന ക്രിസ്തീയ വിശ്വാസികൾക്കുള്ള ധന സഹായമായിരുന്നു ''യെരൂശലേമിലേക്കുള്ള സഹായം'' (15:25, 26). ഈ ധനശേ ഖരം യഹൂദൻമാരും ജാതികളും പരസ്പരമുള്ള ബന്ധം ശക്തിപ്പെടുത്തുമെന്ന് പൗലൊസ് പ്രത്യാശിച്ചു. എങ്കിലും, ജാതികളായ ക്രിസ്തീയ വിശ്വാസികള ിൽ നിന്നുള്ള ഈ സഹായം, യഹൂദൻമാരായ ക്രിസ്തീയ വിശ്വാസികൾ നിരസിക്കുമെങ്കിൽ, സ്ഥിതിഗതികൾ മെച്ചപ്പെടുന്നതിന് പകരം കൂടുതൽ വഷളായിത്തീരുകയാണ് ചെയ്യുക. നിങ്ങൾ ഒരു ഉപഹാരം ഒരാൾക്ക് സമ്മാനിക്കുകയും അയാൾ അല്ലെങ്കിൽ അവർ അത് നിരസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾക്ക് എങ്ങനെയാണ് തോന്നുക?

യെരൂശലേമിലെ ക്രിസ്തീയ വിശ്വാസികൾ അത് സ്വീകരിച്ചേക്കില്ല എന്ന തിന് നിരവധി കാരണങ്ങളുണ്ട്. ഒരു കാരണം അഹന്തയാകാം. സഹായം അത്യ ന്താപേക്ഷിതമായി ആവശ്യമാണെങ്കിലും അത് സ്വീകരിക്കുന്നതിന് ദുരഭിമാനം ചിലരെ അനുവദിക്കുന്നില്ല. നാം ഉദാരതയോടെ മറ്റുള്ളവർക്ക് സഹായം നൽകേ ണ്ടതുള്ളതുപോലെ, സഹായം സ്വീകരിക്കുന്നതിനും നാം ഉദാരത പ്രകടിപ്പിക്കേ ണ്ടിയിരിക്കുന്നു. വീണ്ടും, പൗലൊസിനെയും

അദ്ദേഹത്തിന്റെ ശുശ്രൂഷകളെയും അംഗീകരിക്കാത്തതിനാൽ യെരൂശ ലേമി ലെ ക്രിസ്തീയ വിശ്വാസികൾ ഈ സഹായം സ്വീകരിച്ചേക്കില്ല എന്ന സാദ്ധ്യതയും നിലനിന്നിരുന്നു. യഹൂദ്യയിലെ ക്രിസ്തീയ വിശ്വാസികളിൽ നിന്നുള്ള എതിർപ്പ് മുൻപ് പൗലൊസിന് നേരിടേണ്ടി വന്നിരുന്നു (പ്രവൃ. 15:1, 2). അവർ നിശിതമായി സഹായം സ്വീകരിക്കുന്നതിനെ എതിർക്കുമായിരുന്നു. അതിലൂടെ, പൗലൊസിന്റെ ശുശ്രൂഷയെ പിന്തു ണയ്ക്കുന്നില്ല എന്ന് പ്ര കടിതമാകുമായിരുന്നു.

ജാതികളായ വിശ്വാസികളുടെ കൂട്ടായ്മകളിൽ നിന്നുള്ള ധനസഹായം തിരസ്കരിക്കപ്പെടുന്നതിന് സാദ്ധ്യതയുണ്ട് എന്ന് പൗലൊസിന് അറിയാമാ യിരുന്നു. അതിനാൽ തന്റെ വായനക്കാരോട് അത് സ്വീകരിക്കപ്പെടുന്നതിന ായി പ്രാർത്ഥിക്കുന്നതിന് പൗലൊസ് ആവശ്യപ്പെടുന്നു.

ആ സഹായം സ്വീകരിക്കപ്പെട്ടുവോ? അത് നമുക്ക് ഉറപ്പായും പറയുന്നതിന് സാദ്ധ്യമല്ല.[48] എന്നാൽ, പൗലൊസ് യെരൂശലേമിൽ എത്തിച്ചേർന്നപ്പോൾ, സഭയുടെ അംഗങ്ങളും നേതൃസ്ഥാനത്തുള്ളവരും അദ്ദേഹത്തെ ആദര വോടെ സ്വാഗതം ചെയ്തുവെന്ന് നമുക്ക് അറിയാം (പ്രവൃ. 21:17–20a). പിന്നീട്, പൗലൊസ് റോമിലെ ഗവർണറായ ഫേലിക്സിനോട് ഇങ്ങനെ പറഞ്ഞു: ‘‘എന്റെ ജാതിക്കാർക്ക് ധർമ്മം കൊണ്ടു വരുന്നതിന് ഞാൻ യെരൂശലേമിലേക്ക് വന്നു’’ (പ്രവൃ. 24:17). ഈ ‘‘ധർമ്മം’’ യെരൂശലേമിലെ വിശുദ്ധർക്ക് സ്വീകാ ര്യമായി എന്നു തന്നെയാണ് ഭൂരിഭാഗം എഴുത്തുകാരും അനുമാ നിക്കുന്നത്. അങ്ങനെയാണ് സംഭവിച്ചതെങ്കിൽ, പൗലൊസിന്റെ പ്രാർത്ഥനയുടെ ഈ ഭാഗത്തിന് ‘‘അങ്ങനെയാകട്ടെ’’ എന്ന് ദൈവം ഉത്തരം നൽകി.

ഈ ‘‘അങ്ങനെയാകട്ടെ’’ എന്നുള്ള മറുപടി ചില വ്യവസ്ഥകളോടെയാണ് എത്തിയത്: ‘‘അതേ, സഹായം സ്വീകരിക്കപ്പെടും; എന്നാൽ നിങ്ങളുടെ ജീവിതം അപകടത്തിലാക്കുന്ന വ്യവസ്ഥകൾ നിങ്ങൾ സമ്മതിക്കുന്നുവെങ്കിൽ മാത്രം.’’ പൗലൊസ് ധനശേഖരവുമായി യെരൂശലേമിൽ എത്തിയപ്പോൾ, പൗലൊസ് യഹൂദ പാരമ്പര്യം തള്ളിപ്പറഞ്ഞുവെന്ന് കരുതി, അവിടെ യുണ്ടായിരുന്ന നിരവധി യഹൂദ ക്രിസ്തീയ വിശ്വാസികൾ പൗലൊ സിനെ സംശയ ദൃഷ്ടിയോടെയാണ് വീക്ഷിച്ചത് എന്ന് സഭയുടെ നേതൃ സ്ഥാനത്തുള്ളവർ പറഞ്ഞു (പ്രവൃ. 21:20b, 21). ദൈവാലയത്തിലേക്ക് പോയി ഒരു വഴിപാടിൽ ഭാഗഭാക്കാകുന്നതിനായി മൂപ്പൻമാർ പൗലൊസിനെ പ്രേ ാത്സാഹിപ്പിച്ചു (പ്രവൃ. 21:22–25).[49] പൗലൊസ് അവരുടെ വാക്ക് അന ുസരിക്കുമ്പോൾ, പൗലൊസിനെ കാത്തിരുന്നത് അത്യാപത്താണ്.

യെരൂശലേമിൽ താൻ സ്വീകരിക്കപ്പെടുന്നതിനായുള്ള പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയോ? അതേ, ദൈവം മറുപടി നൽകി; അവിടുന്ന് ഒരു പക്ഷേ ഇങ്ങനെ പറഞ്ഞു: ‘‘*അങ്ങനെ തന്നെയാകട്ടെ*’’; ‘‘*പക്ഷേ ...*’’

വിശ്വാസികളിൽ നിന്ന് സ്വീകരണം ലഭിക്കുക മാത്രമല്ല, ക്രിസ്തീയ വിശ്വാസികളല്ലാത്തവരിൽ നിന്ന് സംരക്ഷണവും പൗലൊസ് ആഗ്രഹിച്ചിരുന്നു: **യഹൂദ്യയിലെ അവിശ്വാസികളുടെ കൈയിൽ നിന്ന് എന്നെ രക്ഷിക്കേണതിന് ...**[50] യേശുവിനെ മശിഹാ ആയി അംഗീകരിക്കുന്നതിനും അവരുടെ നായകനായി അനുഗമിക്കുന്നതിനും വിസമ്മതിച്ച യഹൂദൻ മാരായിരുന്നു, ‘‘യഹൂദ്യയിലെ അവിശ്വാസികൾ.’’

യെരൂശലേമിൽ എത്തിച്ചേരുമ്പോൾ, ക്രിസ്തീയ വിശ്വാസികളല്ലാത്ത

യഹൂദൻമാർ തന്നോട് എങ്ങനെ ഇടപെടുമെന്നതിനെക്കുറിച്ച് ആശങ്കപ്പെടുന്നതിന് പൗലൊസിന് എല്ലാ കാരണവുമുണ്ടായിരുന്നു. അവരെ സംബന്ധിച്ചിടത്തോളം പൗലൊസ് യഹൂദ മത വിശ്വാസത്തെ ഒറ്റിക്കൊടുത്ത ഒരു വ്യക്തിയായിരുന്നു. പൗലോസിനെ എന്നെന്നേക്കുമായി നിശ്ശബ്ദനാക്കിത്തീർ ക്കുക തങ്ങളുടെ വിശുദ്ധ ദൗത്യമായി ചിലർ പരിഗണിക്കുക പോലും ചെയ്തിരുന്നു. പൗലൊസിന്റെ പ്രേഷിത യാത്രയ്ക്കിടയിൽ, യഹൂദൻമാർ അദ്ദേഹത്തെ റോമാ അധികാരികൾക്കു മുൻപിലേക്ക് വലിച്ചിഴച്ചു കൊണ്ടു വരികയും (പ്രവൃ. 18:12) അദ്ദേഹത്തെ മർദ്ദിക്കുകയും (2 കൊരി. 11:24) കല്ലെറിഞ്ഞു കൊല്ലുന്നതിന് ശ്രമിക്കുകയും (പ്രവൃ. 14:5) ചെയ്തിരുന്നു. അതിന് മുൻപ്, മാനസാന്തരത്തിന് ശേഷം യെരൂശലേമിലേക്ക് മടങ്ങി വന്നപ്പോൾ പൗലൊസിനെ കൊലപ്പെടുത്തുന്നതിനായി ചിലർ ശ്രമിച്ചിരുന്നു (പ്രവൃ. 9:28, 29). ബെൽ ഇങ്ങനെ എഴുതി: ‘‘ക്രിസ്തുവിനോടുള്ള പരമമായ ആരാധനയും ജഡപ്രകാരം ചാർച്ചക്കാരായവരോടുള്ള ഉൽക്കടമായ സ്നേഹവും മാത്രമാണ്, യെരൂശലേമിലേക്ക് വീണ്ടും മടങ്ങുന്നതിന് പൗലൊസിനെ പ്രേരിപ്പിക്കുന്നത്.’’[51]

റോമർക്കുള്ള ലേഖനം എഴുതിയതിന് ശേഷം പൗലൊസ് യെരൂശലേമിലേക്കുള്ള തന്റെ യാത്ര ആരംഭിക്കുന്നു. അവിടെ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് അദ്ദേഹം ആഴത്തിൽ ബോധവാനാണ് (പ്രവൃ. 20:23; 21:4, 10, 11); എന്നാൽ അദ്ദേഹം പറയുന്നു: ‘‘കർത്താവായ യേശുവിന്റെ നാമത്തിന്നു വേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല യെരൂശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു ഉത്തരം പറഞ്ഞു’’ (പ്രവൃ. 21:23). എന്നാൽ താൻ മരിക്കില്ലെന്നും റോമിലേക്കും സ്പാന്യയിലേക്കും യാത്ര ചെയ്യുന്നതിന് തനിക്ക് സാദ്ധ്യമാകുമെന്നും അദ്ദേഹം പ്രത്യാശിച്ചു. ‘‘യഹൂദ്യയിലെ അവിശ്വാസികളുടെ കൈയിൽ നിന്ന്’’ രക്ഷിക്കേണ്ടതിന് അദ്ദേഹം പ്രാർത്ഥിച്ചു.

‘‘രക്ഷിക്കുക’’ എന്ന പദം, പിടി കൂടപ്പെട്ടതിന് ശേഷം ആരെങ്കിലും രക്ഷപെടുത്തുക എന്ന് നിർബന്ധമായും അർത്ഥമാക്കുന്നില്ല. ‘‘സംരക്ഷിക്കപ്പെടുക’’ എന്ന് അർത്ഥം നൽകാവുന്ന ῥύομαι (*rhuomai*) എന്ന് പദത്തിൽ നിന്നാണ് ഇത് വരുന്നത്.[52] കെജെവി ‘‘രക്ഷപെടുത്തപ്പെടുക’’ എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നു. അവിശ്വാസികളിൽ നിന്നുള്ള ഏതെങ്കിലും വിധത്തിലുള്ള സംഘർഷങ്ങളിൽ നിന്ന് രക്ഷപെടുത്തപ്പെടുക എന്നതായിരക്കണം പൗലൊസ് സൂചിപ്പിക്കുന്നത്.

തന്നെ രക്ഷിക്കുന്നതിനുള്ള പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകിയോ? അതേ – എന്നാൽ ഉത്തരം ലഭിക്കണമെന്ന് പൗലൊസ് ഒരു പക്ഷേ ആഗ്രഹിച്ചിരുന്ന വിധത്തിലല്ലായിരുന്നുവെന്നു മാത്രം.

യെരൂശലേമിൽ തന്നെ കാത്തിരിക്കുന്ന സംഭവ്യമായ അപകടത്തെക്കുറിച്ചുള്ള പൗലൊസിന്റെ ആശങ്ക ന്യായീകരിക്കത്തക്കതാണ് എന്ന് തെളിയപ്പെട്ടു. ദൈവാലയത്തിലേക്ക് പോകുന്നതിനുള്ള സഭാ മൂപ്പൻമാരുടെ നിർദ്ദേശം അദ്ദേഹം അംഗീകരിച്ചപ്പോൾ, അസത്യം മാത്രം വിശ്വസിക്കുവാൻ തയ്യാറായ ഒരു വലിയ ജനക്കൂട്ടം അവിടെയുണ്ടായിരുന്നു (പ്രവൃ. 21:27–30). ജനക്കൂട്ടം പൗലൊസിനെ അടിച്ചു കൊല്ലുവാൻ തുടങ്ങുമ്പോൾ, ദൈവം അദ്ദേഹത്തെ രക്ഷിച്ചു. എങ്ങനെ? ഒരു ദൂതനെ അയച്ചാണോ? അല്ല. യെരൂശലേമിലെ മറ്റ് വിശ്വാസി സഹോദരൻമാ രിലൂടെയാണോ? അല്ല. പൗലൊസിനെ തടവിലാക്കിയ യെരൂശലേമിലെ റോമാ പട്ടാളക്കാർ വഴിയായി (പ്രവൃ. 21:31–34).

ഏറെത്താമസിയാതെ, നാൽപ്പത് യഹൂദർ ‘‘തമ്മിൽ യോജിച്ചു പെ ൗലൊസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കയോ ചെയ്കയില്ല എന്നു ശപഥം ചെയ്തു’’ (പ്രവൃ. 23:12). കർത്താവ് വീണ്ടും പൗലൊസിനെ രക്ഷിച്ചു - അപ്പൊസ്തലന്റെ പെങ്ങളുടെ മകനെയും റോമാ പട്ടാളക്കാരേയും ഉപയോഗിച്ച് (പ്രവൃ. 23:16–22). പട്ടാളക്കാർ അദ്ദേഹത്തെ പിടിച്ചു കെട്ടി കൈസര്യയിലേക്ക് കൊണ്ടു പോകുകയും തടവിലാക്കുകയും ചെയ്തു (പ്രവൃ. 23:23–35). രണ്ട് വർഷങ്ങൾക്ക് ശേഷം പൗലൊസിനെ പതിയിരുന്നാക്രമിക്കുന്നതിനും കൊലപ്പെടുത്തുന്നതി നും യഹൂദൻമാർ തന്ത്രം മെനഞ്ഞു (പ്രവൃ. 25:1–3). ഈ അവസരത്തിൽ, റോമാ പൗരൻ എന്ന നിലയിൽ കൈസരെ അഭയം ചൊല്ലുന്നതിനുള്ള തന്റെ അവകാശം വിനിയോഗിച്ചപ്പോൾ കർത്താവ് പൗലൊസിനെ രക്ഷിച്ചു (പ്രവൃ. 25:9–12). വർഷങ്ങൾക്ക് മുൻപ്, ജനനത്താലുള്ള റോമാ പൗരത്വം നൽകിയതിലൂടെ കർത്താവ് ഇത്തരമൊരു രക്ഷപെടലിനായി പൗലൊസിനെ തയ്യാറാക്കിയിരുന്നു (പ്രവൃ. 22:25–28).[53]

ഒരിക്കൽക്കൂടെ, പൗലൊസിന്റെ പ്രാർത്ഥനയ്ക്കുള്ള ഉത്തരം വ്യവസ്ഥാടിസ്ഥാനത്തിലുള്ള ‘‘അങ്ങനെയാകട്ടെ’’ എന്നുള്ളതായിരുന്നു: ‘‘അതേ, അവിശ്വാസികളിൽ നിന്ന് നിങ്ങൾ രക്ഷിക്കപ്പെടും; എന്നാൽ നീ ഒരിക്കലും പ്രതീക്ഷിക്കുന്ന വിധത്തിലായിരിക്കില്ല.’’ വീണ്ടും, പൗലൊസിന്റെ പ്രാർത്ഥനയ്ക്കുള്ള ദൈവത്തിന്റെ മറുപടി ‘‘അങ്ങനെയാകട്ടെ, പക്ഷേ ...’’ എന്നായിരുന്നു.

റോമിലേക്കുള്ള യാത്രയ്ക്കായി പൗലൊസ് ദീർഘ നാളുകളായി പ്രാർത്ഥിക്കുകയായിരുന്നു (1:9, 10). യെരൂശലേമിൽ താൻ സ്വീകരിക്കപ്പെടുന്നതിനും അവിശ്വാസികളിൽ നിന്ന് സംരക്ഷിക്കപ്പെടുന്നതിനുമുള്ള തന്റെ ആഗ്രഹം പരാമർശിച്ച ശേഷം, പൗലൊസ് പറഞ്ഞു: **ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണ്ടതിന്നും** ... യെരൂശലേമിൽ പൗലൊസ് പ്രതീക്ഷിച്ചിരുന്നതു പോലെ തന്നെ എല്ലാം നടന്നിരുന്നുവെങ്കിലും, അത് അപ്പോഴും മനോസമ്മർദ്ദം നിറഞ്ഞ ഒരു കാലയളവായിത്തീരുമായിരുന്നു. എന്നാൽ, ഒടുവിൽ റോമിലെത്തി, ആ പട്ടണത്തിലെ വിശ്വാസികളോടൊപ്പം കൂട്ടായ്മയുടെ വിശ്രാന്തിയിലായിത്തീരുന്നത് എത്രയോ ആഹ്ലാദം പകരുന്നതായിത്തീരും! ഫിലിപ്സ് അത് ഇങ്ങനെയാണ് പരാവർത്തനം ചെയ്യുന്നത്: ‘‘... സന്തോഷം നിറഞ്ഞ ഹൃദയത്തോടെ നിങ്ങളുടെ അടുക്കൽ വരുന്നതിനും നിങ്ങളോടുകൂടെ ചെറിയൊരു അവധിക്കാലം ആസ്വദിക്കുന്നതിനും.’’

റോമിലേക്ക് പോകുന്നതിനുള്ള പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകിയോ? തീർച്ചയായും. വീണ്ടും, ‘‘അങ്ങനെയാകട്ടെ’’ എന്ന ദൈവത്തിന്റെ മറുപടിയോടൊപ്പം വ്യവസ്ഥകളുണ്ട്.

സാധാരണ സാഹചര്യങ്ങളിൽ, യെരൂശലേമിലേക്കും പിന്നീട് റോമിലേക്കും സഞ്ചരിക്കുന്നതിന് പൗലൊസിന് ഏകദേശം മൂന്നോളം മാസങ്ങളെടുക്കു മായിരുന്നു. അതിന് പകരം, മൂന്ന് മാസത്തെ യാത്ര പൂർത്തീകരിക്കുന്നതിന് പൗലൊസിന് മൂന്നു വർഷങ്ങളെടുത്തു. അപ്രതീക്ഷിതമായി ഏറ്റവും കുറഞ്ഞത് രണ്ട് പ്രാവശ്യം കൈസര്യയിൽ പൗലൊസ് തടവിൽ കഴിയേണ്ടി വന്നു (പ്രവൃ. 24:27). കൈസറിനെ അഭയം ചൊല്ലിയ ശേഷം, റോമിലേക്കുള്ള തന്റെ യാത്രയ്ക്കിടയിൽ വീണ്ടും മുൻകൂട്ടി ആസൂത്രണം ചെയ്യാതെ മൂന്ന് മാസങ്ങൾ പൗലൊസിന് മെലിത്ത ദ്വീപിൽ

കഴിയേണ്ടി വന്നു (പ്രവൃ. 28:11).

ഒരു സുവിശേഷ പ്രസംഗകനായി, തന്റെ സഹ സഹോദരീ-സഹോദരൻ മാരുടെ കൂട്ടായ്മ സ്വതന്ത്രമായി ആസ്വദിക്കുന്നതിനുള്ള അവസരം ലഭിക്കുന്നതിന് പകരം, ഒരു തടവുകാരനായാണ് പൗലൊസ് റോമിൽ കാൽ കുത്തുന്നത്. ''പോകുന്ന വഴിയിൽ'' റോമിലെ ക്രിസ്തീയ വിശ്വാസികളെ കണ്ടിട്ട് സ്പാന്യയിലേക്ക് യാത്രയാകുന്നതിന് (15:24) പകരം, പൗലൊസിന് അടുത്ത രണ്ട് വർഷങ്ങൾ ചങ്ങലയിൽ ബന്ധിതനായി കൈസറിനെ കാണുന്ന തിനായി കാത്തു കിടക്കേണ്ടി വന്നു (പ്രവൃ. 28:20, 30). വീണ്ടും ദൈവം മറുപ ടി നൽകി; ''അങ്ങനെ തന്നെയാകട്ടെ''; ''പക്ഷേ ...'': ''അതേ, നീ ഒടുവിൽ റോമിലെത്തിച്ചേരും. എന്നാൽ നീ പ്രത്യാശിച്ചതു പോലെയല്ല.''

പ്രാർത്ഥനയ്ക്കായുള്ള പൗലൊസിന്റെ അഭ്യർത്ഥനയിൽ സ്പാന്യയുടെ പ്രത്യേക പരാമർശം കാണുന്നില്ല. എന്നാൽ റോമിലെ വിശ്വാസികളെ കണ്ട് ചൈതന്യം പ്രാപിക്കുന്നതിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചതിനാൽ, സ്പാന ്യയിലേ ക്കുള്ള യാത്ര തീർച്ചയായും അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. ഏറെ മുൻപ ല്ലാതെ, സ്പാന്യയിലേക്കു യാത്ര ചെയ്യുമ്പോൾ പോകുന്ന വഴിക്കു, അവരുടെ കൂട്ടായ്മയിൽ പങ്കു ചേർന്നതിന് ശേഷം അവരെ കാണുന്നതിന ും കണ്ടു സന്തോ ഷിച്ചശേഷം അവരാൽ യാത്ര അയക്കപ്പെടുവാനും ആശിക്കുന്നു എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടായിരുന്നു (15:24, 28). റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ മേഖല യിലേക്ക് തന്റെ സുവിശേഷ ഉദ്യമം വിസ്തൃതമാക്കുന്നതിനെക്കുറിച്ച് പൗലൊസ് പ്രാർത്ഥിച്ചില്ല എന്ന് അനുമാന ിക്കുന്നത് വിഷമകരമാണ്.

സ്പാന്യയിലേക്ക് എത്തുന്നതിനായി പൗലൊസ് പ്രാർത്ഥിച്ചു എന്ന് നാം അനുമാനിക്കുന്നുവെങ്കിൽ, ഒരു പക്ഷേ ''ദൈവം നൽകിയ മറുപടി എന്തായി രുന്നു? പൗലൊസ് എന്നെങ്കിലും സ്പാന്യയിലെത്തിയോ?'' എന്ന് നാം അത്ഭുതം കൂറിയേക്കാം. ഉറപ്പോടെ നമുക്ക് ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് കഴിയില്ല. ചാൾസ് ഹോഡ്ജ് ഇങ്ങനെ പറയുന്നു: ''അങ്ങനെ സംഭവിച്ചതായി പുതിയ നിയമത്തിലോ ആദിമ (സഭാ) എഴുത്തുകാരിൽ നിന്നോ നമുക്ക് ചരിത്ര പരമായ രേഖകളൊന്നുമില്ല.'' എങ്കിലും, പിന്നീട് ഹോഡ്ജ് ഇങ്ങനെ കൂട്ടിച്ചേർക്കുന്നു: ''ഇവ രിൽ ഭൂരിഭാഗം എഴുത്തുകാരും അത് കാര്യമായെടുത്തില്ല.''[54] പൗലൊസിനെ ക്കുറിച്ച് റോമിലെ ക്ലെമന്റ് ഈ വാക്കുകൾ കുറിച്ചു: ''മുഴു ലോകത്തെയും അദ്ദേഹം നീതി പഠിപ്പിച്ചു; പടിഞ്ഞാറിന്റെ അതിരുകൾ വരെയെത്തി അദ്ദേഹം രാജാക്കൻമാർക്കു മുൻപിൽ സാക്ഷ്യം നൽകി.''[55] (സ്പാന്യ [സ്പെയിൻ] അക്കാലത്ത് റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ അതിരായിരുന്നു.) ഒരു ലക്ഷ്യത്തിൽ മന സ്സർപ്പിച്ചു കഴിഞ്ഞാൽ,[56] പിൻമാറുന്ന ഒരു വ്യക്തിയായിരുന്നില്ല പൗലൊസ്. അതിനാൽ, സ്പാന്യയെ സുവിശേഷീകരിക്കുന്നതിനുള്ള പദ്ധതികൾ അദ്ദേഹം പിന്നീട് നടപ്പിലാക്കിയെന്നതിന് തീർച്ചയായും സാദ്ധ്യതയുണ്ട്.

ഭൂരിഭാഗം വേദപണ്ഡിതൻമാരും വിശ്വസിക്കുന്നത്, അപ്പൊ. പ്രവർത്തികളുടെ അന്ത്യത്തിൽ രേഖപ്പെടുത്തിയിട്ടുള്ള സംഭവങ്ങൾക്ക് ശേഷം ഏറെത്താമസി യാതെ, പൗലൊസ് കൈസറുടെ മുൻപിൽ ഹാജരാക്കപ്പെടുകയും അദ്ദേഹം സ്വതന്ത്രമാക്കപ്പെടുകയും അദ്ദേഹം തന്റെ യാത്ര തടരുകയും ചെയ്തുവെന്നാണ്. പൗലൊസ് ഒരു പക്ഷേ 1 തിമൊഥെ യാസും തീത്തൊസും എഴുതിയത് ഇക്കാല യളവിലായിരുന്നിരിക്കണം.

പിന്നീട് റോമൻ അധികാരികളുടെ പീഢനം ആരംഭിച്ച തിനാൽ, പൗലൊസിനെ വീണ്ടും അറസ്റ്റ് ചെയ്യുകയും അദ്ദേഹം ആത്യന്തി കമായി മരണശിക്ഷയ്ക്ക് വിധേയനാക്കപ്പെടുകയും ചെയ്തു എന്നാണ് വിശ്വസി ക്കപ്പെടുന്നത് (കാണുക 2 തിമൊ. 4:6–8). പൗലൊസ് സ്പാന്യയിലേക്ക് പോയിട്ടു ണ്ടെങ്കിൽ, അത് റോമിൽ അദ്ദേഹം തടവിലാക്കപ്പെട്ടതിന് ശേഷം സ്വതന്ത്രനാക്കപ്പെട്ട കാലയളവിലായിരിക്കണം.

പൗലൊസിന് സ്പാന്യയിലേക്ക് പോകുന്നതിന് കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ, "ഇല്ല, നീ ഇതിനേക്കാൾ പ്രധാനപ്പെട്ട ദൗത്യം പൂർത്തീകരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു"വെന്നായിരിക്കണം ദൈവത്തിന്റെ ഉത്തരം. എന്നാൽ പൗലൊസിന് യഥാർത്ഥത്തിൽ സ്പാന്യയിലേക്ക് പോകുന്നതിന് കഴിഞ്ഞിരു ന്നുവെങ്കിൽ, "അങ്ങനെ സംഭവിക്കട്ടെ, പക്ഷേ ..." എന്നായിരിക്കണം ദൈവത്തിന്റെ ഉത്തരം: "അങ്ങനെ സംഭവിക്കട്ടെ, പക്ഷേ ... നീ പദ്ധതിയിട്ടതി നേക്കാൾ ഏറെക്കാലം നിനക്ക് കാത്തിരിക്കേണ്ടി വരും." രണ്ടായാലും, ദൈവം പൗലൊസിന്റെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകിയെന്ന് നമുക്ക് ഉറപ്പാക്കാം.

**വാകം 33**. റോമിലെ ക്രിസ്തീയ വിശ്വാസികളോട് തനിക്കൊപ്പം പ്ര ാർത്ഥനയിൽ പോരാടുന്നതിന് ആവശ്യപ്പെട്ടതിന് ശേഷം, പൗലൊസ് ഒരു ചെറിയ ആശീർവാദം ചേർക്കുന്നു – അദ്ദേഹം എപ്പോഴും ചെയ്യാറുള്ളതു പോലെ (15:5, 6, 13). അദ്ദേഹം എഴുതി: **സമാധാനത്തിന്റെ ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ**. ആമേൻ. "സമാധാനം" എന്ന വാക്ക് പരിഭാഷപ്പെടുത്തിയിരിക്കുന്നത് εἰρήνη (*eirēnē*)-ൽ നിന്നാണ്. എബ്രായ ഭാഷയിലെ ഒരു സാധാരണ അഭിവാദനമായ ഷാലോം **שָׁלוֹם** (*shalom*) എന്ന വാക്കിന്റെ തത്തുല്യ ഗ്രീക്ക് പദമാണിത്. ജാതികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുന്ന യഹൂദ അപ്പൊസ്തലൻ, ഒരു പക്ഷേ മുഖ്യമായും ജാതിയ വിശ്വാസികളടങ്ങുന്ന ഒരു സഭാ കൂട്ടായ്മയ്ക്ക് വ്യത്യസ്തമായ ഒരു യഹൂദ ആശീർവാദം നൽകുകയാണ്.

## പ്രായോഗികം

### യേശുവിന്റെ ചുവടുകളിൽ (15:1-13)

1896-ൽ ചാൾസ് ഷെൽഡൺ മതപരമായ ഒരു നോവൽ രചിക്കുകയുണ്ടായി: *അവന്റെ ചുവടുകളിൽ.*[57] 1 പത്രൊസ് 2:21-ൽ നിന്നാണ് ഈ പുസ്തകത്തിന്റെ ശീർഷകം കടം കൊണ്ടത്. "അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ *അവന്റെ ചുവടുകൾ* പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (പ്രത്യേക ഊന്നൽ ചേർത്തിരിക്കുന്നു). ഏതെങ്കിലും ഒരു തീരുമാനം എടുക്കുന്നതിന് മുൻപായി, ഒരു സഭയിലെ ഓരോ അംഗവും "യേശു എന്തു ചെയ്യുമായിരുന്നു?" എന്നൊരു ചോദ്യം സ്വയം ചോദിക്കുന്നതിന് ഒരു പ്രതിജ്ഞയെടുക്കുന്ന കഥയാണ് ഈ പുസ്തകം അവതരിപ്പിക്കുന്നത്.[58]

വൈഷമ്യഘട്ടങ്ങൾ അഭിമുഖീകരിക്കുമ്പോൾ, "യേശു എന്തു ചെയ്യുമായിരുന്നു?" എന്ന് ചോദിക്കുന്നത് മൂല്യവത്താണ് – എന്നാൽ ഓരോ ഘട്ടത്തിലും യേശു എന്താണ് ചെയ്യുമായിരുന്നത് എന്ന് നമുക്ക് ഉറപ്പു പറയാനാവില്ല. എന്നാൽ റോമർ 15:1–13-ലെ മാംസം കഴിക്കുന്ന വിഷയം സംബന്ധിച്ചുള്ള ചോദ്യത്തിൽ നമുക്ക് ഇത് അറിയാം. ഈ വചന ഭാഗത്ത്,

യേശു ഈ വിഷയ സംബന്ധമായി എന്താണ് ചെയ്യുക എന്ന് പൗലൊസ് നമ്മോട് പറയുന്നു. ഈ ഭാഗത്ത്, യേശുവിനെക്കുറിച്ച് എത്ര മാത്രം നിരന്തരമായി പരാമർശം നടത്തിയിരിക്കുന്നുവെന്ന് ശ്രദ്ധിക്കുക. മിക്കവാറും എല്ലാ വാക്യങ്ങളിലും യേശുവിനെക്കുറിച്ചുള്ള പരാമർശമുണ്ട്. യേശുവിന്റെ ഉദാഹരണത്തിൽ പ്രത്യേകമായ ശ്രദ്ധയൂന്നിയിരിക്കുന്നു. ഉദാഹരണമായി വാക്യങ്ങൾ 3, 7 എന്നിവയിൽ, ''ക്രിസ്തുവും തന്നിൽത്തന്നെ പ്രസാദിച്ചില്ല''; ''ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിന്നായി നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ'' എന്നീ വചനങ്ങൾ ശ്രദ്ധിക്കുക: ഫലത്തിൽ പൗലൊസ് ഇങ്ങനെ പറയുകയായിരുന്നു: ''ഈ വിഷയത്തിൽ യേശുവിന്റെ കാലടികളിൽ നടക്കുക.'' നിങ്ങളോടു തന്നെ ചോദിക്കുക: ''സഹ വിശ്വാസികളുമായുള്ള എന്റെ ബന്ധത്തിൽ, ഞാൻ കർത്താവിന്റെ ചുവടുകളിലാണോ നടക്കുന്നത്?''

യേശുവിന്റെ ചുവടുകളിൽ നടക്കുന്നത് എപ്പോഴും അനായാസമല്ല. എന്റെ മനസ്സിൽ, കനത്തിൽ വീണു കിടക്കുന്ന മഞ്ഞിലൂടെ തന്റെ അച്ഛനെ പിന്തുടരുന്ന ഒരു കൊച്ചു കുട്ടിയെ ഞാൻ കാണുകയാണ്. മഞ്ഞിൽ പതിഞ്ഞ തന്റെ അച്ഛന്റെ കാലടിപ്പാടുകളിൽ തന്നെ തന്റെ കാൽപ്പാദം വെക്കുന്നതിനായി കാൽ നീട്ടി വെക്കുന്നതിന് ശ്രമിക്കുകയാണ് അവൻ. യേശുവിന്റെ കാൽപ്പാടുകളിൽ നടക്കുന്നതിന് നാം പരിശ്രമിക്കുന്നുവെങ്കിൽ, നാം അക്കാര്യം ചെയ്യുന്നതിൽ മെച്ചപ്പെടും; നമുക്ക് ചുറ്റുമുള്ളവർ അക്കാര്യം ചെയ്യുന്നതിൽ മെച്ചപ്പെടും. കർത്തൃ സഭ അക്കാര്യം ചെയ്യുന്നതിൽ മെച്ചപ്പെടും.

**സംസ്കാരങ്ങൾ തമ്മിലേറ്റു മുട്ടുമ്പോൾ (15:1-13)**

ഒന്നാം നൂറ്റാണ്ടിൽ യഹൂദൻമാരുടെയും ജാതികളുടെയും ഇടയിൽ വലിയൊരു വിടവുണ്ടായിരുന്നു. രണ്ട് സമൂഹങ്ങളിൽ നിന്നുള്ളവരും റോമിൽ ജീവിച്ചിരുന്നുവെങ്കിലും, അവരുടെ പശ്ചാത്തലങ്ങൾ അത്യന്തം വ്യത്യസ്തമായിരുന്നു: അവരുടെ മൂല്യങ്ങൾ ഒരേ പോലെയായിരുന്നില്ല; അവരുടെ വീക്ഷണ കോണുകൾ ഏറെ വേറിട്ടതായിരുന്നു. യഹൂദൻമാരും ജാതികളും യേശുവിനെ സ്വീകരിച്ചപ്പോൾ, അവർ വളർന്ന പശ്ചാത്തലങ്ങളിൽ നിന്നും അവർ പഠിച്ചിട്ടുണ്ടായിരുന്ന ''ചെയ്യേണ്ടതും'' ''ചെയ്യരുതാത്തതും'' പേറിയാണ് അവർ സഭയിലേക്കെത്തിയത്. കാലക്രമേണ, ദൈവത്തിന്റെ ഇഷ്ടം അറിയുന്നതിൽ ഇവരിൽ പലരും പക്വതയാർജ്ജിച്ചു. എന്നാൽ, ഇതിനിടയിലുള്ള സമയം, രണ്ട് വിഭാഗങ്ങളും എങ്ങനെയാണ് ഒരേ സഭാ കൂട്ടായ്മയിൽ ഒത്തു ചേർന്നു പോകുക? ഈ പ്രശ്നമാണ് റോമർ 15:1-13-ൽ പൗലൊസ് അഭിമുഖീകരിക്കുന്നത്.

ഇന്ന്, നമ്മുടെ സഭയിൽ ഇപ്പോഴും നാം സാംസ്കാരിക വൈരുദ്ധ്യങ്ങൾ നേരിടാറുണ്ട്. ഏത് സഭയിലെയും - അത് വലിയതാണെങ്കിലും ചെറിയതാണെങ്കിലും - സഭാംഗങ്ങൾ വിശാലമായ ഒരു ശ്രേണിയിലുള്ള പശ്ചാത്തലങ്ങളിൽ നിന്നുള്ളവരായിരിക്കും:

അഭ്യസ്തവിദ്യരും നിരക്ഷരരും.
ധനികരും ദരിദ്രരും ഇതിനിടയിലുള്ളവരും.
വ്യത്യസ്ത ജാതികളിലും വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ളവരും.
രാഷ്ട്രീയപരമായി പുരോഗമന ചിന്താഗതിയുള്ളവരും യാഥാസ്

ഥിതികരും.

ഇന്നത്തെ ലോകത്തെക്കുറിച്ച് മാത്രമറിയാവുന്ന യുവപ്രായക്കാരും മറ്റൊരു കാലയളവിൽ ജനിച്ചു വളർന്ന പ്രായം ചെന്നവരും.

ക്രിസ്തീയ മൂല്യങ്ങളിൽ വളർത്തപ്പെട്ട വ്യക്തികളും ആത്മീയതയിൽ നിന്ന് വേറിട്ട പശ്ചാത്തലങ്ങളിൽ മാത്രം വളർത്തപ്പെട്ട വ്യക്തികളും.

ദൈവ വചനത്തെക്കുറിച്ച് അറിവുള്ളവരും അറിവില്ലാത്തവരും തെറ്റായി വചനം പഠിപ്പിക്കപ്പെട്ടവരും.

റോമർ 15:1-13 നൽകുന്ന സന്ദേശങ്ങൾ, പൗലൊസിന്റെ കാലത്തെന്നതു പോലെ ഇന്നും പ്രസക്തമാണ്: ''അനോന്യം കൈക്കൊൾവീൻ''; ''അന്യോന്യം ആത്മീക വർദ്ധന വരുത്തുക''; ''അന്യോന്യം പ്രസാദിപ്പിക്കുക.''

ഒരു സംസ്കാരത്തിലുൾപ്പെട്ട ഒരു മിഷ്ണറി മറ്റൊരു സംസ്കാരത്തിലുൾപ്പെട്ടവരുമായി ചേർന്ന് പ്രവർത്തിക്കുമ്പോൾ, ഈ സന്ദേശങ്ങളുടെ ഇന്നത്തെ പ്രസക്തി തീവ്രമായ ശ്രദ്ധയ്ക്ക് പാത്രമായിത്തീരുന്നു. തന്റെ പുതിയ പശ്ചാത്തലങ്ങളുടെ ആചാരങ്ങളെക്കുറിച്ചും വിലക്കുകളെക്കുറിച്ചും മിഷ്ണറി ഉത്സുകതയോടെ അറിഞ്ഞിരിക്കണം. തന്റെ ''നൻമയ്ക്ക് ദൂഷണം വരുത്തുന്ന'' ഒന്നും തന്നെ അയാൾക്ക് ചെയ്യുവാൻ കഴിയില്ല (14:16). എന്റെ കുടുംബം ഓസ്ട്രേലിയയിലേക്ക് നീങ്ങിയപ്പോൾ, ഞങ്ങൾ ചില നിശ്ചിത വാക്കുകളും പ്രയോഗങ്ങളും ഉപയോഗിക്കുന്നതിന് വേഗം പഠിച്ചു. ഉദാഹരണമായി, യുഎസ്-ൽ ''അണ്ടർ ദ് വെതർ'' എന്ന ഇംഗ്ലീഷ് പ്രയോഗത്തിന്റെ അർത്ഥം, ഒരാൾക്ക് സുഖമില്ല അല്ലെങ്കിൽ അസുഖമാണെന്നാണ്. ഓസ്ട്രേലിയയിലാകട്ടെ ഇതിന്റെ അർത്ഥം, മദ്യപാനത്തിന്റെ ഫലമായുണ്ടാകുന്ന മന്ദതയെന്നാണ്.

ഒരു പ്രദേശത്തേക്ക് ആദ്യമായി താമസം മാറിയപ്പോൾ എങ്ങനെയാണ് പ്രാദേശികമായ വിലക്കുകൾ തങ്ങൾ അറിയാതെ ലംഘിച്ചതെന്ന് ഞാൻ മിഷ്ണറിമാരിൽ നിന്ന് നിരവധി വർഷങ്ങളായി കേട്ടിട്ടുണ്ട്. ഒരു മിഷ്ണറി ശുശ്രൂഷ ചെയ്ത സ്ഥലത്ത്, ഇടതു കൈകൊണ്ട് മറ്റൊരാൾക്ക് എന്തെങ്കിലും നൽകുന്നത് ആ വ്യക്തിയെ അപമാനിക്കുന്നതിന് തുല്യമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞതായി ഞാൻ ഓർക്കുന്നു. മറ്റുള്ളവരുടെ പക്കലുള്ള വസ്തുക്കളെ പുകഴ്ത്തി സംസാരിക്കാതിരിക്കുവാൻ പഠിച്ചുവെന്നും അദ്ദേഹം പറഞ്ഞു. ആ സമൂഹത്തിൽ, ഒരാളുടെ കൈവശമുള്ള ഒരു വസ്തുവിനെക്കുറിച്ച് ആരെങ്കിലും പ്രശംസിച്ചു സംസാരിച്ചാൽ, ആ വസ്തുവിന്റെ ഉടമ പ്രശംസിച്ച വ്യക്തിക്ക് ആ വസ്തു നൽകുന്നതിന് ബാദ്ധ്യസ്ഥനായിത്തീരുമായിരുന്നു.

ജീവിതത്തിന്റെ എല്ലാ മേഖലകളിൽ ഉൾപ്പെടുന്നവരെയും എല്ലാ ശ്രേണികളിൽ ഉൾപ്പെടുന്നവരെയും എല്ലാ സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ളവരെയും സംയോജിപ്പിക്കുന്നതിന് വിശിഷ്ടമായ കഴിവ് സഭയ്ക്കുണ്ട് (ഗലാ. 3:26-28). എന്നാൽ ഇത് സ്വയം സംഭവിക്കുമെന്ന് കരുതരുത്. മറ്റുള്ളവർ കാര്യ ങ്ങളെ എങ്ങനെ കാണുന്നുവെന്നതിനെക്കുറിച്ച് നാം സംവേദനശീലമുള്ള വരായിരിക്കേണ്ടതും അവരോട് സ്നേഹപൂർണ്ണതയോടെ ഇടപെടുകയും അവർക്ക് പിന്തുണ നൽകുകയും ചെയ്യുന്നതിന് നാം പഠിക്കുകയും ചെയ്യേണ്ടതാണ്. റോമർ 15:1-13 നാം ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ നാം ദൈവത്തിന്റെ ഒരു കുടുംബമായിത്തീരുന്നു - വെല്ലുവിളി നിറഞ്ഞ ദൈവീക

തത്വങ്ങൾ നാം പ്രവർത്തിപഥത്തിലേക്ക് കൊണ്ടു വരുമ്പോൾ.

**ക്രിസ്തുവും തിരുവചനങ്ങളും (15:4)**[59]

ഏറെ ചെറിയ ഒരു കടലാസ് കഷണം ഉപയോഗിച്ച് ഒരു പായ്ക്കറ്റ് പൊതിയുന്നതിന് നിങ്ങൾ എന്നെങ്കിലും ശ്രമിച്ചിട്ടുണ്ടോ? ''ക്രിസ്തുവും തിരുവചനങ്ങളും'' എന്ന വിഷയത്തെക്കുറിച്ച് വിവരിക്കുന്നതിന് ശ്രമിക്കുന്നത് ഇത്തരത്തിലൊരു വെല്ലുവിളിയാണ്. യേശുവിന്റെ ജീവിതവും വ്യക്തിത്വവും സംബന്ധിച്ച ഒരു രഹസ്യം - അനേക രഹസ്യങ്ങളിലൊന്ന് - വിശുദ്ധ തിരുവചനങ്ങളുമായുള്ള യേശുവിന്റെ ബന്ധത്തിൽ നമുക്ക് കണ്ടെത്താം.

''തിരുവെഴുത്തുകൾ'' എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള വാക്ക് വരുന്നത്, ''എഴുത്ത്''എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദമായ γραφή (*graphē*)-യിൽ നിന്നാണ്. ഈ ഗ്രീക്ക് വാക്ക് പുതിയ നിയമത്തിൽ അൻപത്തിയൊന്ന് പ്രാവശ്യം കാണപ്പെടുന്നു.[60] NASB-യിൽ ''തിരുവെഴുത്തുകൾ'' അല്ലെങ്കിൽ ''തിരുവെഴുത്ത്'' എന്നാണ് എപ്പോഴും ഭാഷാന്തരം ചെയ്തിട്ടുള്ളത്.[61] പുതിയ നിയമ കാലങ്ങളോടെ, ഈ ഗ്രീക്ക് പദം ''*വിശുദ്ധ* എഴുത്തുകൾ'' എന്ന അർത്ഥത്തിലാണ് പരിഗണിക്കപ്പെട്ടു തുടങ്ങിയിരുന്നത്.

''ക്രിസ്തുവും തിരുവെഴുത്തുകളും'' എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കു മ്പോൾ, *പഴയ നിയമ* വചനങ്ങളുമായുള്ള അവിടുത്തെ ബന്ധം നമ്മുടെ ശ്രദ്ധയിൽപ്പെടും. യേശു ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്ത കാലയളവിൽ ബാധകമായിരുന്ന ദൈവീക ഹിതം അതായിരുന്നു. ''എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽനിന്നു ജനിച്ചവനായി *ന്യായപ്രമാണത്തിൻ* കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചു'' എന്ന് (പ്രത്യേകമായ ഊന്നൽ ചേർത്തിരിക്കുന്നു) ഗലാത്യർ 4:4 പ്രത്യേകമായി പറയുന്നു. എങ്കിലും, നാം സംസാരിക്കുന്നതിന്റെ നിലപാട്, യേശുവിന്റെ തന്നെ ഉടമ്പടിയായ പുതിയ നിയമ തിരുവെഴുത്തുകൾക്കും (കാണുക 2 പത്രൊസ് 3:15, 16) ബാധകമാണ്.

*യഹൂദൻമാരും തിരുവെഴുത്തുകളും:* ക്രിസ്തുവിന്റെ തിരുവെഴുത്തുകളുമായുള്ള ബന്ധം വിലമതിക്കുന്നതിനായി, യേശുവിന്റെ കാലഘട്ടത്തിൽ മറ്റുള്ളവർക്ക് തിരു വെഴുത്തുകളോടുണ്ടായിരുന്ന മനോഭാവത്തെക്കുറിച്ച് നാം ആദ്യം മനസ്സിലാ ക്കേണ്ടതാണ് – പ്രത്യേകിച്ചും നിരവധി യഹൂദൻമാർക്കുള്ള മനോഭാവം.

നമ്മുടെ ലഘു നിരീക്ഷണം യഹൂദ വ്യാഖ്യാതാക്കളിൽ ഒന്നാമത്തേത് എന്ന് പൊതുവേ കരുതപ്പെടുന്ന എസ്രായുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആരംഭിക്കുകയാണ് (എസ്രാ 7:6). അദ്ദേഹത്തിന്റെ ഒപ്പം പ്രവർത്തിച്ച ഒരു സംഘം ആളുകളുടെ ദൗത്യം, തിരുവെഴുത്തുകളുടെ അടിസ്ഥാന അർത്ഥം വിശദീകരിക്കുകയായിരുന്നു (നെഹ. 8:3, 7). ശാസ്ത്രിമാരുടെ ദൗത്യത്തിന് ആരംഭം കുറിക്കുന്നത് ഇവിടെയാണെന്നാണ് യഹൂദൻമാർ പരിഗണിക്കുന്നത്. കാലം പിന്നിടവേ, തിരുവെഴുത്തുകൾ *അടക്കം ചെയ്തിരുന്നവയോടുള്ള* (ചുരുളുകൾ) ആദരവ് തുടർന്നുവെങ്കിലും *ഉള്ളടക്ക*ത്തോടുള്ള മനോഭാവം ക്ഷയിച്ചു കൊണ്ടിരുന്നു.

വർദ്ധിതമായി, വാമൊഴിയായി കൈമാറപ്പെട്ട പാരമ്പര്യങ്ങൾക്കും തിരുവെഴുത്തുകൾക്ക് തുല്യമായ സ്ഥാനം നൽകപ്പെട്ടു. വാമൊഴിയായി കൈമാറ്റപ്പെട്ട പാരമ്പര്യങ്ങൾ ലിഖിത രൂപത്തിൽ എഴുതുന്നതിന് ആദ്യം

വൈമുഖ്യമുണ്ടായിരുന്നുവെങ്കിലും എ.ഡി. രണ്ടാം നൂറ്റാണ്ടിൽ ഈ പാരമ്പര്യങ്ങളെ ഒരുമിച്ചു ചേർത്ത്, അവയെ സംരക്ഷിക്കുന്നതിനായി ലിഖിത രൂപത്തിലാക്കി. രണ്ട് തരം ഉള്ളടക്കങ്ങളുണ്ടായിരുന്നു: ഹഗ്ഗദാ - ഇത് നിയമസംബന്ധമായ രേഖകളായിരുന്നു; ഹലാഖാ - ഇതിൽ നിയമപരമായ എഴുത്തുകൾ അടങ്ങിയിരുന്നു. ഹലാഖായെക്കുറിച്ചുള്ള ഇനിപ്പറയുന്ന ഉദ്ധരണി, യേശുവിന്റെ കാലയളവിൽ തിരുവെഴുത്തുകളോടുള്ള മനോഭാവം സംബന്ധിച്ച് ഏറെ പറയുന്നുണ്ട്:

> അതിന് മോശെയുടെ ന്യായപ്രമാണത്തിന് തുല്യമായ അധികാരമുണ്ടായിരുന്നു. സ്വയം സ്പഷ്ടീകരണം നൽകുന്നതായതിനാൽ, അതിന് ചിലപ്പോൾ കൂടുതൽ ആദരവ് ലഭിച്ചിരുന്നു. ഹലാഖായുടെ ഉറവിടം തിരുവെഴുത്തുകളിൽ മാത്രം പരിമിതപ്പെട്ടിരുന്നില്ല. പാരമ്പര്യമോ ആചാരാ നുഷ്ഠാനങ്ങളോ ഏത് പഠിപ്പിക്കലിനും ഹലാഖായുടെ ശക്തി നൽകാം.[62]

ഈ സമീപനത്തെ ആദർശീകരിച്ച, പാരമ്പര്യത്തിൽ അധിഷ്ഠിതമായ പരീശൻ മാരുടെ നിയമ സിദ്ധാന്തങ്ങളെ യേശു എതിർത്തു. ദൈവം സ്ഥാപിച്ചിട്ടില്ലാത്ത നിയമങ്ങൾ അവർ നിർമ്മിച്ചു. ഗൗരവതരമായ കാര്യങ്ങളെ അവഗണിച്ച്, കഴമ്പില്ലാത്ത കാര്യങ്ങളെ അവർ ഊന്നിപ്പറഞ്ഞു (മത്താ. 23:23, 24).

തങ്ങളുടെ കാലത്ത് തിരുവെഴുത്തുകൾക്ക് പ്രസക്തിയില്ലെന്ന് കരുതിയതിനാൽ ''ജ്ഞാനോദയം പ്രാപിച്ചവർ'' ആയി സ്വയം കരുതിയിരുന്ന ചില സദൂക്യർ അതിനെ അവഗണിച്ചു.

മറ്റ് യഹൂദൻമാർ അലക്സാണ്ട്രിയൻ അലിഗോറിക്കൽ സമ്പ്രദായത്തിന്റെ സ്വാധീനത്തിലായിത്തീരുകയായിരുന്നു.[63] ഈ സമ്പ്രദായം ഗ്രീക്കുകാരുടെ ഇടയിലാണ് ജൻമം കൊണ്ടതെങ്കിലും വിദ്യാസമ്പന്നരായ ഗ്രീക്കുകാരുടെ മുൻപിൽ സ്വന്തം വിശ്വാസം ''സംരക്ഷിക്കുന്നതിനായി'' ചില യഹൂദൻമാരും ഈ സമ്പ്രദായം അവലംബിച്ചു.[64] ഈ സമീപനം തിരുവെഴുത്തുകളെ അപകീർത്തിപ്പെടുത്തുന്നതായിരുന്നു.

യേശു തന്റെ ഉപദേശവും പ്രസംഗവും ആരംഭിച്ചപ്പോൾ, യഹൂദൻമാർ ദൈവ വചനം പാലിക്കുന്നവരെന്ന് അവകാശവാദം ഉന്നയിച്ചിരുന്നു. എന്നാൽ യഥാർത്ഥ ത്തിൽ, വിശുദ്ധ രചനകൾ അവഗണിക്കപ്പെടുകയും ദുരുപയോഗി ക്കപ്പെടുകയും കോട്ടിമാറ്റപ്പെടുകയുമായിരുന്നു. ഈ ഇരുണ്ട പശ്ചാത്തലത്തിൽ, ക്രിസ്തുവിന്റെ തിരുവെഴുത്തുകളോടുള്ള ബന്ധം ഉജ്ജ്വല തേജസ്സോടെ മിന്നിയിരുന്നു.

*ക്രിസ്തുവും തിരുവെഴുത്തുകളും:* ക്രിസ്തുവിന്റെ തിരുവെഴുത്തുകളേ ാടുള്ള ബന്ധം സംബന്ധിച്ച അഞ്ച് സത്യങ്ങൾ നമുക്ക് പരിഗണിക്കാം.

1. അവിടുന്ന് തിരുവെഴുത്തുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടി. സദൂക്യരുടെ അവി ശ്വാസത്തിന് വിരുദ്ധമായി യേശു തിരുവെഴുത്തുകളുടെ പ്രാധാന്യം ഉയർത്തി ക്കാട്ടി. അവ അനന്യവും ദൈവത്തിൽ നിന്ന് വരുന്നതുമാണ് എന്ന് അവിടുന്ന് പ്രഖ്യാപിച്ചു. മത്തായി 5:18 ഇത് വ്യഞ്ജിപ്പിക്കുന്നുണ്ട്: ''സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണ

ത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപേ ാകയില്ല.'' യോഹന്നാൻ 5:39-ലും ഇത് സൂചിപ്പിക്കപ്പെടുന്നുണ്ട്. യേശു പറഞ്ഞു: ''നിങ്ങൾ തിരുവെഴുത്തുകളെ ശോധന ചെയ്യുന്നു ... അവ എനിക്ക് സാക്ഷ്യം പറയുന്നു.'' മർക്കൊസ് 7:9, 10-ൽ മോശെയിലൂടെ ദൈവം സംസാരിച്ചുവെന്ന് ഫലത്തിൽ ദൈവം പറഞ്ഞു: പിന്നെ അവരേ ാടു പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻ വേണ്ടി നിങ്ങൾ *ദൈവകല്പന* തള്ളിക്കളയുന്നതു നന്നായി. ''നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ പ്രാകുന്നവൻ മരിക്കേണം എന്നു *മോശെ* പറഞ്ഞുവല്ലോ'' (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). മർക്കൊസ് 12:36-ൽ ഇതേ വിഷയം ദാവീദിന്റെ എഴുത്തുകളെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിരിക്കുന്നു: ''കർത്താവു എന്റെ കർത്താവിനോടു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം ആക്കുവോളം എന്റെ വലത്തുഭാഗത്തിരിക്ക എന്നു അരുളിച്ചെയ്തു'' എന്നു ദാവീദ് താൻ *പരിശുദ്ധാത്മാവിലായി* പറയുന്നു. (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

യേശു തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നാണ് എന്ന് പ്രഖ്യാപിച്ചതിന ാൽ, അവ സത്യവും കൃത്യവുമാണ് എന്നും അവിടുന്ന് പ്രഖ്യാപിച്ചു. ''നിന്റെ വചനങ്ങൾ സത്യമാണ്'' എന്ന് യേശു പിതാവിനോട് പറയുന്നു (യോഹ. 17:17). വചനാധിഷ്ഠിതമായ എല്ലാ ദൈവശാസ്ത്രവും സത്യമാണെന്നുള്ളതും എല്ലാ വേദപുസ്തക കഥകളും സത്യമാണെന്നും ഉള്ള സത്യം യേശു തന്റെ വചന ങ്ങളിലൂടെ ലോകത്തിന് കാട്ടിക്കൊടുത്തു. ഇന്ന് വിമർശകർ ആക്രമണത്തിന് ഇരയാക്കുന്ന പഴയ നിയമ സംഭവങ്ങളുൾപ്പെടെയുള്ള പഴയ നിയമ തിരുവെഴു ത്തുകൾ യേശു തന്റെ ഉപദേശത്തിന് അടിസ്ഥാനമായി ഉപയോഗിച്ചു:

സൃഷ്ടിയും ആദ്യത്തെ സ്ത്രീയും പുരുഷനും - മത്തായി 19:1-9-ൽ (കാണുക ഉൽപ്പത്തി 1; 2).
നോഹയും ജലപ്രളയവും - മത്തായി 24:37-39-ൽ (കാണുക ഉൽപ്പത്തി 6-9).
ദൈവം നശിപ്പിച്ച സൊദോം, ഗൊമൊറ - മത്തായി 10:15; 11:23, 24; ലൂക്കൊസ് 10:12-ൽ (കാണുക ഉൽ. 18:20-19:29).
ദൈവം നൽകിയ പത്ത് കൽപ്പനകൾ - മത്തായി 19:17; യോഹ. 15:10 എന്നിവയിൽ (കാണുക ഉൽ. 20:1-22).
സ്വർഗ്ഗീയ മന്നായുടെ അത്ഭുതം, യോഹ. 6:49-ൽ (കാണുക പുറ. 16:14-21).
യോനയെ കടലാന വിഴുങ്ങിയത് - മത്തായി 12:39-41 (കാണുക യോഹ. 1:17-2:10).
ഏലീയാവ് സാരെഫാത്തിലെ വിധവയെ സഹായിക്കുന്നു - ലൂക്കൊസ് 4:25, 26-ൽ (കാണുക 1 രാജാ. 17:8–24).
നയമാന്റെ അത്ഭുത രോഗസൗഖ്യം, ലൂക്കൊസ് 4:27-ൽ (കാണുക 2 രാജാ. 5:1-14).

സങ്കടകരമെന്ന് പറയട്ടെ, ഇന്ന് ചിലർ യേശുവിൽ വിശ്വസിക്കുന്നുവെന്ന് പറയുകയും അതേ സമയം തന്നെ അവിടുന്ന് സ്ഥിരീകരിച്ചവയെ നിരാകരിക്കുകയും ചെയ്യുന്നു.

തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നാണ് എന്ന് യേശു പ്രഖ്യാപ

ിച്ചപ്പോൾ, അവ ദൈവ ജനത്തിനായുള്ള അധികാരമാണ് എന്ന് കൂടി അവിടുന്ന് പ്രഖ്യാപിക്കുക യായിരുന്നു. ഹലാഖായും മറ്റ് പാരമ്പര്യങ്ങളും ദൈവത്തിന്റെ അധികാരം വഹിക്കു ന്നതായിരുന്നില്ല. അവിടുത്തെ അധികാരം "യഹോവ ഇങ്ങനെ അരുളിച്ചെയ്യുന്നു" എന്ന് പറയുന്ന തിരുവെഴുത്തിലായിരുന്നു. മത്തായി 15:1-9 നേക്കാൾ മെച്ചമായി മറ്റൊരു വചനവും ഒരു പക്ഷേ എഴുതപ്പെട്ട ദൈവചനത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രഖ്യാപനം ചിത്രീകരിക്കുന്നുണ്ടായിരിക്കില്ല:

> അനന്തരം യെരൂശലേമിൽനിന്നു പരീശന്മാരും ശാസ്ത്രിമാരും യേശുവിന്റെ അടുക്കൽ വന്നു: നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിക്കുന്നതു എന്തു? അവർ ഭക്ഷിക്കുമ്പോൾ കൈ കഴുകുന്നില്ലല്ലോ എന്നു പറഞ്ഞു അവൻ അവരോടു ഉത്തരം പറഞ്ഞതു: നിങ്ങളുടെ സമ്പ്രദായംകൊണ്ടു നിങ്ങൾ ദൈവകല്പന ലംഘിക്കുന്നതു എന്തു? അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയോ അമ്മയെയോ ദുഷിക്കുന്നവൻ മരിക്കേണം എന്നും ദൈവം കല്പിച്ചു വല്ലോ. നിങ്ങളോ ഒരുത്തൻ അപ്പനോടു എങ്കിലും അമ്മയോടു എങ്കിലും: നിനക്കു എന്നാൽ ഉപകാരമായി വരേണ്ടതു എന്ന അർത്ഥമുള്ള വഴിപ ാടു എന്നു പറഞ്ഞാൽ അവൻ അപ്പനെ ബഹുമാനിക്കേണ്ടാ എന്നു പറയുന്നു; ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചന ത്തെ ദുർബ്ബലമാക്കിയിരിക്കുന്നു. കപടഭക്തിക്കാരേ, നിങ്ങളെക്കുറിച്ചു യെശയ്യാവു: "ഈ ജനം അധരം കൊണ്ടു എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എന്നെ വിട്ടു അകന്നിരിക്കുന്നു. മാന ുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിക്കുന്നതുകൊണ്ടു എന്നെ വ്യർത്ഥമായി ഭജിക്കുന്നു" എന്നിങ്ങനെ പ്രവചിച്ചതു ഒത്തിരിക്കുന്നു.

യേശുവിന്റെ ചുണ്ടുകളിൽ നിരന്തരമായുണ്ടായിരുന്ന രണ്ട് പ്രയോഗങ്ങൾ: "... എന്ന് എഴുതിയിരിക്കുന്നുവല്ലോ", "നിങ്ങൾ വായിച്ചിട്ടില്ലയോ?" എന്നിവയാ യിരുന്നു. ഒന്നാമത്തേത്, യേശു സംസാരിക്കുമ്പോൾ സുവിശേഷങ്ങളിൽ പതിനേഴ് പ്രാവ ശ്യവും രണ്ടാമത്തേത് അഞ്ച് പ്രാവശ്യവും കാണപ്പെടുന്നുണ്ട്. നിരവധി അവസരങ്ങളിൽ ആളുകൾ യേശുവിന്റെ ചോദ്യങ്ങളുയർത്തി യപ്പോൾ, യേശു അവർക്ക് എഴുതപ്പെട്ട വചനം ചൂണ്ടിക്കാട്ടി (മർക്കൊസ് 10:3). ധനികനായ പ്രമാണിയോട് യേശു പറഞ്ഞു: "കൽപ്പനകളെ പ്രമാണിക്ക" (മത്തായി. 19:17; കാണുക മർക്കൊസ് 10:19; ലൂക്കൊസ് 18:20). സൗഖ്യം പ്രാപ ിച്ച കുഷ്ഠരോഗിയോട് യേശു പറഞ്ഞു: "നിന്റെ ശുദ്ധീകരണത്തിന് മോശെ കൽപ്പിച്ചത് നിന്റെ സാക്ഷ്യത്തിനായി അർപ്പിക്ക" (മർക്കൊസ് 1:44). ഒരു ന്യായശാസ്ത്രി യേശുവിനെ കുടുക്കുവാൻ ശ്രമിച്ചപ്പോൾ, യേശു ഇങ്ങനെ യാണ് പ്രതികരിച്ചത്: "ന്യായപ്രമാണത്തിൽ എന്തു എഴുതിയിരിക്കുന്നു? നീ എങ്ങനെ വായിക്കുന്നു?" (ലൂക്കൊസ് 10:26).

ലൂക്കൊസ് 16-ലെ ധനികനായ വ്യക്തിയുടെയും ലാസറിന്റെയും കഥയിൽ, പ്രചോദിത രചനയെക്കുറിച്ചുള്ള യേശുവിന്റെ മനോഭാവം പ്രകടിതമാകുന്നുണ്ട്. പാതാളത്തിലെത്തപ്പെട്ട ധനികനായ വ്യക്തി അബ്ര ാഹാമിനോട് ലാസറിനെ തന്റെ അഞ്ച് സഹോദരൻമാരുടെ അടുത്തേക്ക് അയയ്ക്കുന്നതിനായി അപേക്ഷിക്കുന്നു.

> “അബ്രാഹാം അവനോടു: അവർക്കു മോശെയും പ്രവാചകന്മാരും ഉണ്ടല്ലോ; അവരുടെ വാക്കു അവർ കേൾക്കട്ടെ എന്നു പറഞ്ഞു. അതിന്നു അവൻ: അല്ലല്ല, അബ്രാഹാം പിതാവേ, മരിച്ചവരിൽനിന്നു ഒരുത്തൻ എഴുന്നേറ്റു അവരുടെ അടുക്കൽ ചെന്നു എങ്കിൽ അവർ മാനസാന്തരപ്പെടും എന്നു പറഞ്ഞു. അവൻ അവനോടു: അവർ മോശെയുടെയും പ്രവാചകന്മാരുടെയും വാക്കു കേൾക്കാഞ്ഞാൽ മരിച്ചവരിൽനിന്നു ഒരുത്തൻ എഴുന്നേറ്റു ചെന്നാലും വിശ്വസിക്കയില്ല എന്നു പറഞ്ഞു” (ലൂക്കൊസ് 16:29-31).

ദൈവത്തിന്റെ ലിഖിത വചനം, ശക്തിമത്താണെന്ന് യേശു തന്റെ വാക്കുകളിലൂടെ പ്രകടിതമാക്കി.

ഇന്ന് നാം എത്ര മാത്രം തീവ്രമായി തിരുവെഴുത്തുകളിൽ വിശ്വാസമർപ്പിക്കേണ്ടി യിരിക്കുന്നു! തിരുവചനത്തിന്റെ ശത്രുവാണെന്ന് പരസ്യമായി തുറന്നു സമ്മതി ച്ചിട്ടുള്ളവരിൽ നിന്നും അതിന്റെ മിത്രമാണെന്ന് ഏറ്റു പറയുന്ന ചിലരിൽ നിന്നും, വേദവചനം ആക്രമണത്തിനിരയായിക്കൊണ്ടിരിക്കുകയാണ്. ചിലർ വേദ പുസ്തകം മനുഷ്യന്റെ ഭാവനാ സൃഷ്ടിയാണെന്നോ ദൈവത്തിന്റെ പിന്നാലെ യുള്ള മനുഷ്യരുടെ പ്രയത്നങ്ങളുടെ വെറുമൊരു മതേതരമായൊരു രേഖയാണെ ന്നോ ചിലർ പറയുന്നു. ഇതിന് പുറമേ മതപരമായ ലോകത്തിന്റെ പാരമ്പര്യങ്ങൾ കാരണമായുണ്ടായ ചിന്താക്കുഴപ്പങ്ങളുമുണ്ട് - അധികമായ “വെളിപ്പാടുകളും” പ്രീമില്യനിയലിസം സംബന്ധിച്ച അനുമാനപരമായ സിദ്ധാന്തങ്ങൾ ഉൾപ്പെടെ!

ദൈവം തന്റെ ലിഖിത വചനത്തിലൂടെ സംസാരിച്ചിരിക്കുന്നു. അതിനാൽ അത് സത്യവും പരമോന്നതവുമാണ്. നമുക്ക് തിരുവെഴുത്തുകളെ അങ്ങനെ തന്നെ വിടാം!

ഓരോ രാഷ്ട്രവും ചെയ്യേണ്ടത് എന്താണെന്ന്, മാസച്യൂസെറ്റസിലെ പ്ലിമത് ബേയെ[65] അഭിമുഖീകരിക്കുന്ന ഒരു സ്മാരകത്തിൽ നിന്ന് നമുക്ക് ചിത്രീകരിക്കാം. ഗ്രാനൈറ്റിൽ തീർത്ത ഭീമാകാരമായ ഒരു പ്രതിമയാണിത്. ഈ പ്രതിമയുടെ അടിഭാഗത്തെ നാല് കോണുകൾ പ്രതിനിധീകരിക്കുന്നത് ഒരു രാഷ്ട്രത്തിന്റെ നാല് ഘടകങ്ങളാണ്: നിയമം, നൈതികത, സ്വാതന്ത്ര്യം, വിദ്യാഭ്യാസം. ഈ നാല് അടിസ്ഥാന ഘടകങ്ങളുടെ മുകളിൽ, *വിശ്വാസത്തെ* പ്രതിനിധീകരിക്കുന്ന ഒരു സ്ത്രീ രൂപമുണ്ട്. ഈ രൂപത്തിന്റെ കൈയിൽ ഒരു വേദപുസ്തകം പിടിച്ചിരിക്കുന്നു; സ്ത്രീ രൂപത്തിന്റെ മറ്റേ കൈ ദൈവത്തിലേക്ക് ചൂണ്ടുന്നു. ദൈവത്തിലും അവിടുത്തെ വചനത്തിലുമുള്ള വിശ്വാസം ഓരോ രാഷ്ട്രത്തിലും പ്രബലപ്പെടേണ്ടതാണ്.

2. യേശുവിന് തിരുവെഴുത്തുകൾ ഹൃദിസ്ഥമായിരുന്നു. യേശു തിരുവചനത്തിന്റെ പ്രാധാന്യം പ്രഖ്യാപിക്കുക മാത്രമല്ല ആ വചനങ്ങൾ അവിടുത്തേക്ക് ഹൃദിസ്ഥവുമായിരുന്നു. ഞാൻ ഓസ്ട്രേലിയയിലായിരുന്നപ്പോൾ, ദൈവ വചനത്തെ ക്കുറിച്ച് അൽപ്പ മാത്രമായി ഗ്രാഹ്യമുണ്ടായിരുന്ന ഒരു വ്യക്തിയോടൊത്ത് ഞാൻ പഠിച്ചിരുന്നു. ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ ഒരു ശുശ്രൂഷകനായിത്തീരുകയെന്ന ഉദ്ദേശ്യത്തോടെ നിരവധി വർഷങ്ങൾ ഒരു തിയോളജിക്കൽ സെമിനാരിയിൽ അദ്ദേഹം പഠിച്ചിട്ടുണ്ടായിരുന്നുവെന്ന് ഏതാനും നാളുകൾക്ക് ശേഷം അദ്ദേഹം എന്നോട് പറഞ്ഞു. ആ വർഷങ്ങളിൽ എന്താണ് പഠിച്ചതെന്ന് ഞാൻ അദ്ദേഹത്തോട് ചോദിച്ചു. അദ്ദേഹത്തിന്റെ

സഭാവിഭാഗത്തിന്റെ ചടങ്ങുകൾ നടത്തുന്നത് എങ്ങനെയാണെന്ന് താനും തന്റെ സഹപാഠികളും പഠിച്ചുവെന്ന് അദ്ദേഹം എന്നോട് പറഞ്ഞു. അദ്ദേഹത്തിന് ചടങ്ങുകൾ അറിയാമായിരുന്നു.; വചനം അറിയാമായിരുന്നില്ല. ഇതേ പോലെ, ക്രിസ്തുവിന്റെ കാലത്ത് അനേകം പേർക്ക് പാരമ്പര്യങ്ങൾ അറിയാമായിരുന്നു; തിരുവെഴുത്തുകൾ അറിയാമാ യിരുന്നില്ല. എന്നാൽ യേശുവിന് അത് ഹൃദിസ്ഥമായിരുന്നു.

ഉദാഹരണമായി, ദൈവ വചനത്തിൽ സൂചക വാക്യങ്ങൾ കണ്ടെത്തുന്നതിന് യേശുവിന് അറിയാമായിരുന്നു. അവിടുന്ന് തന്റെ ജനന സ്ഥലമായ നസറേത്തി ലേക്ക് മടങ്ങി വന്നപ്പോഴുണ്ടായ ഒരു സംഭവത്തെക്കുറിച്ച് നാം വായിക്കുന്നുണ്ട്:

> “അവൻ വളർന്ന നസറെത്തിൽ വന്നു: ശബ്ബത്തിൽ തന്റെ പതിവു പോലെ പള്ളിയിൽ ചെന്നു വായിപ്പാൻ എഴുന്നേറ്റുനിന്നു. യെശയ്യാ പ്രവാചകന്റെ പുസ്തകം അവന്നു കൊടുത്തു; അവൻ പുസ്തകം വിടർത്തി: ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗി പ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും ...” (ലൂക്കൊസ് 4:16-18).

തിരുവെഴുത്തുകളുടെ ചുരുളുകൾ വലിയതും കൈകാര്യം ചെയ്യുന്നതിന് ദുഷ്കരവുമായിരുന്നു; സൂചക വാക്യങ്ങൾ കണ്ടെത്തുന്നതിനായി അവ ചുരുട്ടുകയും തുറക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. ചുരുളുകളിൽ അദ്ധ്യായ ങ്ങളോ വാക്യങ്ങളുടെ വിഭജീകരണമോ ഇല്ലായിരുന്നു. യേശു വായിച്ച വചന ഭാഗം യെശയ്യാ പ്രവാചകന്റെ പുസ്തകത്തിന്റെ അന്ത്യത്തിലായിരുന്നു (യെശ. 61:1, 2). പ്രകടമായും, യേശു യാതെ ാരു വൈഷമ്യവും കൂടാതെ അത് കണ്ടെത്തി. അത് വലിയൊരു കാര്യം തന്നെയായിരുന്നു.

യേശു ചുരുളുകളിൽ നിന്ന് വചന ഭാഗങ്ങൾ കണ്ടെത്തുക മാത്രമായി രുന്നില്ല. അവ ഓർമ്മയിൽ നിന്ന് അവിടുന്ന് ഉദ്ധരിച്ചു. പിശാച് മരുഭൂമിയിൽ വെച്ച് പരീക്ഷിച്ചപ്പോൾ, യേശുവിന്റെ സഞ്ചിയിൽ അടയാളപ്പെടുത്തിയ വേദ പുസ്തകമോ വചനസഹായിയോ ഇല്ലായിരുന്നു. എന്നാൽ, ഓരോ പ്രാവശ്യവ ും പിശാച് പരീക്ഷിക്കുന്നതിന് ശ്രമിച്ചപ്പോൾ, ഇങ്ങനെ “എഴുതിയിരിക്കുന്നു” എന്ന മറുപടിയായിരുന്നു ക്രിസ്തു നൽകിയത്. ആവർത്തന പുസ്തകം 8:3; 6:16, 6:13 (മത്തായി 4:1-11) എന്നിവയിൽ നിന്നാണ് യേശു ഉദ്ധരിച്ചത്. ഏറ്റവും വലിയ കൽപ്പനയെക്കുറിച്ച് ചോദിച്ചപ്പോൾ യേശു ആവർത്തനപ ുസ്തകം 6:5-ഉം ലേവ്യ പുസ്തകം 19:18-ഉം (മത്തായി 22:37-40) ഉദ്ധരിച്ചു. തന്റെ ശുശ്രൂഷയ്ക്കിടയിൽ അവിടുന്ന് ദാവീദ്, യെശയ്യാവ്, ഹോശേയ എന്നിവരെയും മറ്റുള്ളവരെയും ഉദ്ധരിച്ചു.

ദൈവ നിവേശിതമായ വചനത്തിന് മുകളിലുള്ള യേശുവിന്റെ അധീശത്വം, തെരഞ്ഞെടുത്ത ഏതാനും വചനങ്ങളിൽ മാത്രമായുള്ളതോ ഉപരിപ്ലവമായു ള്ളതോ ആയിരുന്നില്ല. ഉയിർത്തെഴുന്നേറ്റതിന് ശേഷം, എമ്മവുസിലേക്കുള്ള വഴിയിൽ യേശു തന്റെ ചില ശിഷ്യൻമാരോട് സംസാരിച്ചു. “മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും എല്ലാതിരുവെഴുത്തുകളിലും തന്നെക്കുറിച്ചു

ള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു'' (ലൂക്കൊസ് 24:27; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). യേശു സംസാരിക്കുന്നത് കേട്ട എല്ലാ വരും അവിടുത്തെ വചനത്തെക്കുറിച്ചുള്ള (മത്തായി 7:28, 29) അറിവിലും പഠിപ്പിക്കലിലും വിസ്മയഭരിതരായിത്തീർന്നതിൽ അത്ഭുതപ്പെടാനില്ല.

യേശുവിന് ഇത്തരത്തിൽ വചന ജ്ഞാനം ലഭിച്ചത് എങ്ങനെയാണ്? തീർച്ചയായും യേശുവിന് പ്രകൃത്യാതീതമായ ജ്ഞാനം ലഭിച്ചിരുന്നു. അതു കൊണ്ടു തന്നെ യേശു എപ്പോഴും സത്യങ്ങൾ മാത്രം സംസാരിച്ചു. എന്നാൽ, പഴയ നിയമത്തെക്കുറിച്ചുള്ള അറിവുകൾ നമ്മെപ്പോലെ യേശു വചന പഠനത്തി ലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും കൈവരിച്ചുവെന്ന് അന ുമാനിക്കാം.

ലൂക്കൊസ് 2:52 ശൈശവാവസ്ഥയിൽ നിന്ന് യേശു സ്വഭാവികമായി വളർച്ച പ്രാപിച്ചുവെന്ന് സൂചിപ്പിക്കുന്നു. ''യേശുവോ, ജ്ഞാനത്തിലും വളർച്ച യിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു'' (ലൂക്കൊസ് 2:52). പെരുന്നാളിൽ സംബന്ധിക്കുന്നതിനായി മറിയയ ുടെയും യോസേഫിന്റെയും ഒപ്പം യേശു പോയപ്പോൾ യേശുവിന്റെ ജ്ഞാനം നാം കാണുന്നു: ''മൂന്നു നാൾ കഴിഞ്ഞശേഷം അവൻ ദൈവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോടു ചോദിക്കയും ചെയ്യുന്നതും കണ്ടു. അവന്റെ വാക്കു കേട്ടവർക്കെല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി. അവനെ കണ്ടിട്ടു അവർ അതിശയിച്ചു'' (ലൂക്കൊസ് 2:46, 47).

യഹൂദ ബാലൻമാർ തിരുവെഴുത്തുകൾ പഠിക്കുകയും ഏതെങ്കിലുമൊരു തൊഴിൽ അഭ്യസിക്കുകയും ചെയ്യേണ്ടിയിരുന്നു. യേശു ഒരു പക്ഷേ അങ്ങനെ ചെയ്തിരുന്നിരിക്കാം. പള്ളിയിലേക്ക് പതിവായി പോകുന്നത് യേശുവിന് ഒരു ''മുറ'' ആയിരുന്നു (ലൂക്കൊ. 4:16). ഗിരിപ്രസംഗത്തിൽ യേശു പറഞ്ഞു ''നീതിക്കായി വിശന്നു ദാഹിക്കുന്നവർ (തീവ്രമായ ആഗ്രഹമുള്ളവർ) തൃപ്തരാക്കപ്പെടും'' (മത്താ. 5:6). യേശുവും അത്തരത്തിലൊരു ആഗ്രഹം പ്രകടിതമാക്കി.

പെരുന്നാളിൽ യേശു മറ്റുള്ളവരെ പഠിപ്പിച്ചപ്പോൾ ''വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നത് എങ്ങനെ?'' (യോഹ. 7:15). ''വിദ്യാഭ്യാസം ചെയ്യാത്ത'' എന്നത് കൊണ്ട് അർത്ഥമാക്കിയത് ക്രിസ്തുവിന് ഔപചാരികമായ ഒരു വിദ്യാഭ്യാസം ലഭിച്ചിട്ടില്ലായിരുന്നുവെന്നും യഹൂദ ഗുരുക്കൻമാരിൽനിന്നും പഠിച്ചിട്ടില്ലായിരുന്നുവെന്നുമാണ്. എങ്കിലും, യേശുവിന് തിരു വെഴുത്തുകൾ ഹൃദിസ്ഥമായിരുന്നു.

നമുക്ക് ഇന്ന് ഇതേ ഗുണങ്ങൾ ആവശ്യമാണ്. ക്രിസ്തീയ വിശ്വാസി കളെന്ന് അവകാശപ്പെടുന്നവർക്ക് അവ ആവശ്യമാണ്. ഒരു അഭിപ്രായ വോട്ടെടുപ്പിൽ, വേദപുസ്തകം ദൈവപ്രചോദിതമാണ് എന്ന് വിശ്വസിക്കു ന്നതായി പങ്കെടുത്ത 80% ആളുകളും പറഞ്ഞു. എന്നാൽ 50% ആളുകൾക്ക് മാത്രമാണ് സുവിശേഷങ്ങൾ തിരിച്ചറിയാൻ കഴിയുമായിരുന്നത്. പ്രസംഗിക്കു ന്നതിന് ശ്രമിക്കുന്നവരിൽ ഈ ഗുണങ്ങൾ ഉണ്ടാകേണ്ടതാണ്. ചില പ്രസം ഗകർ വേദപുസ്തകത്തിലുള്ളത് ഒഴിച്ച് മറ്റെല്ലാം ഉദ്ധരിക്കുകയും അറിയുകയും ചെയ്യുന്നതായി തോന്നാറുണ്ട്.

നമുക്ക് വ്യക്തിപരമായി ചിലവ പ്രയോഗത്തിൽ വരുത്താം: നമുക്ക് എത്ര നന്നായി വേദപുസ്തകത്തെക്കുറിച്ച് അറിവുണ്ട്? കെജെവി പരിഭാഷയിൽ

യോഹന്നാൻ 5:39 വായിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നു: "നിങ്ങൾ തിരുവെഴുത്തുകളെ[66] ശോധന ചെയ്യുന്നു. അവയിൽ നിങ്ങൾക്ക് നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ നിരൂപിക്കുന്നുവല്ലോ. അവ എനിക്ക് സാക്ഷ്യം പറയുന്നു." തന്റെ കാലത്തെ "ജ്ഞാനോദയം പ്രാപിച്ചവർ" ആയി സ്വയം കരുതിയിരുന്നവരോട് യേശു പറഞ്ഞു: "അതിന്നു യേശു ഉത്തരം പറഞ്ഞതു: നിങ്ങൾ തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയായ്കകൊണ്ടു തെറ്റിപ്പോകുന്നു" (മത്തായി 22:29; കാണുക മർക്കൊസ് 12:24).

3. യേശു തിരുവെഴുത്തുകൾക്ക് മഹത്വം നൽകി. ലൂക്കൊസ് 4:16–ൽ യേശുവിന്റെ ദൈവ വചനത്തോടുള്ള പൊതുവായ സമീപനം കാണാം. അവിടുന്ന് അത് വായിച്ചപ്പോൾ എഴുന്നേറ്റ് നിന്ന് ആദരവ് പ്രകടമാക്കി. എന്നാൽ, യേശു എങ്ങനെയാണ് തിരുവെഴുത്തുകളെ *കൈകാര്യം* ചെയ്തത് – എങ്ങനെ അവിടുന്ന് അത് വ്യാഖ്യാനിക്കുകയും അത് പ്രയോഗത്തിൽ വരുത്തുകയും ചെയ്തുവെന്നത് – എന്നതിലാണ് നാം *ഊന്നൽ* നൽകേണ്ടത്.

തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നുള്ള വെളിപ്പാടുകളായി യേശു ലോകത്തിന് മുൻപിൽ പ്രകടിതമാക്കി – സർവ്വശക്തനായ ദൈവത്തിൽ നിന്നുള്ള ആശയ വിനിമയം – അത് മൂടിവെക്കപ്പെട്ടതല്ല മറിച്ച് മറ നീക്കി കാണിക്കുന്നതാണ്. ദൈവനിവേശിതമായ ഈ എഴുത്തുകളോട് ചിലർ കാണിക്കുന്ന അനാദരവിനെ ക്കുറിച്ച് നാം മുൻപ് പരാമർശിച്ചല്ലോ. അവർ ആ എഴുത്തുകളുടെ യഥാർത്ഥ സന്ദേശത്തെ അവഗണിച്ച് "അഗാധമായ അർത്ഥതലങ്ങൾ" തേടി. അവർ വിശുദ്ധ എഴുത്തുകളെ ഉപമാരൂപത്തിലാക്കിത്തീർക്കുകയും മറ്റ് തരത്തിൽ ദുരുപയോഗിക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സമീപനം ഇതിന് നേരെ വിപരീതമായിരുന്നു.

> (ക്രിസ്തുവിന്റെ പഠിപ്പിക്കൽ) റബ്ബികളുടെ തെറ്റുകൾ നിറഞ്ഞ വിമർശനാത്മകമായി അങ്ങേയറ്റം വരെ പോയി വ്യാഖ്യാനിക്കുന്ന ശൈലിയിൽ നിന്ന് പൂർണ്ണമായും വിമുക്തമായിരുന്നു; കൂടാതെ വചനങ്ങളുടെ സാധാരണമായ അർത്ഥങ്ങൾ മാത്രമേ സ്പർശിച്ചുമുള്ളൂ.
>
> എല്ലാ പ്രാവശ്യവും, അവിടുത്തെ വ്യാഖ്യാനം ലളിതവും പ്രായോഗികവും തിരുവെഴുത്തുകളുടെ അടിസ്ഥാന തലത്തിൽ കിടക്കുന്ന അക്ഷരികമായ അർത്ഥം മാത്രം ഉപയോഗപ്പെടുത്തുന്നതുമായിരുന്നു. യേശുവിന്റെ കാലത്ത് നിലനിന്നിരുന്ന, വിമർശനാത്മക വ്യാഖ്യാനിക്കലിന്റെ സമ്പ്രദായങ്ങളുടെ വെളിച്ചത്തിൽ, ഇത് അസാമാന്യമായ ഒന്നിനേക്കാളും കുറവായിരുന്നില്ല.[67]

ഞാൻ തിരുവെഴുത്തുകളോടുള്ള ഈ സമീപനത്തെ – തിരുവെഴുത്തുകളെ സ്വാഭാവികമായി സമീപിക്കുന്നത്; നാം പൊതുവായി സാഹിത്യത്തെ സമീപിക്കുന്നതു പോലെ – "സ്വാഭാവിക" സമീപനം എന്ന് വിളിക്കുന്നു. ഈ സമീപനത്തിൽ സ്വാഭാവികമായ, സാധാരണ അർത്ഥത്തിന് എപ്പോഴും പ്രഥമഗണന നൽകുന്നു; വ്യക്തമായ ഉപമകൾ, അലങ്കാരങ്ങൾ, മറ്റ് പ്രയോഗങ്ങൾ എന്നിവയ്ക്ക് കിഴിവ് നൽകിക്കൊണ്ട്.

ഇത് വേദപുസ്തക വ്യാഖ്യാനത്തിനുള്ള ഒരു പാഠമല്ല.[68] എന്നാൽ, യേശു തിരുവെഴുത്തുകളെ ഉപയോഗിച്ചതിൽ നിന്ന് ഏറെ പഠിക്കാനുണ്ട്:

ശരിയായ മനോഭാവത്തോടെ ദൈവവചനത്തെ സമീപിക്കേണ്ടതിന്റെ ആവശ്യകത അവിടുന്ന് ഊന്നിപ്പറഞ്ഞു (മത്താ. 13; മർ. 4:9, 12; ലൂക്കൊ. 8:18).

പഴയ നിയമത്തിന്റെ അസ്സൽ ഭാഷകളും (എബ്രായ ഭാഷയും അരാമിക് ഭാഷയും) പരിഭാഷകളും (പ്രത്യേകിച്ചും എൽഎക്സ്എക്സ്) യേശുവിന് പരിചിതമായിരുന്നു.

ഒരു വിഷയം സംബന്ധിച്ച് എല്ലാം ശേഖരിക്കുകയും ഒരു വചനഭാഗത്തിന്റെ പശ്ചാത്തലം എപ്പോഴും പരിശോധിക്കുകയും ചെയ്യുന്നതിനുള്ള അടി സ്ഥാന തത്വങ്ങൾ യേശു സ്ഥാപിച്ചു. ഒപ്പം, പിശാചിനോട് "... എന്ന് എഴുതിയിരിക്കുന്നുവല്ലോ" എന്ന് പറഞ്ഞപ്പോൾ (മത്താ. 4:7) വേദവചനം സ്വയം വ്യാഖ്യാനിക്കപ്പെടുന്നതിന് യേശു അന‌ുവദിക്കു കയും ചെയ്തു.

ഒരു വചന ഭാഗം സംബന്ധിച്ച് ആരാണ് ആ വചനഭാഗം എഴുതിയിരിക്കുന്നത്, ആർക്കാണ് അത് എഴുതിയിരിക്കുന്നത്, എന്തു കൊണ്ട് അത് എഴുതി എന്ന് മിക്കപ്പോഴും യേശു പറഞ്ഞപ്പോൾ, ഒരു വചനഭാഗത്തെക്കുറിച്ച് പഠിക്കുമ്പോൾ, ആ ഭാഗം എഴുതപ്പെട്ടതിന്റെ പശ്ചാത്തലവും പഠന വിധേയമാക്കേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാട്ടപ്പെട്ടു.

തിരുവെഴുത്തുകൾ കൈകാര്യം ചെയ്തപ്പോഴൊക്കെ എല്ലാ ഇടപെടലുകളിലും യേശു സരളമായും സ്വാഭാവികമായും മനുഷ്യ ഭാഷയുടെ അടിസ്ഥാന "ചട്ടങ്ങൾ" പാലിച്ചു.

തിരുവെഴുത്തുകളോടുള്ള സാമാന്യബുദ്ധി ഉൾപ്പെടുന്ന ക്രിസ്തുവിന്റെ സമീ പനം ഇന്ന് ആവശ്യമാണ്. നാം ഇന്ന് ജീവിക്കുന്നത് വന്യമായ ഊഹാപോഹ ങ്ങളുടെ ഒരു ദിനങ്ങളിലാണ്. എത്രമാത്രം വന്യമായിട്ടാണോ അനുമാനങ്ങൾ, അനുയായികളെ സൃഷ്ടിക്കുന്നതിന് അത്രമാത്രം എളുപ്പമാണെന്നാണ് ചിലപ്പോൾ തോന്നുന്നത്. നമ്മോട് തന്നെ സത്യന്ധത പുലർത്തുന്നതിന്, തിരുവചന പഠനം സംബന്ധിച്ച് ശരിയായ മനോഭാവം പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നാം സ്വയം ഓർമ്മപ്പെടുത്തേണ്ടതുണ്ടെന്ന് നാം സമ്മതിച്ചേ തീരൂ. ആമോസ് ആർ. വെൽസ് ഈ വാക്കുകൾ എഴുതി:

ക്ഷീണത്തോടെ മുട്ടുമടക്കുന്നതിന് മുൻപേ,
ബൈബിൾ കളിയ്ക്കാനെന്ന പോലെ ഉപയോഗിക്കുന്നതിന്,
വിരൽ മുക്കി അവിടെയും ഇവിടെയും കുടയുന്ന പോലെ നിങ്ങൾ,
കോട്ടുവായിടുന്ന ലാഘവത്തോടെ ധൃതഗതിയിൽ ഒരു പ്രാർത്ഥന പറഞ്ഞു തീർക്കുന്നു;
മറ്റൊരു പുസ്തകത്തെയും കൈകാര്യം ചെയ്യാത്ത വിധത്തിൽ,
രചനയുടെ ഈ മകുടത്തെ നിങ്ങൾ കൈകാര്യം ചെയ്യുന്നു - ഒരു ഖണ്ഡിക ഇളക്കി മാറ്റി.
ഒരു വരണ്ട, അക്ഷമയോടെയുള്ള നോട്ടത്തോടെ ...[69]

മറ്റൊരു പുസ്തകത്തെയും കൈകാര്യം ചെയ്യാത്ത പോലെ ആള

ുകൾ വേദപുസ്തകത്തെ കൈകാര്യം ചെയ്യുന്നുവെന്നുള്ളത് സത്യമല്ലേ? ഒരു വ്യക്തി ഒരിക്കൽ സമ്മാനപ്പൊതിയിലാക്കിയ ചെറു കഥകളുടെ ഒരു സമാഹാരം, ആശുപത്രിയിലായിരുന്ന തന്റെ സുഹൃത്തിനായി വാങ്ങി. പുസ്തകം നൽകുമ്പോൾ അയാൾ സുഹൃത്തിനോട് പറഞ്ഞു. ''നിങ്ങൾ ഇത് ആസ്വദിക്കും. നിങ്ങൾക്ക് ഈ പുസ്തകമെടുത്ത് എവിടെ നിന്നും വായിച്ചു തുടങ്ങാം.'' സുഹൃത്ത് പറഞ്ഞു, ''ഓ, എനിക്ക് ഇപ്പോൾത്തന്നെ ഒരു ബൈബിളുണ്ട്.'' നിർഭാഗ്യവശാൽ, അവിടെയും ഇവിടെയും ഏതാന ും വാക്യങ്ങൾ വായിക്കുന്നതിനുള്ള ഒരു പുസ്തകമായി ചിലർ വേദപുസ്ത കത്തെ കാണുന്നു. ഒരു വചന ഭാഗം വായിക്കുമ്പോൾ, ''ആര്?''; ''എന്ത്?''; ''എപ്പോൾ?''; അല്ലെങ്കിൽ ''എവിടെ?'' എന്നിവയെക്കുറിച്ച് അവർ അൽപ്പം പോലും ശ്രദ്ധ നൽകുന്നില്ല. നാം തിരുവെഴുത്തുകളെ കൈകാര്യം ചെയ്യുന്ന രീതിയിൽ ആദരവ് പുലർത്തുന്നതിന് ദൈവം നമ്മെ സഹായിക്കട്ടെ.

4. യേശു തിരുവെഴുത്തുകൾ പാലിച്ചു: ക്രിസ്തുവിന്റെ തിരുവെഴുത്തുക ളോടുള്ള ബന്ധം ഊന്നിപ്പറയുന്നതിനായി ഏറെയുണ്ട്. തിരുവെഴുത്തുകളുടെ പ്രാധാന്യം ഉയർത്തിക്കാട്ടുകയും അവ ഹൃദിസ്ഥമാക്കുകയും അവ യോട് ആദരവ് പ്രകടിപ്പിക്കുകയും ചെയ്യുകയും കൂടാതെ, യേശു അവ പാലിക്കുകയും ചെയ്തു.

ഈ പ്രസ്താവന കൂടുതൽ പൂർണ്ണതയോടെ വിലമതിക്കുന്നതിന് നമ്മെ സഹായിക്കുന്നതിന്, നിരവധി വസ്തുതകൾ സംബന്ധിച്ച് നമ്മുടെ ഓർമ്മയിൽ നിന്ന് ചികഞ്ഞെടുക്കേണ്ടതുണ്ട്. ഒന്നാമതായി, യേശു ശക്തി യോടെയും അധികാ രത്തോടെയുമാണ് എത്തിയത്. അവിടുന്ന് സ്നാന മേറ്റതിന് ശേഷവും പരീക്ഷയി ലൂടെ കടന്നു പോയതിന് ശേഷവും ''യേശു ആത്മാവിന്റെ ശക്തിയോടെ ഗലീല യിലേക്ക് മടങ്ങിച്ചെന്നു (ലൂക്കൊ. 4:14). ആളുകൾ പറഞ്ഞു, ''എല്ലാവർക്കും വിസ്മയം ഉണ്ടായി: ഈ വചനം എന്തു? അധികാരത്തോടും ശക്തിയോടുംകൂടെ അവൻ അശുദ്ധാത്മാക്കളോടു കല്പ ിക്കുന്നു; അവ പുറപ്പെട്ടു പോകുന്നു എന്നു തമ്മിൽ പറഞ്ഞുകൊണ്ടിരുന്നു.'' (ലൂക്കൊ. 4:36) യേശു തന്നെയും ''എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രന്നു അധികാരം ഉണ്ടു എന്നു നിങ്ങൾ അറിയേണ്ടതിന്നു'' (ലൂക്കൊ. 5:24) എന്ന് പറഞ്ഞു. രണ്ടാമതായി, യേശു ഭൂമിയിലേക്ക് എത്തിയപ്പോൾ പഴയ നിയമപ്രമാണത്തിന് 1500-നോടടുത്ത് വർഷങ്ങളുടെ പഴക്കമുണ്ടായിരുന്നു. ശരിക്കും പഴയത്! പഴക്കം ചെന്നതെന്തും പഴഞ്ചന ായതും കാലഹരണപ്പെട്ടതുമാണെന്ന് സദൂക്യർ കരുതിയിരുന്നു. മൂന്നാമതായി, കർത്താവ് വന്നത് പുതിയതും മികവേറിയതുമായ ഒരു മാർഗ്ഗം സ്ഥാപ ിക്കുന്നതിനുള്ള നിർദ്ദിഷ്ടമായ ഉദ്ദേശ്യത്തോടെയാണ്. ''ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; (എന്നാൽ) കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു'' (യോഹ. 1:17). ''നിങ്ങൾ അരുളിച്ചെയ്തതു കേട്ടിട്ടുണ്ടല്ലോ ... എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു'' (മത്താ. 5:38, 39; കാണുക, മത്തായി 5:21, 22, 27, 28, 31–34, 43, 44). ഈ മൂന്ന് വസ്തുതകളെക്കുറിച്ച് ഗൗരവതരമായി ചിന്തിക്കുമ്പോൾ, ന്യായപ്രമാണം പാലിക്കാതിരിക്കുന്നതിന് ആർക്കെങ്കിലും ന്യായീകരിക്കാവുന്ന കാരണമുണ്ടെങ്കിൽ അത് കർത്താവിനാണ് എന്ന് ആരും സമ്മതിക്കും.

എങ്കിൽത്തന്നെയും, യേശു തിരുവെഴുത്തുകൾ പാലിച്ചു. അവിടുന്ന് ന്യായപ്രമാണം പാലിച്ചു. കുറെ നാളുകൾക്ക് മുൻപ്, ഞാൻ എന്റെ

ഇളയ മകൾ ആൻജിയുമായി വിൻസെന്റ് വാൻ ഗോഗും[70] ഭൂതകാലത്തെ മറ്റ് പ്രതിഭാധനരായ വ്യക്തികൾക്കും നൽകപ്പെട്ട ആദരവിനെക്കുറിച്ച് സംസാരിക്കുകയായിരുന്നു. അതുല്യപ്രതിഭകൾക്ക് ''ചട്ടങ്ങളൊന്നും ബാധകമല്ല'' എന്ന പൊതു തത്വത്തിൽ ഞങ്ങളും യോജിച്ചു. ഇതിന് നേരേ വിപരീതമായി യേശു - ഭൂമിയിലെ ഏറ്റവും അതിശ്രേഷ്ഠനായ വ്യക്തി, ഏറ്റവും മഹാനായ ജ്ഞാനി, ഏറ്റവും വലിയ പ്രതിഭ.

മുൻപ് സൂചിപ്പിച്ചതു പോലെ, യേശു ''ന്യായപ്രമാണത്തിന് കീഴ് ജനിച്ചു'' (ഗലാ. 4:4). അവിടുന്ന് മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ജീവിക്കുകയും ക്രൂശിലേക്ക് പോകുകയും ചെയ്തു - ന്യായപ്രമാണം പാലിക്കുകയും ചെയ്തു. യേശുവിന്റെ പഴയ നിയമത്തോടുള്ള മനോഭാവം മത്തായി 5:17-20:

> ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു. സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തി ൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല.[71] ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും.
>
> നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

ഒരു സ്ത്രീ യേശുവിന്റെ അമ്മ ഭാഗ്യവതിയാണ് എന്ന് പറയുമ്പോൾ, യേശുവിന്റെ മറുപടി ''അല്ല, ദൈവത്തിന്റെ വചനം കേട്ടു പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ'' എന്നായിരുന്നു (ലൂക്കൊ. 11:28). ''ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവൻ തന്നേ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു'' എന്നും യേശു പറഞ്ഞു (മർക്കൊ. 3:35). ന്യായശാസ്ത്രിമാരെയും പരീശൻ മാരെയുമായിരുന്നു യേശു ഏറ്റവും കൂടുതൽ ന്യായം വിധിച്ചത് ''അവരുടെ പ്രവർത്തികൾ പോലെ ചെയ്യരുത് താനും'' (മത്താ. 23:3).[72]

യേശു തിരുവെഴുത്തുകൾ പാലിച്ചുവെന്ന് പറയുമ്പോൾ, യേശു ഒരു നിശ്ചിത എണ്ണം കൽപ്പനകൾ പാലിച്ചുവെന്നല്ല അർത്ഥമാക്കുന്നത്. അവിടുന്ന് പിതാവിന്റെ ഇഷ്ടത്തിനായി തന്റെ ജീവിതം, തന്റെ എല്ലാം പൂർണ്ണമായും സമർപ്പിച്ചു. ആ തിരുവെഴുത്തുകൾ യേശുവിന്റെ ജീവിതത്തെക്കുറിച്ച് മാത്രമല്ല, അവിടുത്തെ മരണത്തെക്കുറിച്ചും മുൻകൂട്ടി പ്രവചിച്ചു; യേശു പറഞ്ഞു: ''തിരുവെഴുത്തുകൾ നിവർത്തിയാകേണ്ടതിന് തന്നെ'' (മർക്കൊസ് 14:49; KJV; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). ക്രൂശിൽ വരെ യേശു തനിക്കുള്ളതെല്ലാം നൽകി. യേശു ക്രൂശിലെ മരണത്തോടടുത്തു കൊണ്ടിരുന്നപ്പോൾ, ഓരോ സംഭവവും ''തിരുവെ ഴുത്തിന് നിവൃത്തി വരേണ്ടതിന് തന്നെ'' (യോഹ. 13:18; കാണുക 15:25; 17:12; 19:36, 37) എന്ന്

വീണ്ടും വീണ്ടും യോഹന്നാന്റെ സുവിശേഷം സൂചിപ്പിക്കുന്നു.

യേശു തിരുവെഴുത്തുകൾ പാലിക്കുന്നതിനുള്ള മാതൃക കാണിച്ചു തന്ന തിനാൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മറിച്ചായിരുന്നുവെങ്കിൽ, യേശുവിന് പഴയ നിയമം ഒരിക്കലും തികവോടെ പാലിക്കുവാൻ കഴിയുകയില്ലായിരുന്നു; അത് പൂർത്തീകരിക്കപ്പെട്ട നിയമമായി ഒരു വശത്ത് മാറ്റി വെക്കപ്പെട്ടേക്കില്ലായിരുന്നു (മത്താ. 5:17; യോഹ. 19:28, 30; കൊലൊ. 2:14). മറിച്ചായിരുന്നുവെങ്കിൽ, പുതിയ ഉടമ്പടിക്ക് തുടക്കം കുറിക്കുവാൻ, അതിലൂടെ നിങ്ങൾക്കും എനിക്കും നിത്യ ജീവന്റെ പ്ര ത്യാശ ഉണ്ടാകുവാൻ, തിരുവെഴുത്തുകളുടെ പൂർത്തീ കരണമായി യേശു ക്രൂശിലേക്ക് പോകുകയില്ലായിരുന്നു (എബ്രാ. 9:16, 17).

തിരുവചനത്തോട് അശ്രദ്ധമായി പ്രതികരിക്കുന്ന നമ്മുടെ ലോകം, അക്ഷരം പ്രതി അത് പാലിച്ച യേശുവിലേക്ക് നോക്കട്ടെ. ദൈവ കൽപ്പന കൾ പാലിക്കുന്നതിൽ നിന്ന് താൻ ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് കരുതുന്ന ഏതൊരു വ്യക്തിയും, ‘‘ഞാൻ പോലും ഒഴിവാക്കപ്പെട്ടിട്ടില്ല’’ എന്ന് ഫലത്തിൽ പറഞ്ഞ യേശുവിൽ നിന്ന് പഠിക്കട്ടെ. യേശുവിനെ സ്നാനം കഴിപ്പിക്കുന്നതിന് യോഹന്നാൻ വിമുഖത പ്രകടിപ്പിച്ചപ്പോൾ ക്രിസ്തു പറഞ്ഞു: ‘‘ഇപ്പോൾ സമ്മതിക്ക. ഇങ്ങനെ സകല നീതിയും നിവർത്തിക്കേണ്ടതിന് ...’’ (മത്തായി 3:15). വിശുദ്ധ എഴുത്തുകൾ ചോദ്യം കൂടാതെ അനുസരിക്കുന്നതിന് പഠിക്കുന്നതിനായി ദൈവം നമ്മെ എല്ലാവരേയും സഹായിക്കട്ടെ.

5. യേശു തിരുവെഴുത്തുകൾ ലോകത്തോട് പങ്കു വെച്ചു: ക്രിസ്തുവും തിരുവെ ഴുത്തുകളും സംബന്ധിച്ച ഒരു അവസാന സത്യം നാം നോക്കുവാൻ പോകുക യാണ്: അവിടുന്ന് അവ ലോകത്തോട് പങ്കു വെച്ചു. യേശു വചനം മറ്റുള്ളവരു മായി പങ്കു വെക്കുന്നതിന് ആഗ്രഹിച്ചിരുന്നില്ലെങ്കിൽ, യേശുവിന്റെ വചനത്തോടുള്ള മനോഭാവത്തിൽ എന്തോ കുറവുണ്ടാകുമായിരുന്നു. ദൈവ കൽപ്പകളെ പരാമർശിച്ചു കൊണ്ട് യേശു പറഞ്ഞു: ‘‘ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും’’ (മത്തായി 5:19; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

ജനക്കൂട്ടത്തോട് സംസാരിക്കുമ്പോൾ യേശു ദൈവ പ്രചോദിതമായ എഴുത്തുകൾ പരസ്യമായി പങ്കു വെച്ചു. വ്യക്തികളോട് സംസാരിച്ചപ്പോൾ അവിടുന്ന് അവ സ്വകാര്യമായി പങ്കു വെച്ചു (ലൂക്കൊസ് 10:38, 39). തിരുവെഴുത്തുകൾ പങ്കു വെക്കവേ, ആ തിരുവെഴുത്തുകൾ എന്താണ് പറയുന്നതെന്ന് യേശു പഠിപ്പിക്കുകയും (ലൂക്കൊസ് 24:27) വചനം അവരുടെ ജീവിതങ്ങളിൽ പ്രയോഗിക്കുകയും ചെയ്തു (മത്തായി 19:7, 8).

വചനം പങ്കിടുന്നതിന്റെ ഭാഗമായി, യേശു അത് ചെയ്യുന്നതിനായി മറ്റുള്ളവരെക്കൂടി നിയോഗിച്ചു. ശിഷ്യനായിത്തീരുന്നതിന് ആഗ്രഹിച്ച ഒരു വ്യക്തിയോട് യേശു ഇങ്ങനെ പറഞ്ഞു: ‘‘മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടട്ടെ; നീയോ പോയി ദൈവരാജ്യം അറിയിക്ക’’ (ലൂക്കൊസ് 9:60).

തിരുവെഴുത്തുകളോടുള്ള നമ്മുടെ സ്നേഹം അളക്കുന്നതിന് ഇതാ ഒരു പരീക്ഷ: നിങ്ങൾ തിരുവെഴുത്തുകൾ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ നാം മറ്റുള്ള വരോട് അവ പറയും. നമുക്ക് തിരുവെഴുത്തുകൾ അറിയാ

മോ? എങ്കിൽ, ആ അറിവ് പങ്കു വെക്കുന്നതിന് നാം ആഗ്രഹിക്കും. നാം തിരുവെഴുത്തുകളെ ബഹുമാനിക്കു ന്നുണ്ടോ? എങ്കിൽ, അവയെ ശരിയായി ഉപയോഗിക്കുന്നതിന് നമുക്ക് മറ്റുള്ളവരെ സഹായിക്കാം (2 തിമൊ. 2:15). നാം തിരുവെഴുത്തുകൾ അനുസരിക്കുന്നതിന് ബദ്ധശ്രദ്ധ പുലർത്തുന്നവരാണോ? എങ്കിൽ, ‘‘നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ’’ എന്ന യേശുവിന്റെ വെല്ലുവിളിയ്ക്ക് നാം മറുപടി നൽകേണ്ടതാണ് (മർക്കൊ. 16:15). ആരോ ഇങ്ങനെ പറഞ്ഞു, ‘‘ക്രിസ്തുവ ുള്ള ഓരോ ഹൃദയവും ഒരു സുവിശേഷ വേലക്കാരനാണ്; ക്രിസ്തുവില്ലാത്ത ഓരോ ഹൃദയവും വേലസ്ഥലമാണ്.’’ യേശുവിന്റെ വാക്കുകൾ ഇപ്പോഴും നമ്മെ വിടാതെ പിന്തുടരുന്നു: ‘‘കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം’’ (ലൂക്കൊ. 10:2).

*സമാപനം.* ക്രിസ്തുവും തിരുവെഴുത്തുകളും: യേശു അവയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി, അവ യേശുവിന് ഹൃദിസ്ഥമായിരുന്നു, യേശു അവയ്ക്ക് ബഹുമാനം നൽകി, അവ പാലിച്ചു, അവ പങ്കു വെച്ചു. ദൈവ വചനവുമായ ുള്ള യേശുവിന്റെ ബന്ധത്തെ അഞ്ച് വാക്കുകളിലൂടെ സംക്ഷേപിക്കാം:

ക്രിസ്തു...
തിരുവെഴുത്തുകൾ ദൈവ വചനമാണെന്ന് *പ്രഖ്യാപിച്ചു.*
തിരുവെഴുത്തുകൾ ഹൃദയത്തിൽ *സൂക്ഷിച്ചു.*
തിരുവെഴുത്തുകൾ സ്വയം സംസാരിക്കുന്നതിന് *അനുവദിച്ചു.*
തിരുവെഴുത്തുകളിലെ ദൈവീക തത്വങ്ങൾക്ക് അനുസരണമായ സമർപ്പിതമായ ജീവിതം *പ്രദർശിപ്പിച്ചു.*
തിരുവെഴുത്തുകളുടെ സന്ദേശം മറ്റുള്ളവരിലേക്ക് *പകർന്നു.*

തിരുവെഴുത്തുകളെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് എന്താണ്? ഒരിക്കൽ നിരക്ഷരനായ ഒരു വ്യക്തി പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയായിരുന്നു. ‘‘ഞങ്ങളെ വീണ്ടും നവീകരിക്കണം (റിവൈവ്) എന്ന് പറയാനുദ്ദേശിച്ച ആ വ്യക്തി ഉച്ചരിച്ചത് ‘‘ഞങ്ങളെ വീണ്ടും ‘റീ-ബൈബിൾ’ ചെയ്യണം’’ എന്നായി രുന്നു. ദൈവ വചനം സംബന്ധിച്ചുള്ള നമ്മുടെ അജ്ഞതയും അലംഭാവവും പരിഗണിക്കുമ്പോൾ, ഈ പ്രാർത്ഥന അനുയുക്തമായി തോന്നുന്നു: ‘‘കർത്താവേ, ഞങ്ങളെ വീണ്ടും ‘റീ-ബൈബിൾ’ ചെയ്യണമേ!’’ തിരുവെഴുത്തുകളുടെ നേർക്ക് യേശുവിന്റെ മനോഭാവം നമുക്കുണ്ടാകുന്നതിന് ദൈവം സഹായിക്കട്ടെ.

### ക്രിസ്തീയ വിശ്വാസിയുടെ പഴയ നിയമത്തിന്റെ ഉപയോഗം (15:4)

റോമർ 15:4-ൽ പൗലൊസ് പറഞ്ഞു: ‘‘എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തിന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു.’’ ‘‘മുന്നെഴുതിയിരിക്കുന്നതു ഒക്കെയും’’, ‘‘തിരുവെഴുത്തുകളാൽ’’ എന്നീ പ്രയോഗങ്ങൾ കുറിക്കുന്നത് പഴയ നിയമത്തെയാണ്.[73] പുതിയ നിയമത്തിലെ പുസ്തകങ്ങളും ‘‘തിരുവെഴുത്തുകൾ’’ ആയി നിയമിക്കപ്പെട്ടവയാണ് (കാണുക 2 പത്രൊസ് 3:15, 16). എന്നാൽ നിരവധി വർഷങ്ങളായി ആദിമ ക്രിസ്തീയ വിശ്വാസികൾക്ക് ലഭ്യമായിരുന്ന തിരുവെഴുത്തുകൾ പഴയ

നിയമം മാത്രമായിരുന്നു. (ദൈവത്താൽ പ്രചോദിതരായ വ്യക്തികൾ പുതിയ നിയമ പുസ്തകങ്ങൾ എഴുതുന്നതിനും അവ പകർത്തിയെഴുതപ്പെടുന്നതിനും സഭകളിൽ അവ പ്രചരിക്കപ്പെടുന്നതിനും ഒടുവിൽ ഒറ്റ ഗ്രന്ഥമായി മാറുന്നതിനും സമയമെടുത്തു.)

*നമ്മുടെ വചന ഭാഗത്ത് നിന്നുമുള്ള പാഠങ്ങൾ.* റോമർ 15:4-ൽ നിന്നും നിരവധി പാഠങ്ങൾ നമുക്ക് ശേഖരിക്കാവുന്നതാണ്. ഈ വചനഭാഗത്ത് പ്രസ്താവി ക്കപ്പെട്ടിട്ടുള്ള അല്ലെങ്കിൽ വ്യഞ്ജിക്കപ്പെടുന്ന ഏതാനും സത്യങ്ങളിതാ:

1. ലിഖിത ദൈവ വചനത്തിന്റെ പ്രാധാന്യം: ചിലർ എഴുതപ്പെട്ട ദൈവ വചനത്തിന്റെ പ്രാധാന്യം കുറച്ചു കാണുന്നു. എന്നാൽ, പൗലൊസിന് "മുന്നെഴുതിയിരിക്കുന്നതിൽ" വലിയ വിശ്വാസം ഉണ്ടായിരുന്നു. റോമാ ലേഖനത്തിൽ പിന്നെയും പിന്നെയും അദ്ദേഹം പറഞ്ഞു, "... എന്ന് എഴുതിയിരിക്കുന്നുവല്ലോ" (1:17; 3:4, 10; 4:17; 8:36; 9:13, 33; 10:15; 11:8, 26; 12:19; 14:11; 15:3, 9, 21; കാണുക 4:23; 15:4). എഴുതപ്പെട്ട ദൈവ വചനത്തിന് ഇപ്പോഴും പരമമായ പ്രാധാന്യം ഇന്നുണ്ട്. എഴുതപ്പെട്ടവയിലൂടെയാണ്, നാം യേശുവിലുള്ള വിശ്വാസത്തിലേക്കെത്തിച്ചേരുന്നത് (യോഹന്നാൻ 20:30, 31).

2. എഴുതപ്പെട്ട വചനത്തിന്റെ പ്രചോദനം. γραφή (*ഗ്രാഫെ,* "എഴുത്തുകൾ") എന്ന വാക്കിന്റെ ബഹുവചന രൂപത്തിൽ നിന്നാണ് "തിരുവെഴുത്തുകൾ" എന്ന വാക്ക് വരുന്നത്. പുതിയ നിയമ കാലയളവോടെ, യഹൂദൻമാർ ഗ്രാഫെ എന്ന പദം ഉപയോഗിച്ചത് ദൈവപ്രചോദിതമായ എഴുത്തുകളെക്കുറിച്ച് (കാണുക മത്തായി 21:42; 22:29; 2 തിമൊ. 3:16, 17) പരാമർശിക്കുന്നതിന് വേണ്ടിയായിരുന്നു. റോമാ ലേഖനത്തിൽ, പൗലൊസ് "വിശുദ്ധ രേഖകൾ" (1:2; പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

നമ്മുടെ വചനഭാഗത്തിൽ, തിരുവെഴുത്തുകളിലൂടെ വരുന്ന ആശ്വാസത്തെക്കുറിച്ച് പറഞ്ഞതിന് ശേഷം (15:4), ദൈവമാണ് ആശ്വാസം നൽകുന്നത് എന്ന് പൗലൊസ് പറഞ്ഞു (15:5). നമുക്ക് ആശ്വാസം നൽകുന്നതിനായി ദൈവമാണ് നമുക്ക് തിരുവെഴുത്തുകൾ നൽകുന്നത് എന്ന് നാം അന്തിമ നിഗമനത്തിലെത്തുന്നു. തിരുവെഴുത്തുകൾ ദൈവത്തിൽ നിന്നുള്ളതാണെന്ന് പൗലൊസ് വിശ്വസിച്ചതിനാൽ, റോമാ ലേഖനത്തിലുടനീളം പൗലൊസ് പഴയ നിയമത്തിൽ നിന്നുള്ള ഉദ്ധരണികൾ കൊണ്ട് നിറച്ചു.

3. എഴുതപ്പെട്ട വചനത്തിന്റെ നാശമില്ലാത്ത സ്വഭാവം: തിരുവെഴുത്തുകളുടെ അസ്സൽ വചനഭാഗങ്ങൾ അനേക വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞപ്പോൾ ദൂഷിതമായിപ്പോയിയെന്നും അതിനാൽ യഥാർത്ഥത്തിൽ വചനം എന്താണ് പറയുന്നതെന്ന് അറിയുവാൻ നമുക്ക് മാർഗ്ഗമൊന്നുമില്ലെന്നും സംശയാലുക്കൾ വാദിക്കുന്നു. എന്നാൽ പൗലൊസ് ഇത് സത്യമാണെന്ന് വിശ്വസിച്ചില്ല. ജിം മക്ഗുയിഗൻ ഇങ്ങനെ എഴുതി,

> നാം വായിക്കുന്ന വചനങ്ങളെ നമുക്ക് ആധികാരികതയോടെ ആശ്രയിക്കാവുന്ന വിധത്തിൽ തിരുവെഴുത്തുകൾ വളരെ കൃത്യമായി തന്നെയാണ് നമുക്ക് കൈമാറപ്പെട്ടതെന്നും പൗലൊസ് അംഗീകരിച്ചു. എന്നാൽ വേദപുസ്തകം ഏറെ വഷളായ നിലയിൽ ദൂഷിതമാക്കപ്പെട്ടിരിക്കുന്നുവെങ്കിലോ? പുതിയ നിയമ എഴുത്തുകാർ അത്ര എളുപ്പം വചന ഭാഗങ്ങൾ ഉദ്ധരിക്കുകയും നമ്മോട് ആ വചനഭാഗങ്ങളിൽ ശ്രദ്ധയൂന്നു ന്നതിനായി ആവശ്യപ്പെ ടുകയുമില്ലായിരുന്നു.[74]

ദൈവം തന്റെ വചനം സംരക്ഷിക്കുമെന്ന് വാഗ്ദാനം ചെയ്തു. ദൈവം അങ്ങനെ ചെയ്യുകയും ചെയ്തു. അത് അനശ്വരമാണ് (മത്താ. 24:35; 1 പത്രൊ. 1:23).

4. എഴുതപ്പെട്ട വചനത്തിന്റെ ഉപദേശം. റോമർ 15:4-ലെ പൗലൊസിന്റെ പ്രാഥമിക ഉദ്ദേശ്യം, പഴയ നിയമ തിരുവെഴുത്തുകൾ എഴുതപ്പെട്ടത് യഹൂദൻമാർക്കു വേണ്ടി മാത്രമായിരുന്നില്ലെന്നും ക്രിസ്തീയ വിശ്വാസികൾക്ക് ഉപദേശം നൽകുന്നതിനു വേണ്ടിയുമാണ് എന്ന് പറയുകയായിരുന്നു. കൊരിന്ത്യർക്ക് എഴുതുമ്പോഴും പൗലൊസ് ഇതേ ആശയം പങ്കു വെക്കുന്നുണ്ട്. യിസ്രായേൽ മക്കളുടെ മരുഭൂമിയിലെ പ്രയാണത്തെക്കുറിച്ച് വിസ്താരിതമായി എഴുതിയതിന് ശേഷം, പൗലൊസ് പറഞ്ഞു: ‘‘ഇതു ദൃഷ്ടാന്തമായിട്ടു അവർക്കു (യിസ്രായേൽ മക്കൾക്ക്) സംഭവിച്ചു, ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കു (ക്രിസ്തീയ വിശ്വാസികളുടെ) ബുദ്ധിയുപദേശത്തിന്നായി എഴുതിയുമിരിക്കുന്നു’’ (1 കൊരി. 10:11). മൂ ഇങ്ങനെ എഴുതിയിരിക്കുന്നു,

> പഴയ നിയമം ഇനി ധാർമ്മികപരമായ ഉപദേശത്തിനായി നേരിട്ടുള്ള ഒരു സ്രോതസ്സ് അല്ലെങ്കിലും (കാണുക 6:14, 15; 7:4-6), അത് രക്ഷയുടെ ചരിത്രം മനസ്സിലാക്കുന്നതിനും ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ ജനമെന്ന നിലയിൽ അവരുടെ ഉത്തരവാദിത്വങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കുന്നതിനും മുഖ്യമായ ഒരു പങ്ക് വഹിക്കുന്നത് തുടരുന്നു.[75]

> നിയമത്തിന്റെ നേരിട്ടുള്ള അധികാരത്തെക്കുറിച്ച് ‘‘അല്ല’’ എന്ന് നിഷേധാത്മകമായി പ്രതികരിക്കുന്നത് തുടരുമ്പോൾ തന്നെ, പൗലൊസ് പഴയ നിയമത്തിന്റെ തുടരുന്ന മൂല്യത്തെക്കുറിച്ച് ‘‘അതേ’’ എന്ന മുഴങ്ങുന്ന ശബ്ദത്തിൽ അംഗീകരണം നൽകുന്നുണ്ട്.[76]

റോമർക്കുള്ള ലേഖനം എഴുതുമ്പോൾ പൗലൊസിന്റെ ഒപ്പമുണ്ടായിരുന്ന ഒരാൾ തിമൊഥെയൊസ് ആയിരുന്നു (16:21). പിന്നീട് ആ യുവ സുവിശേഷകന് പൗലൊസ് ഇങ്ങനെ എഴുതി:

> ... നീയോ ഇന്നവരോടു പഠിച്ചു എന്നു ഓർക്കുകയും ക്രിസ്തുയേശുവിങ്കലുള്ള വിശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനിയാക്കുവാൻ മതിയായ തിരുവെഴുത്തുകളെ (പഴയ നിയമം) ബാല്യം മുതൽ അറികയും ചെയ്യുന്നതു കൊണ്ടു നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക. എല്ലാതിരുവെഴുത്തും (പഴയ നിയമവും പുതിയ നിയമവും) ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജന മുള്ളതു ആകുന്നു (2 തിമൊ. 3:15-17).

*പഴയ നിയമത്തിൽ നിന്നുള്ള പാഠങ്ങൾ.* ഒന്നാം നൂറ്റാണ്ടിൽ തന്നെ പഴയ നിയമത്തെ ദുരുപയോഗപ്പെടുത്തിയിരുന്നു (1 തിമൊ. 1:3-7). അത് ഇന്ന് നമ്മുടെ കാലത്തും ദുരുപയോഗപ്പെടുത്തുന്നു - ഇന്ന് ശാബ്ബത്തിന്റെ (ഏഴാം ദിവസം) ആചരണവും ആരാധനയിലെ സംഗീത ഉപകരണങ്ങളുടെ

ഉപയോഗവും മറ്റ് പഴയ നിയമ സമ്പ്രദായങ്ങളും നീതീകരിക്കുന്നതിനുള്ള ശ്രമങ്ങളിലൂടെ. എങ്കിലും, പഴയ നിയമത്തിന് ഇന്ന് ഏറ്റവും കുറഞ്ഞത് ആറ് ഉചിതമായ ഉപയോഗങ്ങളുണ്ട്:

1. ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന്: ഈ പ്രപഞ്ചം എവിടെ നിന്നു വന്നു? ‘‘സൃഷ്ടിയുടെ ആരംഭം’’ (മർക്കൊ. 10:6) കണ്ടെത്തുന്നതിനായി, പുതിയ നിയമം പഴയ നിയമത്തിലേക്ക് ചൂണ്ടുന്നു. എങ്ങനെയാണ് മനുഷ്യർ ഉത്ഭവിച്ചത്? യേശു പറഞ്ഞു, ‘‘അതിന്നു അവൻ: ‘‘സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായി തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ?’’ (മത്താ. 19:4; കാണുക ഉൽപ്പത്തി 1:27). പൗലൊസ് പറഞ്ഞു, ‘‘ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു എഴുതിയുമിരിക്കുന്നുവല്ലോ, ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി (1 കൊരി. 15:45; കാണുക ഉൽപ്പത്തി 2:7). നമ്മുടെ ഉത്ഭവത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകുന്നതിനായി, ക്രിസ്തീയ വിശ്വാസി ഉൽപ്പത്തി പുസ്തകത്തിലേക്ക് മടങ്ങുന്നു. യേശു ക്രിസ്തുവും പൗലൊസും അതു തന്നെയാണ് ചെയ്തത്.

2. യേശുവിന്റെ ദൈവത്വം തെളിയിക്കുന്നതിനായി. യേശു ദൈവപുത്രനാണെന്നതിന് തിരുവചനം നിഷേധിക്കാനാവാത്ത തെളിവുകൾ നിരത്തുന്നു. ഇതിൽ യേശുവിന്റെ ഉപദേശങ്ങളും (യോഹ. 7:46) നിഷ്പാപാവസ്ഥയും (യോഹ. 8:46) അവിടുന്ന് ചെയ്ത അത്ഭുതങ്ങളും (യോഹ. 10:25) യേശുവിന്റെ തുടരുന്ന പ്രഭാവവും (പ്രവൃ. 4:13) അവിടുത്തെ നിസ്തുല്യമായ ത്യാഗപരമായ സ്നേഹവും (യോഹ. 10:11) എല്ലാം ഇതിൽ ഉൾപ്പെടുന്നു. എങ്കിലും, പുതിയ നിയമ പ്രസംഗകരെയും ഗ്രന്ഥകർത്താക്കളെയും ഏറ്റവും കൂടുതൽ ആകർഷിച്ച തെളിവ് പഴയ നിയമത്തിൽ നിന്നായിരുന്നു. യേശു ഭൂമിയിലായിരുന്നപ്പോൾ, അവിടുന്ന് ‘‘മോശെ തുടങ്ങി സകലപ്രവാചകന്മാരിൽ നിന്നും’’ ആരംഭിച്ച്, ‘‘എല്ലാതിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു’’ അവർക്കു കാട്ടിക്കൊടുത്തു (ലൂക്കൊസ് 24:27; പ്രത്യേകമായി ഊന്നൽ നൽകിയിരിക്കുന്നു). ക്രിസ് ബുള്ളാർഡ് പറഞ്ഞു, ‘‘നിങ്ങൾ പഴയ നിയമം വായിച്ചതിന് ശേഷം, യേശു നിഴലിൽ നിൽക്കുന്നത് കാണുന്നതിന് നിങ്ങൾ പരാജയപ്പെടുന്നുവെങ്കിൽ, നിങ്ങൾ അത് ഒരിക്കൽക്കൂടി വായിക്കുകയായിരിക്കും നന്ന്.’’[77]

സഭയുടെ സ്ഥാപനത്തിന് ശേഷം, ദൈവ പ്രചോദിതരായ പ്രസംഗകർ യേശുവിനെ ഉയർത്തുന്നതിനായി നിരന്തരമായി പഴയ നിയമം ഉദ്ധരിച്ചു (പ്രവൃ. 2; 3; 4; 7; 8; 10; 13).

3. മാതൃകാ പഠനത്തിലൂടെ വിശ്വാസം കെട്ടിപ്പടുക്കുക: പഴയ നിയമത്തിലുടനീളം, പുതിയ നിയമ യാഥാർത്ഥ്യങ്ങളുടെ മാതൃകകളും നിഴലുകളും നിറഞ്ഞിരിക്കുകയാണ് (എബ്രായ 10:1). പുതിയ നിയമത്തിലെ ചില ഭാഗങ്ങൾ (എബ്രായ ലേഖനം പോലെ) പഴയ നിയമത്തിന്റെ ജ്ഞാനമില്ലാതെ നമുക്ക് പൂർണ്ണമായും മനസ്സിലാക്കുന്നതിന് കഴിയില്ല.

മശിഹായുടെ (ക്രിസ്തു) വരവ് മുന്നറിയിക്കുന്ന നിരവധി മാതൃകകളും നിഴലുകളും പഴയ നിയമത്തിലുടനീളമുണ്ട്. ഒന്ന് പെസഹ കുഞ്ഞാടാണ് (പുറ. 12:21; യോഹ. 1:29; 1 പത്രൊ. 1:19). മറ്റുള്ളവ യാക്കോബിന്റെ കോണി (ഉൽ.

28:12; യോഹ. 1:51), മരുഭൂമിയിലെ പിച്ചള സർപ്പം (സംഖ്യ. 21:8, 9; യോഹ. 3:14), യഹൂദ മഹാ പുരോഹിതൻ (ഹഗായി 1:14; എബ്രാ. 4:14) എന്നിവയാണ്.

വീണ്ടും, നിരവധി പുതിയ നിയമ ഉപദേശങ്ങൾ പഴയ നിയമത്തിൽ മുൻ ചിത്രീകരിക്കപ്പെടുന്നുണ്ട്. വിശ്വാസികൾ നോഹയുടെ കാലത്തെ ജലപ്ര ളയത്തെ ക്കുറിച്ച് വായിക്കുമ്പോൾ (ഉൽ. 6–9), നാം പുതിയ നിയമ സ്നാന ത്തെക്കുറിച്ചും (1 പത്രൊ. 3:20, 21) ലോകാന്ത്യത്തെക്കുറിച്ചും (2 പത്രൊ. 3:3–7) ഓർമ്മിക്കുന്നു. ഉദാഹരണങ്ങൾ ഇരട്ടിപ്പിക്കാവുന്നതാണ് (കാണുക 1 കൊരി. 10:1–12; ഗലാ. 4:21–31).

4. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും സമാനതകൾ കാണുന്നതിന്. പഴയ നിയമത്തിന്റെയും പുതിയ നിയമത്തിന്റെയും സമാന തകൾ നമ്മിൽ മതിപ്പുളവാക്കാതെ നമുക്ക് അവ വായിക്കുന്നതിന് സാദ്ധ്യമല്ല. ചില അടിസ്ഥാന തത്വങ്ങൾക്ക് മാറ്റമില്ല. മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്; ദൈവത്തെ പരീക്ഷിക്കരുത്, ദൈവത്തെ മാത്രമേ ആരാധിക്കാവൂ (ആവ. 8:3; 6:16, 13; മത്തായി 4:4, 7, 10) എന്നത് പുതിയ നിയമ കാലത്തിനും ബാധകമാണ്. ദൈവം ഇപ്പോഴും ആഗ്രഹിക്കുന്നത് വെറും ‘‘അധര സേവ’’ യല്ല (യെശ. 29:13; മർക്കൊസ് 7:6); ഒടുവിലായി ഇപ്പോഴും ‘‘ഏറ്റവും വലിയ രണ്ട് കൽപ്പനകൾ’’ (ദിന. 6:5; ലേവ്യ. 19:18; മത്താ. 22:37–39) നിലനിൽക്കുന്നു.

പുതിയ നിയമ ഉപദേശത്തെ ശക്തിപ്പെടുത്തുന്നതിനായി നമുക്ക് പഴയ നിയമ ത്തിലേക്ക് പോകുന്നതിന് കഴിയും. സുവിശേഷ പ്രസംഗകർക്ക് ഉപേ ാദ്ബലമായി പൗലൊസ് ഇത് ചെയ്തതായി നമുക്ക് കാണാം (1 കൊരി. 9:9, 10, 14; ആവ. 25:4). പക്ഷപാതിത്വം കാണിക്കുന്നതിലെ പാപം സംബ ന്ധിച്ച് പഠിപ്പിക്കുമ്പോൾ യാക്കോബും ഇങ്ങനെ ചെയ്യുന്നതായി കാണുന്നു (യാക്കോബ് 2:1–11; ലേവ്യ. 19:18; പുറ. 20:13, 14).

5. രണ്ട് നിയമങ്ങളും പരസ്പരമുള്ള വൈരുദ്ധ്യങ്ങൾ കാണുന്നതിനായി. തീർച്ചയായും, ഇരു നിയമങ്ങൾക്കും തമ്മിൽ വൈരുദ്ധ്യങ്ങളുണ്ട്. അസാധു വാക്കപ്പെട്ട പഴയ നിയമപ്രമാണങ്ങളുടെ പശ്ചാത്തലത്തിൽ, ക്രിസ്തുവിന്റെ രാജ്യത്തിന്റെ പുതിയ തത്വങ്ങൾ എടുത്തു കാണത്തക്ക വിധത്തിൽ ഉയർന്നു നിൽക്കുന്നു. ഗിരിപ്രഭാഷണത്തിൽ, യേശു ആവർത്തിച്ച് പറഞ്ഞു, ‘‘... നിങ്ങൾ കേട്ടിട്ടുണ്ടാവുമല്ലോ’’ (അല്ലെങ്കിൽ സമാനമായത്); അതിനെത്തുടർന്ന് ‘‘എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു’’ (മത്താ. 5:21, 22, 27, 28, 31, 32, 33, 34, 38, 39, 43, 44) എന്നും യേശു പറഞ്ഞു.

നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടുവാൻ സാധിക്കും. എബ്രായ ലേഖന കർത്താവ് നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു ‘‘ആ മഹാപുരേ ാഹി തന്മാരെപ്പോലെ (പഴയ നിയമ കാലത്തെ) ആദ്യം സ്വന്തപാപങ്ങൾക്കായും പിന്നെ ജനത്തിന്റെ പാപങ്ങൾക്കായും ദിനംപ്രതി യാഗം കഴിപ്പാൻ ആവശ്യമില്ലാത്തവൻ തന്നേ. അതു അവൻ തന്നെത്താൻ അർപ്പിച്ചുകൊണ്ടു ഒരിക്കലായിട്ടു ചെയ്തുവല്ലോ’’ (എബ്രാ. 7:27) എന്ന് പറഞ്ഞു. റോമർ 12:1–ൽ, നാം ഇനി മേൽ ചത്ത മൃഗങ്ങളുടെ ബലി അർപ്പിക്കേണ്ടതില്ല; പകരം നാം ‘‘സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർമ്മിപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ’’ എന്ന് പൗലൊസ് പറഞ്ഞു (അങ്ങനെ വിവക്ഷിക്കാം).

6. ഉദാഹരണങ്ങളിലൂടെ പ്രോത്സാഹനം നേടുക. റോമർ 15:4-ൽ, പഴയ നിയമ തിരുവെഴുത്തുകൾ നമുക്ക് നൽകാവുന്ന പ്രോത്സാഹനത്തെക്കുറിച്ച് ഊന്നി പ്പറഞ്ഞിട്ടുണ്ട്. യേശു പഠിപ്പിക്കുന്നതിനും ഉദ്ബോധിപ്പിക്കുന്നതിന നുമായി പഴയ നിയമം നിരന്തരം ഉപയോഗിച്ചു. അവിടുന്ന് നോഹയെക്കുറിച്ചും (മത്താ. 24:37, 38; ഉൽ. 6-9) ലോത്തിനെക്കുറിച്ചും (ലൂക്കൊ. 17:28, 29, 32; ഉൽ. 19) അദ്ദേഹ ത്തിന്റെ ഭാര്യയെക്കുറിച്ചും ശലോമോൻ, ശേബാ രാജ്ഞി (തെക്കേ രാജ്ഞി) (മത്താ. 12:42; ലൂക്കൊ. 11:31; 2 ദിന. 9:1-12) എന്നിവരെക്കുറിച്ചും ഏലി യാവി നെക്കുറിച്ചും വിധവയെക്കുറിച്ചും (ലൂക്കൊ. 4:26; 1 രാജാ. 17) ഏലീശാ യെക്കുറിച്ചും നയമാനെക്കുറിച്ചും (ലൂക്കൊ. 4:27; 1 രാജാ. 5) സംസാരിച്ചു.

പഴയ നിയമത്തിന്റെ മൂല്യങ്ങളിലൊന്ന്, ദൈവത്തെ അനുസരിക്കുന്നതിന്റെ അല്ലെങ്കിൽ ധിക്കരിക്കുന്നതിന്റെ പരിണിതഫലം അത് ചൂണ്ടിക്കാണിക്കുന്നു എന്നുള്ളതാണ്. പുതിയ നിയമം എഴുതപ്പെട്ടത് നാൽപ്പത് അല്ലെങ്കിൽ അൻപ ത് വർഷങ്ങളുടെ ഒരു കാലയളവിലാണ്. ദൈവീക പ്രതിഫലത്തെക്കുറിച്ചുള്ള വാഗ്ദാനങ്ങളും മുന്നറിയിപ്പുകളും നൽകപ്പെട്ടിരിക്കുന്നു. എന്നാൽ പുതിയ നിയമത്തിൽ ദൈവത്തെ അനുസരിക്കുന്നവരെക്കുറിച്ചും തിരസ്കരിക്കുന്നവരെ ക്കുറിച്ചും ഒരു പിടി ഉദാഹരണങ്ങൾ മാത്രമേയുള്ളു (പ്രവൃ. 5:1-11). എന്നാൽ മറുവശത്താകട്ടെ, പഴയ നിയമം എഴുതപ്പെട്ടത് ആയിരത്തിലേറെ വർഷങ്ങളുടെ ഒരു കാലയളവിലാണ്. ദൈവ വചനം ശി രസ്സാ വഹിച്ചവരുടെയും അങ്ങനെ ചെയ്യുന്നതിന് പരാജയപ്പെട്ടവരുടെയും ഉദാഹരണങ്ങൾ പഴയ നിയമത്തിലാകെ നിറഞ്ഞിരിക്കുന്നു - അവർക്ക് എന്ത് സംഭവിച്ചുവെന്നതിന്റെ സത്യവും. പഴയ നിയമത്തിൽ നിന്ന്, ദൈവം തന്നെ അനുസരിക്കുന്നവരെ അനുഗ്രഹിക്കുന്നുവെന്ന് പഠിപ്പിക്കുന്നു (എബ്രാ. 11). എന്നാൽ ദൈവത്തോട് അനുസരണക്കേട് കാട്ടുന്നവരുടെ മുകളിൽ ദുരന്തം പതിക്കുന്നുവെന്നും നാം പഠിക്കുന്നു (1 കൊരി. 10:1-12).

*ഉപസംഹാരം.* ഇന്ന്, നാം പുതിയ ഉടമ്പടിക്ക് (നിയമത്തിന്) കീഴിലാണ്. എന്നാൽ, ഇതിന്റെ അർത്ഥം പഴയ നിയമത്തിന് നമ്മെ സംബന്ധിച്ചിടത്തോളം മൂല്യമില്ല എന്നല്ല. നാം ഇന്നും അത് വായിക്കുകയും പഠിക്കുകയും ചെയ്യേ ണ്ടതുണ്ട്. ''എന്നാൽ മുന്നെഴുതിയിരിക്കുന്നതു ഒക്കെയും നമ്മുടെ ഉപദേശത്തി ന്നായിട്ടു, നമുക്കു തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാ സത്താലും പ്രത്യാശ ഉണ്ടാകേണ്ടതിന്നു തന്നേ എഴുതിയിരിക്കുന്നു'' (15:4).

## **''ഒരേ ശബ്ദം'' (15:5, 6)**

''ഒരേ വായിനാൽ'' (15:6) ദൈവത്തെ മഹത്വപ്പെടുത്തുന്നതിനെക്കുറിച്ച്, വായിച്ചു കൊണ്ടിരുന്നപ്പോൾ, എന്റെ മനസ്സ് ''ഏക മനസ്സോടെ'' (15:5; RSV) എന്ന പ്രയോഗത്തിൽ തടഞ്ഞു കിടന്നു. ഞാൻ ഹൈസ്കൂളിലായിരുന്നപ്പോൾ, പുരുഷൻമാരുടെ സംഘത്തിൽ ഞാൻ ബാരിടോൺ പാടിയിരുന്നു. ഞങ്ങളുടെ സ്വരങ്ങൾ ലയത്തോടെ കൂടിച്ചേർന്നപ്പോൾ, ഞങ്ങൾ ശ്രോതാക്കൾക്ക് പ്രിയ ങ്കരരായി. നിർഭാഗ്യവശാൽ സംസ്ഥാനാടിസ്ഥാനത്തിലുള്ള മൽസരത്തിൽ ഞങ്ങളിലൊരാൾ ശ്രുതി തെറ്റിപ്പാടി (അത് ഞാനായിരുന്നുവോ? എനിക്ക് അറിയില്ല). ലയത്തിന് പകരം അവിടെ അപസ്വരമുണ്ടായി. കാതിന് ഇമ്പം നൽകുന്നതിന് പകരം ഞങ്ങളുടെ പ്രകടനം കാതിന് അസ്വാരസ്യം സൃഷ്ടിക്കുന്നതും സ്വര വിക്ഷോഭമുണ്ടാക്കുന്നതുമായി. ഹൃദയത്തിൽ സഹ ക്രിസ്തീയ വിശ്വാസികളോട് ശത്രുതയുമായി ദൈവത്തെ ആരാധിക്കു ന്നതിന

ായി ഞങ്ങൾ എത്തിയപ്പോൾ, കേൾവിക്കാർക്ക് സ്വരച്ചേർച്ചയില്ലായ്മ അനുഭവപ്പെട്ടതു പോലെ തന്നെ, ഞങ്ങളുടെ ആത്മാവിലെ സ്വരച്ചേർച്ചയില്ലായ്മ ദൈവത്തിനും അനിഷ്ടകരമായിരുന്നുവെന്നതിൽ സംശയമില്ല.

ഒരു സഭാ കൂട്ടായ്മയിലെ സ്വരച്ചേർച്ചയില്ലായ്മ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് പൗലൊസ് എങ്ങനെയാണ് ചിന്തിച്ചത് എന്ന് പരിഗണിക്കുക. രണ്ട് ക്രിസ്തീയ വിശ്വാസികൾ ശക്തമായി വിയോജിക്കു മ്പോൾ, പ്രശ്നം പരിഹരിക്കുന്നതിന് ഡെയ്ൽ ഹാർട്ട്മാൻ "സ്ഥലപരമായ പ്രശ്ന നിവാരണം" എന്ന് വിളിക്കുന്ന ഒരു മാർഗ്ഗമേയുള്ളുവെന്ന് ചിലർ ചിന്തിച്ചേക്കാം: അതായത്, "എന്റെ അഭിപ്രായത്തോട് യോജിക്കുന്നില്ലെങ്കിൽ ഞാൻ ഇവിടം വിട്ടു പോകും" എന്ന പ്രതികരണം.[78] റോമാ സഭയിലെ ആരോ ഒരാൾ ഇങ്ങനെ അഭിപ്രായം പ്രകടിപ്പിക്കുന്നത് എനിക്ക് അനുമാനിക്കുവാൻ കഴിയും: "മാംസം കഴിക്കുന്നതിനെക്കുറിച്ചും ദിവസങ്ങൾ പ്രമാണിക്കുന്നതിനെ ക്കുറിച്ചും നമുക്ക് ഒരു അഭിപ്രായ ഐക്യത്തിലെത്തിച്ചേരുന്നതിന് സാധിക്കാത്ത തിനാൽ, മുൻപോട്ടു പോകുവാനുള്ള മാർഗ്ഗം, പല വിഭാഗങ്ങളായി തിരിക്കുക എന്നതാണ്. എന്തുകൊണ്ട് നമുക്ക് മാംസം കഴിക്കുന്നവരുടെയും മാംസം കഴിക്കാത്തവരുടെയും വ്യത്യസ്ത കൂട്ടായ്മകളായി തിരിച്ചു കൂടാ? ദിവസങ്ങളെ പാലിക്കുന്നവരുടെയും അവയെ പാലിക്കാത്തവരുടെയും കൂട്ടായ്മകൾ കൂടി നമുക്ക് ആരംഭിക്കാം." എന്നാൽ പൗലൊസിന്റെ പരിഹാര മാർഗ്ഗം ഇതല്ലായിരുന്നു. വ്യത്യസ്ത അഭിപ്രായങ്ങളുണ്ടെങ്കിലും ഐക്യത്തോടെ മുൻപോട്ടേക്ക് പോകുന്നതിന്, സ്വയത്തെ പ്രസാദിപ്പിക്കുന്നതിനേക്കാൾ മറ്റുള്ളവരെ "പ്രസാദി പ്പിക്കുന്നതിന്" പഠിക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പരിഹാര മാർഗ്ഗം. അപ്പോൾ, "ഒരേ വായിനാൽ" നമുക്ക് "ദൈവത്തെ മഹത്വീകരിക്കാം"!

## പൗലൊസിന്റെ ജാതികളുടെ ഇടയിലെ ശുശ്രൂഷ (15:14-33)

ഇനി പറയുന്ന വിധത്തിൽ തരം തിരിച്ചു കൊണ്ട് നമുക്ക് പൗലൊസിന്റെ ജാതിയ ശുശ്രൂഷയെ വികസിപ്പിക്കാം: ഉദ്ദേശ്യത്തിന്റെ വെളിപ്പാട് (15:14–22); പദ്ധതികളുടെ ഉരുവിടൽ (15:23–29); പ്രാർത്ഥനയ്ക്കായുള്ള അഭ്യർത്ഥന (15:30–33).

## ആശയ വിനിമയത്തിലെ കല (15:14-29)

ലോകത്ത് ഇന്നത്തെ ഏറ്റവും വലിയ ആവശ്യകത മികച്ച രീതിയിൽ ആശയ വിനിമയം ചെയ്യുകയെന്നുള്ളതാണ്. വിവാഹിതരായ ദമ്പതികൾ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: "എന്റെ പങ്കാളി എന്നോട് ആശയ വിനിമയം ചെയ്യുന്നില്ല." തങ്ങളുടെ കുട്ടികളോട് മികച്ച രീതിയിൽ ആശയ വിനിമയം ചെയ്യുന്നതിന് ആഗ്രഹിക്കുന്ന മാതാപിതാക്കളെ എനിക്ക് അറിയാം. തൊഴിൽ ദാതാക്കൾ എന്താണ് തങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന് യഥാർത്ഥത്തിൽ അറിയില്ല എന്ന് ജീവനക്കാർ പരാതിപ്പെടുന്നു. ഒരു സഭാ കൂട്ടായ്മകളിലെ അംഗങ്ങൾ ഇങ്ങനെ പറയുന്നു: "സഭാ നേതൃത്വം ഞങ്ങളോട് കൂടുതൽ മികവോടെ ആശയ വിനിമയം നടത്തിയിരുന്നുവെങ്കിലെന്ന് ഞങ്ങൾ ആശിക്കുന്നു."

"ആശയ വിനിമയം ചെയ്യുക" എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള ആംഗ

ലേയ പദം വരുന്നത് ‘‘പൊതുവായി ഉണ്ടായിരിക്കുക’’ എന്ന് അടിസ്ഥാനപരമായ അർത്ഥമാക്കുന്ന ലാറ്റിൻ പദത്തിൽ നിന്നാണ്. ഇതിന്റെ ഗ്രീക്ക് ഭാഷയിലെ തത്തുല്യ പദം, κοινωνία (*koinōnia*) എന്നതാണ്. ഇതിന്റെ വകഭേദങ്ങൾ റോമർ 15:14–29-ൽ കാണുന്നു (വാക്യം 26-ൽ ഇതിന് ‘‘സംഭാവന’’ എന്നും വാക്യം 27-ൽ ‘‘പങ്കിടുക’’ എന്നും അർത്ഥമാക്കപ്പെട്ടിരിക്കുന്നു). ഇന്ന് വാക്കുകളിലൂടെയുള്ള പങ്കു വെക്കൽ സൂചിപ്പിക്കുന്നതിനായി ‘‘ആശയവിനിമയം’’ എന്ന് അർത്ഥം വരുന്ന വാക്ക് ഉപയോഗിക്കുന്നു. വാക്കുകളിലൂടെയുള്ള ഫലപ്രദമായ ആശയവിനിമയം ചിന്തകൾ പങ്കിടുന്നതിലേക്ക് – ചിന്തകൾ ‘‘പൊതുവായി’’ തീരുന്നതിലേക്ക് – നയിക്കുന്നു. ഈയൊരു മാർഗ്ഗത്തിലൂടെ മാത്രമേ, മറ്റൊരാൾ ചിന്തിക്കുന്നതെന്താണെന്ന് നാം മനസ്സിലാക്കുകയുള്ളു.

ഈ വചന ഭാഗം എഴുതുമ്പോൾ, റോമിലുള്ള ക്രിസ്തീയ വിശ്വാസികളുമായി ചില നിശ്ചിത വിവരങ്ങൾ പൗലൊസ് പങ്കു വെക്കുകയായിരുന്നു. പൗലൊസ് തന്റെ വായനക്കാരുമായി ആശയ വിനിമയം നടത്തുന്നത് കാണുമ്പോൾ, ആശയ വിനിമയമെന്ന കലയെക്കുറിച്ച് നമുക്ക് ചിലത് പഠിക്കുവാൻ സാധിക്കും.

ആശയ വിനിമയം സംബന്ധിച്ച് ഏറ്റവും ആദ്യം നാം പഠിക്കേണ്ട പാഠം, *ഒരു വ്യക്തിയെ വാക്കുകളിലൂടെ അഭിനന്ദിക്കുന്നതിന്റെ പ്രാധാന്യമാണ്*. നല്ല പ്രവർത്തികളെ വിലമതിക്കാതിരിക്കുന്നതിന് എളുപ്പമാണ്. തന്റെ സഹവിശ്വാസി കളുടെ കഴിവുകളെ പൗലൊസ് കണ്ടെത്തുകയും ആ ഗുണങ്ങളെ പ്രശംസിക്കു കയും ചെയ്യുന്നതിന് പൗലൊസ് മടി കാട്ടിയില്ല. റോമാ ലേഖനത്തിന്റെ തന്റെ വായനക്കാരോട് പൗലൊസ് പറഞ്ഞു: ‘‘നിങ്ങൾ തന്നേ ദയാപൂർണ്ണരും സകല ജ്ഞാനവും നിറഞ്ഞവരും അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും’’ ആകുന്നു (15:14). അദ്ദേഹത്തിന്റെ ഭൂരിഭാഗം ലേഖനങ്ങളുടെ മുഖവുരകളിലും പ്രശംസാ വചനങ്ങൾ ഉൾക്കൊണ്ടിരുന്നു. മറ്റുള്ളവരിലെ ധനാത്മകമായ ഗുണങ്ങൾ കാണുന്നതിന് നാം പഠിക്കേണ്ടിയിരിക്കുന്നു. അപ്പോൾ നാം ഇങ്ങനെ പറയുവാൻ പഠിക്കും, ‘‘ഞാൻ താങ്കളെ ഇഷ്ടപ്പെടുന്നു. ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.’’

നിങ്ങൾ മറ്റുള്ളവരുമായി ആശയ വിനിമയം ചെയ്യുമ്പോൾ, *നിങ്ങൾ ചെയ്തത് എന്താണെന്ന് പറയുന്നതിന് പരാമർശിക്കുന്നതിൽ* തെറ്റില്ല. എന്നാൽ, ഏത് വിധത്തിലുമുള്ള വിജയത്തിനും ദൈവത്തിനു മഹത്വം നൽകുന്നതിന് ഒരിക്കലും പരാജയപ്പെടരുത്. യെരൂശലേം മുതൽ ഇല്ല്യൂര്യ ദേശം വരെ സുവിശേഷം പ്രസംഗിച്ചുവന്ന പൗലൊസ് നമ്മോട് പറയുന്നുവെങ്കിലും തന്നിലൂടെ ക്രിസ്തുവാണ് ഈ കാര്യങ്ങൾ ചെയ്തെടുത്തത് എന്ന് അദ്ദേഹം വിശദീകരണം നൽകുന്നുമുണ്ട് (15:15–19). ഈ വിധത്തിൽ, താൻ എന്തു ചെയ്യുകയായിരുന്നുവെന്നത് പൗലൊസ് വായനക്കാരുമായി പങ്കു വെച്ചു. ഇത് ആശയ വിനിമയത്തിലെ പ്രധാനപ്പെട്ട ഒരു ഘടകമാണ്.

ആശയ വിനിമയം ആഴത്തിലായിത്തീരുമ്പോൾ, അതിൽ നാം എന്താണ് ചെയ്തത് എന്നത് മാത്രമല്ല അത് *ചെയ്തതിന്റെ ഉദ്ദേശ്യം എന്തായിരുന്നുവെന്നതു* കൂടി അതിൽ ഉൾപ്പെടും. പുതിയ സ്ഥലങ്ങളിൽ സുവിശേഷം പ്രസംഗിക്കുന്ന തന്റെ രീതിയെക്കുറിച്ചുള്ള പൗലൊസിന്റെ വിശദീകരണം ‘‘മറ്റൊരുവന്റെ അടിസ്ഥാനത്തിൽ പണിയാതിരിക്കുവാൻ’’ എന്നാണ് (15:20–22).

ഉത്തമമായ ആശയ വിനിമയത്തിൽ *ഭാവി പദ്ധതികളെക്കുറിച്ചും ലക്ഷ്യങ്ങളെ ക്കുറിച്ചും സ്വപ്നങ്ങളെക്കുറിച്ചും* പങ്കു വെക്കുന്നതും

ഉൾപ്പെടുന്നു. സ്പാന്യ (സ്പെയിൻ) - യിലേക്കുള്ള യാത്രാ മദ്ധ്യേ റോം സന്ദർശിക്കുന്നതിനുള്ള തന്റെ പദ്ധതിയെക്കുറിച്ച് പൗലൊസ് തന്റെ വായനക്കാരുമായി പങ്കു വെക്കുന്നുണ്ട്. അങ്ങനെ ചെയ്യുന്നതിനിടയിൽ, അവർ എങ്ങനെയാണ് തന്റെ പദ്ധതികളുടെ ഭാഗഭാക്കാവുന്നത് എന്നും പങ്കു വെച്ചു. തന്റെ സുവിശേഷ ദൗത്യത്തിന് സാമ്പത്തികമായി അവർ സഹായിക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു (15:23-29).

*ഉപസംഹാരം.* റോമിലെ ക്രിസ്തീയ വിശ്വാസികളുമായി ആശയ വിനിമയം പുലർത്തുന്നതിനുള്ള പൗലൊസിന്റെ ആഗ്രഹം അത്ഭുതകരമാണ്. തന്റെ ആശയ വിനിമയത്തിലൂടെ കൈവരിക്കുന്നതിന് പൗലൊസ് ആഗ്രഹിച്ചത് യഥാർത്ഥത്തിൽ അദ്ദേഹം കൈവരിച്ചുവോ? നമുക്ക് അറിയില്ല. മികച്ച ആശയ വിനിമയം നടക്കുന്നതിന് ഉത്തമരായ ''സ്വീകർത്താക്കളും'', ഉത്തമനായ ''അയയ്ക്കുന്ന വ്യക്തിയും'' ഉണ്ടാകേണ്ടത് ആവശ്യമാണ്. ഏറ്റവും കുറഞ്ഞപക്ഷം പൗലൊസ് ശ്രമിച്ചു നോക്കിയെന്ന് നമുക്ക് പറയുന്നതിന് കഴിയും. ഇതാല്യ (ഇറ്റലി) യിൽ അദ്ദേഹം എത്തിയപ്പോൾ റോമിലെ വിശ്വാസികൾ അദ്ദേഹത്തെ സ്വാഗതം ചെയ്തുവെന്ന് നമുക്ക് അറിയാം (പ്രവൃ. 28:14, 15).

ഇന്ന് നമ്മുടെ സമൂഹത്തിലും കുടുംബങ്ങളിലും വൈവാഹിക ബന്ധങ്ങളിലും സഭകളിലും അത്യന്താപേക്ഷതമായ മികച്ച ആശയ വിനിമയത്തിന്റെ ആവശ്യകതയുണ്ട്. ഏറ്റവുമധികം ഉദ്ധരിക്കപ്പെട്ടിട്ടുള്ള ചലച്ചിത്ര സംഭാഷണ ശകലം കൂൾ *ഹാൻഡ് ലൂക്ക്* എന്ന ചലച്ചിത്രത്തിലേതാണ്. പരിഹാസമുതിർക്കുന്ന ഒരു ജയിൽ വാർഡൻ മുഖ്യ കഥാപാത്രത്തോട് പറയുന്നതിങ്ങനെയാണ്, ''നമുക്ക് ഇവിടെയുള്ളത് ആശയ വിനിമയം ചെയ്യുന്നതിലെ പരാജയമാണ്.''[79] നിങ്ങളുടെ വ്യക്തി ബന്ധങ്ങളിൽ നിങ്ങൾ പ്രശ്നങ്ങൾ അഭിമുഖീകരിക്കുമ്പോൾ, ''ആശയ വിനിമയം ചെയ്യുന്നതിലെ പരാജയം'' മൂലം അത് സംഭവിക്കുന്നതിന് നിങ്ങൾ സമ്മതിക്കരുത്.

## പൗലൊസിന്റെ ശുശ്രൂഷ (15:14-22)

ജോൺ ആർ. ഡബ്ല്യു. സ്റ്റോട്ട് 15:14-22 ചർച്ച ചെയ്യുന്നതിനായി പൗലൊസിന്റെ ശുശ്രൂഷയുടെ മുഖ്യതന്തു ഉപയോഗിച്ചു. 15:14, 15 ഒരു മുഖവുരയായി ഉപയോഗിച്ചതിന് ശേഷം, അദ്ദേഹം മൂന്ന് വിഭാഗങ്ങൾ അവതരിപ്പിക്കുന്നു: അദ്ദേഹത്തിന്റെ പുരോഹിത ശുശ്രൂഷ (15:16, 17), അദ്ദേഹത്തിന്റെ ശക്തമായ ശുശ്രൂഷ (15:18, 19a), അദ്ദേഹത്തിന്റെ അഗ്രഗണ്യ ശുശ്രൂഷ (15:19b-22).[80]

## ''മറുപടി ലഭിക്കാത്ത പ്രാർത്ഥനകൾ'' (15:30-33)

1990-ൽ, ''ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകൾ''[81] എന്ന ശീർഷകത്തിൽ ഒരു ഗാനം പുറത്തിറക്കി. ആ ഗാനത്തിലടങ്ങിയിരുന്ന കഥ, ഒരു പ്രത്യേക പെൺകുട്ടിയെ തന്റെ ഭാര്യയായി ലഭിക്കുന്നതിന് തീക്ഷ്ണതയോടെ പ്രാർത്ഥിച്ച ഒരു യുവാവിനെക്കുറിച്ചായിരുന്നു. എന്നാൽ യുവാവിന്റെ ആഗ്രഹം സഫലീകൃതമാകുന്നില്ല. പിന്നീട് ജീവിതത്തിന്റെ മറ്റൊരു വേളയിൽ അയാൾ ആ പെൺകുട്ടിയെ കണ്ടു മുട്ടുകയും അവളെ വിവാഹം ചെയ്തിരുന്നുവെങ്കിൽ അത് ഒരു അബദ്ധമായിത്തീരുകയും ചെയ്യുമായിരുന്നുവെന്ന് അയാൾ തിരിച്ചറിയുകയും ചെയ്യുന്നു. ആ ഗാനം സമാപിക്കുന്നതിങ്ങനെയാണ്. ''ദൈവത്തിന്റെ ഏറ്റവും വലിയ ദാനങ്ങളിലൊന്ന് ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകളാണ്.'' ദൈവത്തെയും പ്രാർത്ഥനയേയും കുറിച്ച് ഒരു കൺട്രി-വെസ്റ്റേൺ താരം ഈ ഗാനം

ആലപിച്ചുവെന്ന വസ്തുതയെ പ്രശംസിക്കുന്നുവെങ്കിലും ആ ഗാനം പ്രസ്താവിക്കുന്ന ദൈവ ശാസ്ത്രത്തിൽ ചില കുറവുകളുണ്ട്. ആ യുവാവിന്റെ പ്രാർത്ഥ നയ്ക്ക് ദൈവം ഉത്തരം നൽകുക തന്നെ ചെയ്തു. അവിടുത്തെ ഉത്തരം "അല്ല" എന്നായിരുന്നുവെന്നു മാത്രം. ദൈവം തന്റെ മക്കളുടെ പ്രാർത്ഥനകൾക്ക് എപ്പോഴും ഉത്തരം നൽകുന്നു.[82] എങ്കിലും, ദൈവം എപ്പോഴും "അതേ" അല്ലെങ്കിൽ "ഉണ്ട്" എന്ന് ഉത്തരം നൽകാറില്ല. ചിലപ്പോൾ അവിടുത്തെ മറുപടി "ഇല്ല" എന്നോ "അൽപ്പം കാത്തിരിക്കൂ" എന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും അനുയുക്തമായ മറുപടിയോ ആയിരിക്കാം. നാം ആഗ്രഹിക്കുന്ന വിധത്തിൽ ദൈവം എപ്പോഴും നമുക്ക് ഉത്തരം നൽകിയേക്കില്ല; എന്നാൽ മറുപടി നൽകുമെന്ന് നമുക്ക് ഉറപ്പായും പറയാം - ദൈവം പൗലൊസിന് നൽകിയത് പോലെയുള്ള മറുപടി പോലെയാ ണെങ്കിൽക്കൂടിയും: "ശരി, അങ്ങനെയാകട്ടെ, എന്നാൽ." അപ്പോസ്തലൻ ആത്യന്തികമായി റോമിലേക്ക് യാത്ര ചെയ്തു. എന്നാൽ ഒരു തടവുകാരനെന്ന നിലയിലായിരുന്നുവെന്നു മാത്രം.

പൗലൊസ് ദൈവത്തിന്റെ ആ മറുപടിയിൽ തൃപ്തനായിരുന്നുവോ? വാക്യം 32-ലെ "ദൈവേഷ്ടം" എന്ന വാക്ക് വിട്ടു പോകരുത്: "ഇങ്ങനെ ഞാൻ ദൈവേഷ്ടത്താൽ സന്തോഷത്തോടെ നിങ്ങളുടെ അടുക്കൽ വന്നു നിങ്ങളോടുകൂടെ മനം തണുക്കേണ്ടതിന്നും നിങ്ങൾ എനിക്കു വേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടുകൂടെ പോരാടേണം." തന്റെ സ്വന്തം ഇച്ഛകൾക്ക് മുകളിൽ ദൈവത്തിന്റെ ഹിതത്തെ സ്ഥാപിക്കുന്നതിന് പൗലൊസ് എപ്പോഴും തയ്യാറായിരുന്നു (കാണുക 1:10; 1 കൊരി. 4:19). സ്റ്റോട്ട് ഇങ്ങനെ എഴുതി, "പ്രാർത്ഥനയുടെ ഉദ്ദേശ്യം ... ദൈവത്തിന്റെ ഇഷ്ടം നമ്മുടെ ഇഷ്ടങ്ങൾക്ക് അനുസൃതമായി തിരിക്കുകയല്ല, മറിച്ച് നമ്മുടെ ഇച്ഛ അവിടുത്തെ ഹിതവുമായി കൂട്ടിയിണക്കുകയാണ്."[83]

"ഉത്തരം ലഭിക്കാത്ത പ്രാർത്ഥനകൾ" എന്ന ഗാനത്തിന്റെ രചയിതാക്കൾ ഒരു പക്ഷേ ശരിയായ പദപ്രയോഗം നടത്തിയില്ലായിരുന്നിരിക്കാം. എന്നാൽ അവർ അവതരിപ്പിച്ച അടിസ്ഥാനപരമായ ആശയം ശരിയായിരുന്നു. ഏറ്റവും മഹത്തരമായ അനുഗ്രഹങ്ങളിൽ ചിലത് ദൈവം നൽകുന്നത് അവിടുന്ന് നമ്മുടെ പ്രാർത്ഥനകൾക്ക് "ഇല്ല" - അല്ലെങ്കിൽ "ശരി, അങ്ങനെയാകട്ടെ എന്നാൽ ..." എന്ന് പോലും ഉത്തരം നൽകുമ്പോഴാണ്.

---

കുറിപ്പുകൾ

[1]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 455. [2]Ibid., 52. [3]Perhaps Paul used the generic term "neighbor" to indicate that the principles here can have wider application than just to the issue under discussion. [4]Paul did not explain here *how* to "edify" (build up) a "weak" brother. One essential is to give him patient, loving instruction as his understanding grows. [5]Early Christians considered Psalm 69 a messianic psalm. It is quoted in several other passages (Jn. 2:17; 15:25; Acts 1:20; Rom. 11:9, 10). [6]Adapted from Charles Hodge, *Romans*, The Crossway Classic Commentaries (Wheaton, Ill.: Crossway Books, 1993), 378. [7]The Greek text has simply "the God of perseverance and encouragement." This could refer to characteristics of God (the God who perseveres and encourages), but the context better fits the idea that these are blessings God gives us. [8]The AB and the MSG also use the word "harmony" in verse 5. [9]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 502. [10]Many translations have "you" instead of "us." Bruce M. Metzger wrote, "The reading ὑμᾶς [*humas*, plural "you"], which has superior and more diversified support than the reading ἡμᾶς [*hēmas*, "us"], is in harmony

with the other instances of the second person plural in the context (verses 5–7)" (Bruce M. Metzger, *A Textual Commentary on the Greek New Testament*, 2d ed. [New York: United Bible Societies, 1994], 473). The meaning of the passage is basically the same whether "us" or "you" is used.

[11]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 1030. [12]For the most part, the passages are from the Greek translation of the Old Testament (the LXX). [13]See 2 Sam. 22:50. [14]"Sing" is from ψάλλω (*psallō*), which in the New Testament means "to sing praises" (*The Analytical Greek Lexicon* [London: Samuel Bagster & Sons, 1971], 441). [15]Instead of "praise," several translations have "sing praises" or some-thing similar (NIV; JB; NCV). [16]Morris, 506. [17]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 419. [18]Bauer, 805. [19]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 176. [20]G. Fitzer, "*tolmaō*," in *Theological Dictionary of the New Testament*, ed. Gerhard Kittel and Gerhard Friedrich, trans. and abr. Geoffrey W. Bromiley (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 1183–84.

[21]Reminding is an important part of the work of a preacher or teacher, but it is also important to make reminders fresh and pertinent. One should try not to say the same things in the same way over and over again. [22]Paul performed many miracles (Acts 13:6–12; 14:3, 8–10; 16:16–18; 19:11, 12). [23]Vine, 682. [24]The province of Illyricum was roughly the area covered by Serbia and Montenegro (both formerly parts of Yugoslavia) and a portion of Albania. [25]Vine, 21. [26]Since 1966, the *Star Trek* series has presented science fiction stories about space travelers on a mission "to boldly go where no man has gone before." [27]Reuel Lemmons, "111,400,000 People and One Preacher," *Firm Foundation* (3 July 1956): 426. [28]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 385. [29]Bauer, 873. [30]"But now, I am going" indicates that his departure was imminent.

[31]"Contribution" is from κοινωνία (*koinōnia*). Giving money is one way we share in supporting the work of the Lord (see comments on 12:13). [32]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 283. [33]Macedonia and Achaia were the northern and southern provinces of Greece. Philippi and Thessalonica were cities in Macedonia; Corinth was a city in Achaia. [34]Among those who accompanied Paul when he took the gift to Jerusalem were two men from the province of Asia (Acts 20:4). One of these was from Ephesus (Acts 21:29). [35]Perhaps Paul was referring to the fact that the Gentiles were allowed to share in blessings originally promised to the Jews. Jewish rejection of the gospel resulted in the gospel being taken to Gentiles (see comments on 11:17, 30, 31). [36]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 497. [37]To use a common expression, Paul wanted to "seal the deal." [38]F. F. Bruce, *The Letter of Paul to the Romans*, 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 14. [39]Moo, 495. A well-known reference to Tarshish is Jonah 1:3. [40]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 3.

[41]Merrill C. Tenney, *New Testament Survey* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1961), 308. [42]"Fullness" is from πλήρωμα (*plērōma*). Again, this term carries no idea of "full number" (see comments on 11:25, 26a). [43]The KJV and the NKJV have "the gospel of Christ." [44]Paul often asked his readers to pray for him (2 Cor. 1:11; Eph. 6:19; Col. 4:3; 1 Thess. 5:25; 2 Thess. 3:1). [45]This is one of many verses in the New Testament that refer to all three members of the Godhead: God, Christ, and the Holy Spirit (see Mt. 3:16, 17; 28:19; Rom. 8:9, 11; 1 Cor. 12:4–7; 2 Cor. 13:14; Eph. 2:18; 4:4–6; 1 Pet. 1:2; Jude 20, 21). [46]Adapted from Moo, 490. [47]Barton, Veerman, and Wilson, 284. [48]Luke said little about the contribution in the account of Paul's travels and activities in Acts. [49]This suggestion posed physical and spiritual danger; but Paul, eager to be "all things to all men" (1 Cor. 9:22), agreed to it. A fuller explanation of this incident is given in David L. Roper, *Acts 15—28*, Truth for Today Commentary (Searcy, Ark.: Resource Publications, 2001), 283–89. [50]Instead of "disobedient," some translations have "unbelieving" or the equivalent; but the Greek word ἀπειθέω (*apeitheō*) means "disobedient." Once more, Paul showed the importance of having an obedient faith.

[51]Bell, 183. [52]Vine, 157. [53]See the discussion of citizenship in David L. Roper, 325–29, 333–37. [54]Hodge, 387. [55]*1 Clement* 5.7. [56]On his second missionary journey, Paul wanted to go to the province of Asia, but the Spirit would not allow it (Acts 16:6). Later, at the end of that journey, Paul briefly visited Ephesus in Asia (Acts 18:19–21). He returned to Ephesus on the third journey and worked there for a few years (Acts 19:1, 10). [57]Charles Sheldon, *In His Steps* (N.p., 1896; reprint, Nashville: Broadman Press, 1935). [58]In the 1990s, the question "What Would Jesus Do?" (abbreviated WWJD) became popular among religious teenagers in the US. However, most knew little or nothing about Sheldon's book. [59]This lesson is based on a lecture I presented at the Sixth Annual Fort Worth Lectures in 1983. [60]*Graphē* is the noun form. The verb form γράφω (*graphō*) is found more than 190 times in the New Testament and is generally translated as "write" or something similar.

[61]This is also true in the KJV. [62]H. E. Dana and R. E. Glaze, Jr., *Interpreting the New Testament* (Nashville: Broadman Press, 1961), 22. [63]In this method, the original intent of the writer is ignored. The message of the document is turned into "an allegory" that conveys some other message. This method says much about the thinking of the interpreter, but little about the intent of the original author. [64]Some Jews were embarrassed by the miraculous elements of the Old Testament. They "allegorized" those elements and made them "myths," hoping thereby to make God's Word "more palatable" to educated Greeks. Some today still try to "explain away" the miracles of the Bible. [65]Plymouth, a town in southeastern Massachusetts in the US, is located on Plymouth Bay. This was the site of the first permanent European settlement in New England. [66]In the original text, the phrase translated "Search the scriptures" in the KJV can be translated as imperative ("Search the Scriptures") or indicative ("You do search the Scriptures"). Earlier in this study, I used the passage in the indicative mood (quoting from the NASB); here I use it in the imperative mood (quoting from the KJV). [67]Dana and Glaze, 38. [68]"Hermeneutics" refers to the art and science of interpreting the Bible. [69]Eleanor L. Doan, "Read It Through," in *The Speaker's Sourcebook* (Grand Rapids, Mich.: Zondervan, 1962), 35. [70]The Dutch painter Vincent van Gogh was an impressionist. An "impressionist" painted his *impression* of a subject rather than an exact likeness.

[71]When Jesus died on the cross, "all" was "accomplished," and the Old Law was taken out of the way (Col. 2:14). Until that point in time, Jesus emphasized that no one had a right to violate any of the Law's precepts—not even Himself. [72]The Pharisees taught religious precepts from the Law, but they did not live by their own teaching. The NIV has "they do not practice what they preach." [73]The writer of Hebrews contrasted the two covenants (testaments) as the *first* covenant and the *second* covenant (Heb. 8:7). The second covenant, he designated the "new covenant" (Heb. 8:13) or "testament" (Heb. 9:15; KJV), indicating that the "first covenant" was old (Heb. 8:13). [74]McGuiggan, 412. [75]Moo, 471. [76]Ibid., 474. [77]Chris Bullard, "A Man with a Mission," sermon preached at Overland Park church of Christ, Overland Park, Kansas, 13 January 1991, cassette. [78]Dale Hartman, sermon on conflict resolution preached at Eastside church of Christ, Midwest City, Oklahoma, 28 March 2004. [79]Donn Pearce and Frank Pierson, *Cool Hand Luke*, directed by Stuart Rosenberg (Warner Brothers–Seven Arts, 1967). [80]Stott, 379–81.

[81]Pat Alger, Larry Bastian, and Garth Brooks, "Unanswered Prayers" (1990). [82]God always answers the prayers of His children, but there is no such promise regarding those who are not His children. [83]Stott, 389.